
# Trichur Archdiocesan Bulletin

സെപ്റ്റംബർ 2019
വാല്യം: 87 ലക്കം: 09
ESTD:1934




ലൂക്കാ 17: 11-19 (പത്തു കുഷ്ഠരോഗികൾ)

Estd. 1887
ARCHDIOCESE OF TRICHUR

TAB



2019 ആഗസ്റ്റ് 15നു
കൂദാശയും പ്രതിഷ്ഠാകർമ്മവും
നിർവഹിക്കപ്പെട്ട മുണ്ടത്തിക്കോട്
ക്രിസ്തുരാജ ഇടവക
ദൈവാലയവും അൾത്താരയും





Trichur Archdiocesan Bulletin TAB


**സെപ്റ്റംബർ 2019**

ലക്കം: 09 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*

Fr. Nysson Alanthanath
*Executive Editor*

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 20 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 24 |
| സഹായമെത്രാന്റെ പരിപാടികൾ | 26 |
| നാളാഗമം | 28 |
| നാമകരണ നടപടികൾ | 34 |
| സാമ്പത്തിക കാര്യാലയം | 36 |
| വൈദികർ | 37 |
| സന്യസ്തർ | 39 |
| പാസ്റ്ററൽ കൗൺസിൽ | 44 |
| അതിരൂപത തീർഥകേന്ദ്രം | 46 |
| മതബോധനം | 49 |
| സ്ഥാപനങ്ങൾ | 55 |
| സംഘടനകൾ | 79 |

Prot No: 2469/2019/S/ABP


Date: 14/Aug/2019

Order No:
1656/2019 C-10

# സർക്കുലർ

## 2020 ലെ അജപാലന പദ്ധതിയുടെ രൂപീകരണം

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത
മെത്രാപ്പോലീത്ത



**മിശിഹായിൽ സ്നേഹ ബഹു. വൈദികരെ, സമർപ്പിതരേ, സഹോദരീസഹോദരങ്ങളെ വത്സലമക്കളേ,**

നമ്മുടെ സംസ്ഥാനം വീണ്ടും പ്രളയകെടുതികളിലൂടെ കടന്നു പോകുകയാണല്ലോ. നമ്മുടെ അതിരൂപതയുടെ സാമൂഹ്യ ക്ഷേമ വിഭാഗമായ സാന്ത്വന ത്തിന്റെ നേതൃത്വത്തിൽ നട ക്കുന്ന ദുരിതാശ്വാസ പ്രവർത്തന ങ്ങളുമായി സഹകരിക്കുന്ന നിങ്ങൾക്കെല്ലാവർക്കും നന്ദി. നമ്മുടെ അതിരൂപതയിലെ ഇടവ കകളും, സന്ന്യാസ സമൂഹ ങ്ങളും, സ്ഥാപനങ്ങളും, സംഘ ടനകളും, പ്രസ്ഥാനങ്ങളും വിവി ധങ്ങളായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അകമഴിഞ്ഞ് പങ്കാ ളികളാകുകയും ചെയ്യുന്നുണ്ട്. സാമൂഹികമേഖലയിലെന്നതു പോലെ, നമ്മുടെ അതിരൂപത യുടെ ഇടവകകളിലും സ്ഥാപന ങ്ങലിലും ആസൂത്രണത്തിലും പങ്കാളിത്ത അജപാലനത്തിലും എല്ലാവരുടേയും സഹകരണം ആവശ്യമാണ്. ഇതിനു നമ്മെ

സഹായിക്കുന്നതാണ് അജപാലന പദ്ധതിയുടെ രൂപീകരണം.

'ക്രൈസ്തവകുടുംബം വിശ്വാസത്തിൻ സാക്ഷികളാകാൻ' എന്ന ലക്ഷ്യത്തോടെയായിരുന്നു നമ്മുടെ അതിരൂപതയുടെ മൂന്നാം അസംബ്ലി സമ്മേളിച്ചത് (2018 മെയ് 15 – 18). അസംബ്ലിയിലെ ചർച്ചകളുടെയും വിചിന്തനത്തിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2019 – 2023 വർഷങ്ങളിലേക്കുള്ള അജപാലനനയം രൂപീകരിച്ച് അജപാലനപദ്ധതിയും നാം തയ്യാറാക്കി. ക്രൈസ്തവകുടുംബങ്ങളെ വിശ്വാസസാക്ഷ്യത്തിന്റെ വേദികളാക്കാൻ കുടുംബകേന്ദ്രീകൃത–പങ്കാളിത്ത–സഹഗമന അജപാലന ശൈലി സ്വായത്തമാക്കണം എന്നതാണ് ഈ അജപാലനനയത്തിന്റെ കാതൽ. അതിരൂപതയുടെ ഈ അജപാലന നയം ഫലപ്രാപ്തിയിലെത്താൻ സഹായിക്കുന്ന ആദ്ധ്യാത്മികവും സാമൂഹികവും സാംസ്കാരികവുമായ പ്രവർത്തനങ്ങളെ സമയബന്ധിതമായും ക്രമമായും നടപ്പാക്കാൻ സഹായിക്കുന്നതാണ് അജപാലന പദ്ധതി. ഈ ചൈതന്യം ഉൾക്കൊണ്ട് ഓരോ ഇടവകയും സന്ന്യാസസമൂഹവും സ്ഥാപനവും പ്രസ്ഥാനവും സംഘടനയും അവരവരുടെ അജപാലനനയവും അജപാലനപദ്ധതിയും രൂപീകരിച്ച് നടപ്പിലാക്കുമ്പോഴാണ് നാം ഒരു കുടുംബമായ് വിശ്വാസസഭാസമൂഹമായ് കൂട്ടായ്മയിൽ വളരുക.

അതനുസരിച്ച്, **കുടുംബവും പ്രാർത്ഥനാജീവിതവും** എന്ന വിഷയമാണ് 2020 വർഷത്തിൽ അജപാലന പ്രവർത്തനങ്ങളുടെ അടിസ്ഥാന ദർശനമായി നമ്മുടെ അതിരൂപത തിരഞ്ഞെടുത്തിരിക്കുന്നത്. വിശ്വാസ–ആത്മീയ പരിശീലനത്തിന്റെ പ്രഥമവേദിയാണല്ലോ ഗാർഹിക സഭയായ കുടുംബം. ക്രൈസ്തവ കുടുംബങ്ങൾ വിശ്വാസത്തിന്റെ സാക്ഷികളാകണമെങ്കിൽ പ്രാർത്ഥനയിലും കൂദാശകളിലും തിരുവചനത്തിലും ജീവികാരുണ്യപ്രവർത്തനങ്ങളിലും അധിഷ്ഠിതമായ സഭാത്മക ആദ്ധ്യാത്മികത കുടുംബങ്ങളിൽ രൂപപ്പെടണം എന്നതിനാലാണ് അടുത്ത വർഷം (2020) ഈ വിഷയത്തിൽ സത്വര ശ്രദ്ധ നല്കാൻ നമ്മുടെ അതിരൂപത ആഗ്രഹിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് അതിരൂപത അജപാലന പദ്ധ

തിയിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങളെ പരമാവധി ഉൾക്കൊള്ളിച്ചുകൊണ്ടും തങ്ങളുടെ പ്രത്യേകമായ സാഹചര്യങ്ങളും ആവശ്യങ്ങളും സവിശേഷമായ കാരിസവും പരിഗണിച്ചുകൊണ്ടും വേണം അതിരൂപതയുടെ വിവിധ തലങ്ങളിൽ അജപാലനപദ്ധതി രൂപീകരിക്കുവാൻ. കുടുംബകൂട്ടായ്മകളുടെയും സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ ഇടവക പാക്ടിന്റെയും പള്ളിയോഗത്തിന്റെയും നേതൃത്വത്തിൽ ഇടവകകളിൽ അജപാലന പദ്ധതി രൂപീകരിക്കേണ്ടതാണ്. ബഹു. വികാരിയച്ചനും കൈക്കാരൻമാരും ഈ പ്രവർത്തനങ്ങളെ ശ്രദ്ധയോടെയും സ്നേഹത്തോടെയും നയിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുമല്ലോ.

അജപാലന പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും താഴെ പറയുന്ന പ്രവർത്തനങ്ങൾ ക്രമീകരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

1. **സെപ്തംബർ** മാസത്തിൽ **കുടുംബവും പ്രാർത്ഥനാജീവിതവും** എന്ന വിഷയത്തെക്കുറിച്ച് എല്ലാ കുടുംബകൂട്ടായ്മകളും സംഘടനകളും പ്രസ്ഥാനങ്ങളും ചർച്ച ചെയ്യണം. ഈ ചർച്ചകൾ എങ്ങനെ നയിക്കണം എന്ന് വിശദീകരിക്കുന്നതിനുവേണ്ടി ആഗസ്റ്റ് 25, സെപ്തംബർ 1 എന്നീ തിയ്യതികളിൽ ഫൊറോനതലത്തിൽ സംഘടിപ്പിക്കുന്ന സമ്മേളനങ്ങളിൽ ഇടവകയിലെ സംഘടനകളിലും പ്രസ്ഥാനങ്ങളിലും നിന്ന് ഒരാളെ വീതം പങ്കെടുപ്പിക്കുമല്ലോ.

2. **ഒക്ടോബർ** മാസത്തിൽ ഇടവക പാക്ട് സമ്മേളിച്ച് ഇടവകയുടെ അജപാലന പദ്ധതിയുടെ കരടുരൂപം തയ്യാറാക്കുക. കുടുംബകൂട്ടായ്മകളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടേയും അതിരൂപത അജപാലന പദ്ധതിയുടേയും വെളിച്ചത്തിലാണ് ഇടവക അജപാലന പദ്ധതി തയ്യാറാക്കേണ്ടത്.

3. **നവംബർ** മാസത്തിൽ പള്ളിപ്രതിനിധിയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടുക.

4. **ഡിസംബർ** മാസത്തിൽ ഇടവകയുടെ അജപാലന പദ്ധതി–2020 പ്രസിദ്ധീകരിക്കുകയും അതിരൂപത കാര്യാലയത്തിൽ ഒരു കോപ്പി നല്കുകയും ചെയ്യുക.

2020 ലെ വാർഷിക ധ്യാനത്തിന്റെ സമയത്ത് വാർഷിക അജപാലന പദ്ധതിയുടെ (2020) അവലോകനവും അതിരൂപത കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

അതിരൂപതയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും സഹകരിക്കുകയും ചെയ്യുന്ന നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുന്നു. ഫലപ്രദമായ അജപാലന പദ്ധതി തയ്യാറാക്കാനും നടപ്പിലാക്കാനും അങ്ങിനെ കൂട്ടയ്മയിലും കൂട്ടുത്തരവാദിത്തത്തിലും വളരാനും പരിശുദ്ധാത്മാവിന്റെ കൃപ നിങ്ങൾക്ക് സമൃദ്ധമായി ലഭിക്കട്ടെ. എല്ലാ പ്രവർത്തനങ്ങളേയും ഫലമണിയിക്കുന്ന കർത്താവിന്റെ സഹായം (1കൊറി. 3, 7) നമ്മുടെ അതിരൂപതയുടെ മദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ പ്രാർത്ഥനകൾ വഴി നമ്മെ ശക്തിപ്പെടുത്തട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,




**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കൽ 2019 ആഗസ്റ്റ് 25ന് അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വിശദീകരിക്കേണ്ടതാണ്. +AT

Ref.3219/K-5/KCBC/OL/DS
16 August 2019



# 2019-ലെ മഴക്കെടുതി സംബന്ധിച്ച് കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന

# സർക്കുലർ

ആർച്ചുബിഷപ്പ്
**എം. സൂസപാക്യം**
*പ്രസിഡന്റ്, കെസിബിസി*

യേശുവിൽ പ്രിയ സഹോദരരേ,

2019 ആഗസ്റ്റ് മാസം 5 മുതൽ കേരളത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായ കനത്തമഴയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മൂലം ഇക്കൊല്ലവും നമ്മൾ ദുരിതദിനങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വടക്കൻ ജില്ലകളെയും ഹൈറേഞ്ചുമേഖലയെയുമാണ് മഴക്കെടുതി തീവ്രമായി ബാധിച്ചത്. ഓഗസ്റ്റു 16 വരെ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട 108 പേരുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ഒലിച്ചുപോയവരിൽ മുപ്പത്തിയഞ്ചോളം പേരുടെ മൃതദേഹങ്ങൾ കണ്ടെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. ക്യാമ്പുകളിൽ കഴിയുന്ന രണ്ടു ലക്ഷത്തോളം ആളുകൾ ദുരിതങ്ങളുടെയും നഷ്ടങ്ങളുടെയും ഭാരം പേറുന്നവരാണ്. അവരിൽ പലർക്കും ഉറ്റവരും ഉടയവരും വീടുകളും കൃഷിയും ആടുമാടുകളും കൃഷിഭൂമിയുമുൾപ്പെടെ ജീവിതത്തിന്റെ

താശ്വാസ പ്രവർത്തനങ്ങളിലും സജീവമായി രംഗത്തുണ്ടായി. മത്സ്യത്തൊഴിലാളികളും യുവജനങ്ങളും വൈദികരും സന്ന്യസ്തരും ആരോഗ്യ പ്രവർത്തകരുമെല്ലാം സർക്കാർ സംവിധാനങ്ങളോടു കൈകോർത്തു. ജാതിമതഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളും സഹായഹസ്തങ്ങൾ നീട്ടിയത് ദുരിതബാധിതർക്ക് കുറെയെങ്കിലും ആശ്വാസം പകരുന്നതാണ്.

ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരെ ദൈവസന്നിധിയിൽ ഓർത്ത് പ്രാർത്ഥിക്കാം. വേർപാടിന്റെയും നഷ്ടങ്ങളുടെയും ഭാരവും വേദനയും പേറുന്നവരുടെ ആശ്വാസത്തിനും പുനരധിവാസത്തിനുമായി ആത്മാർത്ഥമായി സഹകരിക്കാം. ദുരിതമേഖലയിൽ കത്തോലിക്കാസഭയുടെ സാമൂഹ്യക്ഷേമവിഭാഗം സജീവമായിരുന്നു. കെ.സി.ബി.സി. സാമൂഹ്യക്ഷേമവിഭാഗം ചെയർമാൻ ആർച്ചുബിഷപ്പ് തോമസ് മാർ കുറിലോസും ദുരിത മേഖലയിലെ സഭാപിതാക്കന്മാരും കേരള സോഷ്യൽ സർവ്വീസ് ഫോറവും ബത്തേരി, കണ്ണൂർ, കോഴിക്കോട്, മാനന്തവാടി, പാലക്കാട്, തലശ്ശേരി, താമരശ്ശേരി തുടങ്ങിയ സോഷ്യൽസർവ്വീസ് സൊസൈറ്റികളുടെ ഭാരവാഹികളും അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. കെ.സി.ബി.സി. അടിയന്തരസഹായമായി 10 ലക്ഷം രൂപ അനുവദിച്ചു. കെ.സി.ബി.സി.യുടെ ദുരിതാശ്വാസ നിധിയിലേക്ക് ഉദാരമായി സംഭാവന നല്കാൻ എല്ലാ ഇടവകകളെയും രൂപതകളെയും സ്ഥാപനങ്ങളെയും സന്ന്യാസസമൂഹങ്ങളെയും ആഹ്വാനം ചെയ്യുന്നു.

2018-ലെ പ്രളയദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ട സമർപ്പണം 2019 ആഗസ്റ്റ് 5-ന് പി.ഒ.സി.യിൽ നടന്നു. കാരിത്താസ് ഇന്ത്യയടക്കം വിവിധ ഏജൻസികൾ ഇക്കാര്യത്തിൽ നമുക്ക് കൈത്താങ്ങായി . അൻപതിനായിരത്തോളം കുടുംബങ്ങളിൽ ചെറുതും വലുതുമായ സഹായമെത്തിക്കാൻ കേരളത്തിലെ കത്തോലിക്കാസഭയ്ക്കു കഴിഞ്ഞു. ഇതിന്റെ വിശദമായ റിപ്പോർട്ടും കണക്കും കേരളസോഷ്യൽ സർവ്വീസ് ഫോറം ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ നമ്മുടെ വിശ്വാസികൾ പുലർത്തിയ സഹോദരസ്നേഹവും സഹാനു

ഭൂതിയും മാതൃകാപരമായിരുന്നു.

ആഗസ്റ്റ് 25–ാം തീയതി പ്രാർത്ഥനാദിനമായി ആചരിക്കാനും അന്നത്തെ കാണിക്കയും സമാഹരിക്കാൻ കഴിയുന്ന മറ്റു സംഭാവനകളും ആഗസ്റ്റ് 31–നകം കെ.സി.ബി.സി.യുടെ അക്കൗണ്ടിൽ (Kerala Catholic Bishops' Council; A/c No.0423053000005221; IFSC: SIBL0000423; South Indian Bank Ltd., Vennala Branch) നിക്ഷേപിച്ച് വിവരം കെ.സി.ബി.സി. സെക്രട്ടറിയേറ്റിൽ (പി.ഒ.സി.) അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**ആർച്ചുബിഷപ് എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

**N.B.** 2019 ആഗസ്റ്റ് 18–ാം തീയ്യതിയോ ഏറ്റവും അടുത്ത സൗകര്യപ്രദമായ ദിവസമോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3208/K-5/KCBC/OL/DS
20.7.2019

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

**2019 ആഗസ്റ്റ് 18, ഞായർ**

**കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന**

# സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച നീതിഞായർ (ജസ്റ്റീസ് സൺഡേ) ആയി ആചരിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ തുല്യനീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവരോടുള്ള കത്തോലിക്കാസഭയുടെ ഐക്യദാർഢ്യം നവീകരിക്കുന്ന ദിവസമാണിത്. ഒരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടും ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിൽ ഉദാരമായി പങ്കുചേർന്നുകൊണ്ടും ഈ ദിനം കൂടുതൽ ഫലവത്താക്കാൻ നമുക്ക് പരിശ്രമിക്കാം.

തന്റെ നാമത്തെപ്രതി പീഡിപ്പിക്കപ്പെടുകയോ തരം താഴ്ത്തപ്പെടുകയോ ചെയ്യുന്നവരോട് യേശു പറഞ്ഞത് 'ആനന്ദിച്ച് ആഹ്ലാദി

ക്കുവിൻ' എന്നാണ്. ഈ വസ്തുത ഫ്രാൻസിസ് പാപ്പാ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന തന്റെ അപ്പസ്തോലികാഹ്വാനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു (നമ്പർ 1). നമ്മുടെ വിശ്വാസത്തെ പ്രതി ഈ ലോകത്തിൽ നമുക്കു നേരിടേണ്ടിവരുന്ന പ്രതികൂല അനുഭവങ്ങളുടെ മധ്യേ നമുക്കുണ്ടാകേണ്ട മനോഭാവം എന്തെന്ന് യേശുവിന്റെ ഈ വചനം നമ്മെ പഠിപ്പിക്കുന്നു. ലോകത്തുള്ള മറ്റെന്തിനെക്കാളും ഉപരിയായി ദൈവസ്നേഹത്തെ നാം വിലമതിക്കുകയാണെങ്കിൽ വിശുദ്ധ പൗലോസ് അപ്പസ്തോലനെപ്പോലെ നമുക്കും പറയാൻ കഴിയും: "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും?" (റോമ 8:35–39). സഹനങ്ങളുടെ മധ്യേയും യേശുവിന്റെ സ്നേഹം അനുഭവിച്ചുകൊണ്ട് ജീവിതത്തിൽ മുന്നേറുവാൻ നമുക്കു കഴിയും. യേശു അരുൾചെയ്തതുപോലെ 'ശത്രുക്കളെ സ്നേഹിക്കുകയും ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ചെയ്താൽ നമുക്കു സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരാം (മത്താ 5:43–48).

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വിവേചനത്തിനിരയായി വേദനയനുഭവിക്കുന്ന സഹോദരങ്ങളുടെ നേരെ കണ്ണുകളടയ്ക്കുവാൻ ഒരു ക്രിസ്തുവിശ്വാസിക്ക് കഴിയുകയില്ല. അവരുടെ സഹനങ്ങളിൽ പങ്കുചേരുകയും അവരുടെ ഉന്നമനത്തിനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യാൻ നമുക്കേവർക്കും കഴിയണം. പ്രത്യേകിച്ച്, അവരുടെ സഹനത്തിന്റെയും കഠിനാധ്വാനത്തിന്റെയും നല്ല ഫലങ്ങളനുഭവിക്കുന്നവർ അവരുടെ ക്ഷേമത്തിനായി സ്വയം ത്യാഗം ചെയ്യാനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും തയ്യാറാകണം.

സഭയ്ക്കുള്ളിൽ ജാതിവിവേചനത്തിന്റേതായ എല്ലാ സമീപനങ്ങളും പൂർണമായി ഒഴിവാക്കാനും സഭയിൽ പ്രത്യേക പരിഗണന നല്കി ദലിത് സഹോദരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ദലിത് ശക്തീകരണനയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഭാസമൂഹം ഒന്നിച്ച് പരിശ്രമിക്കണം. കേരള കത്തോലിക്കാ മെത്രാൻ സമിതി, ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) എന്ന പ്രസ്ഥാനത്തിലൂടെയാണ് ദലിത് സഹോദരങ്ങളുടെ സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹിക–രാഷ്ട്രീയ–സാംസ്കാരിക രംഗങ്ങളിലെല്ലാം ദലിത് ക്രൈസ്തവരുടെ പങ്കാളിത്തം വർധിക്കേണ്ടതുണ്ട്. ഭവനനിർമ്മാണം, വിദ്യാഭ്യാസപ്രോത്സാഹനം, നേതൃത്വ പരിശീലനം, കരിയർ ഗൈഡൻസ്, സർക്കാരുമായുള്ള

ബന്ധപ്പെടൽ തുടങ്ങിയ മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽക്കണ്ട് ദലിത് ക്രൈസ്തവ വിഷയങ്ങൾ ചർച്ച ചെയ്യുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ കോർപ്പറേഷനുമായി തുടർചർച്ചകൾ നടക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വിവിധ സന്ന്യസ്തസഭകളുടെയും ഭക്തസംഘടനകളുടെയും രൂപതകളുടെയും സഹായസഹകരണത്തോടെ ഭവനരഹിതരായ 300 ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 5,25,00,000 (അഞ്ചുകോടി ഇരുപത്തഞ്ചു ലക്ഷം) രൂപയും വിദ്യാഭ്യാസ സ്കോളർഷിപ്പായി കഴിഞ്ഞവർഷം 3,52,000 (മൂന്നു ലക്ഷത്തിഅൻപത്തിരണ്ടായിരും) രൂപയും ധനസഹായം നല്കിയിട്ടുണ്ട്. വരുംവർഷങ്ങളിൽ ഭവനനിർമ്മാണം, വിദ്യാഭ്യാസ സ്കോളർഷിപ്പ് കൂടാതെ Talent and Skill Development Program ഉം കലാവൈഭവമുള്ളവർക്ക് പ്രത്യേക പരിശീലനപരിപാടികളും ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾക്ക് വലിയ സാമ്പത്തിക സഹായം ആവശ്യമാണ്. ആഗസ്റ്റ് 18–ാംതീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച പൂർണമായും കെസിബിസി SC/ST/BC കമ്മീഷന് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ


**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

---

N.B: 2019 ആഗസ്റ്റ് 18–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3209/K-5/KCBC/OL/DS
20.7.2019



**2019 ആഗസ്റ്റ് 11 ഞായർ**

# തടവറ പ്രേഷിത ദിനം

കെ.സി.ബി.സി. ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ ഭാഗമായ ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ സഭാമക്കളുടെ പങ്കിനെപ്പറ്റി പ്രതിപാദിക്കുന്ന

# സർക്കുലർ

**കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

1887 മാർച്ച് 17–ന് പാരീസുകാരിയായ മരീ റെഗ്നോൾട്ട് അവളുടെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അവളുടെ കഴുത്ത് മുറിക്കപ്പെട്ടിരുന്നു. വാതിലിനടുത്ത് അവളുടെ വേലക്കാരിയായ അനീറ്റയുടെ മൃതദേഹം കിടന്നിരുന്നു. അവളുടെ കഴുത്തിനും മുറിവുണ്ടായിരുന്നു. അവളുടെ കിടക്കയിൽ വേലക്കാരിയുടെ മകൾ മരീയും മരിച്ചു കിടന്നിരുന്നു. ആഭരണങ്ങൾ മോഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ക്രൂരത കാണിച്ചതെന്ന് ന്യൂയോർക്ക് ടൈംസ് എന്ന പത്രം റിപ്പോർട്ട് ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ പോലീസ് കുറ്റവാളിയായ ഫ്രാൻസീനിയെ പിടികൂടി. അയാൾക്ക് മൂന്നു കൊലപാതകക്കുറ്റങ്ങൾക്കുള്ള വധശിക്ഷ വിധിക്കപ്പെട്ടു.

ഈ സംഭവം നടക്കുമ്പോൾ ലിസ്യുവിലെ കൊച്ചുത്രേസ്യയ്ക്ക് പതിനാലു വയസ്സേ ഉണ്ടായിരുന്നുള്ളൂ. എന്നാലും അതിൽ ഇടപെടാൻ താൻ നിർബന്ധിക്കപ്പെടുന്നതായി അവൾക്കു തോന്നി.

“ഒരാത്മാവിന്റെ കഥ” എന്ന ആത്മകഥയിൽ അവൾ ഇതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഫ്രാൻസീനി മനസ്തപിക്കാതെ മരിക്കുമെന്ന് അവൾക്കു തോന്നി. അയാളെ നരകത്തിൽ വീഴാതെ എന്തു വിലകൊടുത്തും രക്ഷിക്കണമെന്ന് അവൾ ആഗ്രഹിച്ചു. ഫ്രാൻസീനിയെ രക്ഷിക്കാൻ വേണ്ടി നമ്മുടെ കർത്താവിന്റെ അനന്ത യോഗ്യതകൾ അവൾ ദൈവത്തിനു കാഴ്ചവച്ചു. വിശുദ്ധ കുർബാനകൾ കാഴ്ചവച്ചു, പരിത്യാഗങ്ങൾ അനുഷ്ഠിച്ചു. 1887 സെപ്റ്റംബർ 1–ാം തീയതി പത്രത്തിൽ ഇങ്ങനെ വായിച്ചു: പ്രാൻസീനിയുടെ തല വധയന്ത്രത്തിൽ വയ്ക്കാൻ തുടങ്ങിയപ്പോൾ അയാൾ തിരിഞ്ഞ് പുരോഹിതൻ നീട്ടിപ്പിടിച്ച ക്രൂശിത രൂപത്തിൽ പിടിച്ച് തിരുമുറിവുകളെ മൂന്നു പ്രാവശ്യം ചുംബിച്ചു. “അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും” (ലൂക്കാ 15,7) എന്ന് പ്രഖ്യാപിക്കുന്ന യേശുവിന്റെ കരുണാപൂർവകമായ വചനം കേട്ട് അയാൾ ലോകം വിട്ടു പോയി.

തടവുകാരെ നിത്യനാശത്തിൽ നിന്നു സ്വതന്ത്രരാക്കാൻ കത്തോലിക്കരായ നമുക്ക് വിശുദ്ധ കൊച്ചുത്രേസ്യയ്ക്കെന്നപോലെ വലിയ ഉത്തരവാദിത്വമുണ്ട്. തടവുകാരുടെ ദയനീയ സ്ഥിതിയെപ്പറ്റി നാം ചിന്തിച്ചിട്ടുണ്ടോ? അവരുടെ സഹനം? അപമാനം? പ്രതീക്ഷയില്ലായ്മ? നിസ്സഹായമനോഭാവം? മനുഷ്യത്വത്തിനു യോജിക്കാത്ത അവസ്ഥകൾ? അവരുടെ കുടുംബങ്ങൾ? ഇരകളാക്കപ്പെട്ടവരും അവരുടെ കുടുംബങ്ങളും? മിക്കപ്പോഴും തടവറകൾ തിങ്ങിഞെരുങ്ങിയതും വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്തതും അനാരോഗ്യപരവും സാമ്പത്തിക പരിമിതികളാൽ ശോചനീയവുമായി കാണപ്പെടാറുണ്ട്. നാം എന്നെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ: അവർക്ക് ഒരു എഴുത്തയച്ചിട്ടുണ്ടോ? അവരെ സന്ദർശിച്ചിട്ടുണ്ടോ? ഇത് കർത്താവു തന്നെ പറഞ്ഞതാണ്: “ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചോ?” സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കസഭ തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായ വി. മാക്സ് മില്യൻ മരിയ കോൾബേയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14

നു മുൻപ് വരുന്ന ഞായറാഴ്ച തടവുകാർക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. യേശുസാഹോദര്യ ശുശ്രൂഷാ ഞായർ എന്നാണ് അത് അറിയപ്പെടുന്നത്.

ക്രിമിനൽ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ICPR) റിപ്പോർട്ട് അനുസരിച്ച് 2018 സെപ്റ്റംബർ 30–ന് ലോകത്തിൽ ഒരു കോടി ഏഴു ലക്ഷത്തിനാല്പത്തിമൂവായിരത്തി അറുനൂറ്റി പത്തൊമ്പത് തടവുകാരുണ്ട്. ഇന്ത്യയിൽ നാലു ലക്ഷത്തി പത്തൊമ്പതിനായിരത്തി അറുനൂറ്റി ഇരുപത്തിമൂന്ന് സഹോദരങ്ങൾ തടവറകളിലുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ സന്ദർശിക്കാനും അവരുടെ മോചനത്തിനുവേണ്ടിയുള്ള നിയമാനുസൃതമായ പ്രക്രിയയിൽ സഹായിക്കാനും അവരുടെ ജീവിത നവീകരണം പുനരധിവാസം, അവരുടെ കുടുംബങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കാനും നമുക്ക് കടമയുണ്ട്; എന്തെന്നാൽ തടവറക്കാർ നമ്മുടെ സഹോദരങ്ങളാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ (ഉത്1:27). കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗം ആളുകളും. അതു കുറെയൊക്കെ സാധൂകരിക്കാവുന്നതുമാണ്. കുറ്റങ്ങൾ കുറയ്ക്കാൻ അത് സഹായകരമാണെന്നു പൊതുവേ കരുതപ്പെടുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുവാൻ ഇടയാക്കുന്നു എന്ന് സമ്മതിക്കണം. ഈ സാഹചര്യത്തിൽ കുറ്റംചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണമെന്ന് തിരുസഭ സഭാമക്കളെ ഓർമ്മിപ്പിക്കുന്ന ദിനമാണിന്ന്. യേശു പ്രത്യേകമായ വിധത്തിൽ തടവറക്കാരെയും വേശ്യകളെയും ചുങ്കം പിരിക്കുന്നവരെയും കുറ്റവാളികളെയും സ്നേഹിക്കുകയും അവരെ രക്ഷിക്കാൻ തന്റെ രക്തം ചിന്തുകയും ചെയ്തു. അവിടുന്നു പറഞ്ഞു: “ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക” (മത്തായി 21:31). അവിടുന്ന് മത്തായിയുടെ ചുങ്കപ്പിരിവു കേന്ദ്രം സന്ദർശിക്കുകയും അദ്ദേഹത്തെ തന്റെ ശിഷ്യനാക്കുകയും ചെയ്തു. പാപികളുടെയും ചുങ്കക്കാരുടെയും കൂടെ ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ യേശു പറഞ്ഞു, താൻ നീതിമാന്മാരെ വിളിക്കാനല്ല പാപികളെ അനുതാപത്തിലേക്ക് വിളിക്കാനാണ് വന്നതെന്ന് (ലൂക്കാ 5:32). നസ്രത്തിലെ സിനഗോഗിൽ വച്ച് യേശു “ബന്ധനസ്ഥർക്ക് മോചനം പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു” എന്നും (ലൂക്കാ 4:18). താൻ വിശക്കുന്നവരിലും ദാഹിക്കുന്നവരിലും വിജാതീയരിലും ദരിദ്രരിലും രോഗികളിലും ബന്ധനസ്ഥരിലും ജീവിക്കുന്നു

എന്നും വെളിപ്പെടുത്തിയിരിക്കുന്നു (മത്തായി 25:31–46).
തടവറ ശുശ്രൂഷാ ഞായറാഴ്ചയുടെ 2019– ലെ പ്രമേയം " ഭിത്തികൾ തടവറകൾ സൃഷ്ടിക്കുന്നില്ല" എന്നതാണ്. റിച്ചാർഡ് പോളിന്റെ 'തടവറയിൽനിന്ന് അൾത്താരയിലേക്ക്' (From prison to the Altar) എന്നു പേരുള്ള കവിതയിൽ നിന്നാണ് ഈ ആപ്തവാക്യം എടുത്തിട്ടുള്ളത്. വെസ്റ്റ് മിനിസ്റ്റർ ആബിയുടെ അടുത്തുള്ള ഗെയ്റ്റ് ഹൗസ് പ്രിസൺ എന്ന ജയിലിൽ തടങ്കൽ വാസമനുഭവിക്കുമ്പോഴാണ് ഈ കവിത അദ്ദേഹം എഴുതിയത്. കരിങ്കൽ ഭിത്തികളും ഇരുമ്പഴികളും സ്വതന്ത്രമായ ശാരീരിക ചലനത്തിൽ നിന്ന് വ്യക്തികളെ തടയുന്നു. പക്ഷേ, ഇനിയും സ്വതന്ത്രമായി സ്നേഹിക്കാൻ കഴിയുമെങ്കിൽ അവരുടെ ചിന്തകൾ സ്വതന്ത്രമായി പറക്കുന്നു. അപ്പോൾ അവർ ഹൃദയത്തിലും മനസ്സിലും ആത്മാവിലും സ്വതന്ത്രരാണ്. ജയിൽവാസം ഒരുവന്റെ ചിന്തകളെയും ഭാവനയെയും സ്വപ്നങ്ങളെയും കാഴ്ചകളെയും, ഉൾക്കാഴ്ചകളെയും പദ്ധതികളെയും തടയുന്നില്ല. നിങ്ങൾക്ക് മനസ്സിന്റെ ശരിയായ ചട്ടക്കൂടുണ്ടെങ്കിൽ, നിങ്ങളുടെ മനസ്സ് നിഷ്കളങ്കവും പ്രശാന്തവുമാണെങ്കിൽ മറ്റുള്ളവർ തടവറയായി കാണുന്നതിനെ അഭയകേന്ദ്രമായി, ആശ്രയമായി കാണാനാവും. അവിടെ പരിഷ്കാരങ്ങളും ജീവിതനവീകരണങ്ങളുമുണ്ടാകും. എന്തെന്നാൽ, ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1:37).
പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2019 ജനുവരി 25–ന് പനാമയിലെ ലാസ് ഗർസാസ് ദെ പക്കോറാ എന്ന സ്ഥലത്ത് പ്രായപൂർത്തിയാവാത്തവരെ തടവിൽ പാർപ്പിക്കുന്ന കേന്ദ്രത്തിൽ നടത്തിയ അനുതാപ ലിറ്റർജിയിൽ പാപികളെയും കുറ്റക്കാരെയും അകറ്റിനിർത്താൻവേണ്ടി സമൂഹം അദൃശ്യഭിത്തികൾ നിർമ്മിക്കുന്നതിനെ അപലപിച്ചു. അദ്ദേഹം പ്രഭാഷണത്തിൽ ഇങ്ങനെ ആഹ്വാനം ചെയ്തു: "തിന്മയെ നന്മ കൊണ്ടും ദ്രോഹത്തെ ക്ഷമകൊണ്ടും കീഴടക്കാനും എല്ലാവരോടും സമാധാനത്തിൽ ജീവിക്കാനും വേണ്ടി ഭിത്തികൾ നിർമിക്കാതെ പാലങ്ങൾ നിർമ്മിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു." ലോകത്തിലെല്ലാം വധശിക്ഷ ഇല്ലാതാക്കാൻ ഫ്രാൻസിസ് പാപ്പാ പരിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തോട് ചേർന്നു നിൽക്കാം. കാരണം, വധശിക്ഷ മനുഷ്യത്വത്തെ ആക്രമിക്കലാണ്. ഇത്തരുണത്തിൽ ഭാരതത്തിൽ ഈ അടുത്തിടെ പാസ്സാക്കിയ വധശിക്ഷാനിയമം – കുഞ്ഞുങ്ങളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കുള്ള വധശിക്ഷാനിയമം – ഏറെ വേദനയോടെയാണ് കാണുന്നത്. കുഞ്ഞുങ്ങൾക്കും വെല്ലുവിളികൾ നേരിടുന്നവർക്കും എതിരേനടക്കുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾ തീർത്തും അപലനീയവും ഗൗരവമായ കുറ്റവും ആണ്. എന്നാൽ അതിന്റെ പേരിൽ കുറ്റക്കാരെ വധിക്കുന്ന നിയമം വീണ്ടും അപകടക

രവും മനുഷ്യത്വഹീനവുമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് പരിപോഷിപ്പിക്കപ്പെടുകതന്നെ വേണം.

യേശുസാഹോദര്യകൂട്ടായ്മയുടെ അഥവാ തടവറ പ്രേഷിത കൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 33 വർഷങ്ങളായി കേരളത്തിലെ 55– ഓളം വരുന്ന ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുകയും ചെയ്യുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ജയിൽ മോചിതരായവരെയും അവരുടെ മക്കളെയും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയ വരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 33 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽത്തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. 2550–ൽ പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990 –ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500–ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ

തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 33 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46ഓളം യൂണിറ്റുകളിലായി 1000 –ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റി യുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ്സ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**

*ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ*

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**

*വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ*

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**

*വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ*

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം*

---

N:B: 2019 ആഗസ്റ്റ് 11–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

സെപ്റ്റംബർ 2019

1 : **കൈത്താ ആറാം ഞായർ**
എട്ടുനോമ്പാരംഭം
5 : കൊൽക്കൊത്തയിലെ വി. തെരേസ
6 : ആദ്യവെള്ളി
വി. ശെമയോൻ ബർസബായും
സഹരക്തസാക്ഷികളും
7 : പരി. കന്യകാമറിയത്തിന്റെ പിറവിതിരുനാൾ
8 : **ഏലിയാ സ്ലീവ മൂശ ഒന്നാം ഞായർ**
13 : വി. ജോൺ ക്രിസോസ്തോം
14 : വി. കുരിശിന്റെ പുകഴ്ച
15 : **ഏലിയാ സ്ലീവ മൂശ രണ്ടാം ഞായർ**
21 : വി. മത്തായി ശ്ലീഹാ
22 : **ഏലിയാ സ്ലീവ മൂശ മൂന്നാം ഞായർ**
27 : വി. വിൻസെന്റ് ഡി പോൾ
28 : മാലാഖമാരായ വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ
29 : **ഏലിയാ സ്ലീവ മൂശ നാലാം ഞായർ**
30 : വി. ജെറോം

### 2. സെപ്തംബർ മാസത്തെ പരിപാടികൾ

| | | |
|---|---|---|
| 05 | : 10:00 am | സന്യസ്ത–സമർപ്പിത–വൈദികസമിതിയോഗം |
| 12 | : 10:30 am | ആലോചനസമിതി യോഗം |
| 13 | : 10.00 am | ഫൊറോന വികാരിമാരുടെ യോഗം |
| 14 | : 10:00 am | പാസ്റ്ററൽ കൗൺസിൽ യോഗം |
| 15–20 | : | വാർഷികധ്യാനം (ഒന്നാം ബാച്ച്) |
| 22–27 | : | വാർഷികധ്യാനം (രണ്ടാം ബാച്ച്) |



3. ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ

ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനും മുമ്പായി ഏലിയാ വരുമെന്നും വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രൂപാന്തരീകണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നുവെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്തരീകരണം അവിടുത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണല്ലോ. രൂപാന്തരപ്പെട്ട സമയത്ത് മൂശയും അവിടുത്തോടൊപ്പം ഉണ്ടായിരുന്നതായിരിക്കാം സ്ലീവ നടുവിൽ വരത്തക്കവിധം ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം. ലോകവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലങ്ങളിലെ പ്രധാനവിഷയങ്ങൾ. അതോടൊപ്പം പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, പാപത്തെ തുടച്ചുമാറ്റാനുള്ള ആഹ്വാനവും നമുക്കു നൽകുന്നു.

മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമധ്യത്തിൽ മഹത്വപൂർണ്ണനായി പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലഘട്ടത്തിൽ നാം പ്രത്യേകം അനുസ്മരിക്കുന്നുണ്ട്. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ രാജാവിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവും അദ്ദേഹത്തിന്റെ അമ്മയായ

ഹെലേനാ രാജ്ഞി കുരിശു കണ്ടെത്തിയ കാര്യവും ഈ കാലത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുന്നു. ചെങ്കടലിനു മീതെ തന്റെ വടി നീട്ടികൊണ്ട് മൂശ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ നല്ലൊരു വഴി കാട്ടിത്തന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മൂശ മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട് സ്ലീവാവഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം ഈ കാലങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വരാനിരിക്കുന്ന സ്വർഗ്ഗീയ സഭയുടെ ഒരു മുന്നാസ്വാദനംകൂടി ഇവിടെ നാം ദർശിക്കുന്നു.

4. **പാസ്റ്ററൽ കൗൺസിൽ :**

പാസ്റ്ററൽ കൗൺസിലിന്റെ സാധാരണയോഗം 2019 സെപ്തംബർ 14 ശനിയാഴ്ച നടത്തപ്പെടുന്നു. അംഗങ്ങളെല്ലാം പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

5. **പുതുതായി രൂപീകരിക്കുന്ന പ്രതിനിധിയോഗങ്ങൾക്ക്**

അതിരൂപതയിലെ ബ. വൈദികരുടേയും അൽമായ നേതാക്കളുടേയും നിർദ്ദേശം സ്വീകരിച്ച് പള്ളിയോഗങ്ങൾക്കുള്ള പരിശീലന പരിപാടി ക്രമീകരിച്ചിരിക്കുന്നു. അതിരൂപതയിലെ ഇടവകകളിൽ പുതുതായി രൂപീകരിക്കുന്ന എല്ലാ പ്രതിനിധിയോഗങ്ങളും പറോക്ക് അജപാലനഗവേഷണകേന്ദ്രം ഒരുക്കുന്ന പരിശീലന പരിപാടിയിൽ (രൂപീകൃതമായി 3 മാസത്തിനുള്ളിൽ) പങ്കെടുക്കേണ്ടതാണ്. പറോക്ക് അയക്കുന്ന വിവിധ വിഷയങ്ങളിൽ വിദഗ്ദരായവർ ക്ലാസുകൾ നയിക്കുന്നു. പള്ളിയോഗങ്ങളുടെ പ്രവർത്തനക്രമം, എങ്ങിനെ യോഗങ്ങൾ കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കാം?, ഇടവകയുടെ സാമ്പത്തിക ഭരണക്രമം എന്നീ വിഷയങ്ങളാണ് കോഴ്സിന്റെ ഉള്ളടക്കം. 4 മണിക്കൂർ ദൈർഘ്യമാണ് ഈ കോഴ്സിനുള്ളത്. ഇടവകയിലൊ മറ്റു സ്ഥലങ്ങളിലൊ നടത്താം. എല്ലാ പ്രതിനിധിയോഗാംഗങ്ങളും പങ്കെടുക്കുന്നുണ്ടെന്ന് ബഹു. വികാരിയച്ചൻമാർ ഉറപ്പുവരുത്തുമല്ലോ. പ്രതിനിധിയോഗങ്ങൾക്ക് അവയുടെ ദൗത്യം കാര്യക്ഷമമായി നടത്താൻ ഈ കോഴ്സ് സഹായകമാകും. ബ. വികാരിയച്ചൻമാർ സൗകര്യപ്രദമായ സമയത്ത് ഈ കോഴ്സ് ക്രമീകരിക്കേണ്ടതാണ്. കോഴ്സ് ബുക്ക് ചെയ്യാൻ അതിരൂപത കാര്യാലയത്തേയൊ മേരീമാത സെമിനാരിയിലെ പറോക്ക് സെന്ററിനേയൊ സമീപിക്കുക.

6. **അജപാലന പദ്ധതി 2020 ഇടവകയിൽ**

ഇടവകകളിൽ 2020 ലെ അജപാലന പദ്ധതിയുടെ ഒരുക്കം തുടങ്ങാനുള്ള സമയമായി. സപ്തംബർ മാസത്തിൽ എല്ലാ ഇടവകകളി

ലേയും കുടുംബക്കൂട്ടായ്മകളിലും സംഘടനകളിലും പ്രസ്ഥാനങ്ങളിലും കുടുംബവും പ്രാർത്ഥനാജീവിതവും എന്ന വിഷയം ചർച്ച ചെയ്ത് ഇടവകയിൽ നടപ്പാക്കാനുള്ള കർമ്മപരിപാടികൾ നിർദ്ദേശിക്കണം. അഭിവന്ദ്യ മെത്രാപ്പോലീത്തയുടെ ആഗസ്റ്റ് 25ൽ വായിക്കാൻ നല്കിയ സർക്കുലറിൽ വിശദാംശങ്ങൾ നല്കിയിട്ടുണ്ട്.

**7. വൈദികരുടെ നിയമനം:**

1. ഫാ. സിജോ ചെറുവത്തൂർ – അസി. വാർഡൻ & അസി. പ്രൊഫസർ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്; സാധുത 2019 ജൂലൈ 4 മുതൽ; ആക്ടിംഗ് വികാരി ചെറുതുരുത്തി; സാധുത 2019 ആഗസ്റ്റ് 1 മുതൽ.
2. ഫാ. റോയ്സൺ കൊള്ളന്നൂർ – അസി. ഡയറക്ടർ ഡി.ബി.സി.എൽ.സി., വിശ്വാസപരിശീലന കേന്ദ്രം, റിലീജിയസ് സ്റ്റാൾ കൂടി; സാധുത 2019 ജൂലൈ 25 മുതൽ.
3. ഫാ. നോബി മുളന്തറവയലിൽ SDV – സഹായി കൊഴുക്കുള്ളി ഒഴിവായി; സാധുത 2019 ആഗസ്റ്റ് 1 മുതൽ.
4. ഫാ. ജോസഫ് കണ്ണനായ്ക്കൽ SD- സഹായി കൊഴുക്കുള്ളി; സാധുത 2019 ആഗസ്റ്റ് 1 മുതൽ.
5. ഫാ. ജിന്റോ ചൂണ്ടൽ – അസി. ഡയറക്ടർ ബൈബിൾ പ്രേഷിതത്വം കൂടി; സാധുത 2019 ആഗസ്റ്റ് 1 മുതൽ.

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ–സിഞ്ചെല്ലൂസ്

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സെപ്റ്റംബർ മാസത്തെ പരിപാടികൾ

# SEPTEMBER 2019

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Morning | Parish Visits |
| 02 | Mon | | Engaged |
| 03 | Tue | Morning | Curia Meeting, **For Priests and Religious** |
| 04 | Wed | | Office Work & Prayer Day |
| 05 | Thu | Morning | Baptism of Fifth Child at Anjoor; Sanysta – Samarpitha - Vaitheeka Samithi Yogam |
| 06 | Fri | Morning | Curia Meeting, **For the People** |
| 07 | Sat | Morning | Baptism of Fifth Child at Orumanayoor, Kshema Vilasam Building Inauguration |
| 08 | Sun | | Pulakkattukara Church Blessing |
| 09 | Mon | Morning | Marriage at Koonamoochi |
| 10 | Tue | | Curia Meeting, Holy Communion & Confirmation at Chittattukara |
| 11 | Wed | Morning | Baptism at Irinjalakuda |
| | | Evening | Jubilee Mission Hospital Trust Meeting |
| 12 | Thu | Morning | Holy Mass at Minor Seminary, Consulters Meeting |
| | | Afternoon | Engaged |

| | | | |
|---|---|---|---|
| | | Evening | Olari Holy Mass & Thiruseshippu Prathishta |
| 13 | Fri | Morning | Curia Meeting, Forane Vicars' Meeting |
| 14 | Sat | Morning | Pastoral Council |
| | | Afternoon | Marriage at Lourde Cathedral |
| 15 | Sun | Morning | Ootu Thirunnal at Basilica |
| | | Afternoon | Nirmaladasi Mary Sadan Convent Blessing at Cherumkuzhy |
| 16 | Mon | | Priests' Annual Retreat |
| 17 | Tue | Morning | Curia Meeting |
| | | | Priests' Annual Retreat |
| 18 | Wed | | Priests' Annual Retreat |
| 19 | Thu | | Priests' Annual Retreat |
| 20 | Fri | | Mass at Amballur, Curia Meeting |
| 21 | Sat | Evening | Holy Mass at Kolengattukara |
| 22 | Sun | | Pastoral Visit - Vadanappilly |
| 23 | Mon | Morning | Priests' Annual Retreat |
| 24 | Tue | Morning | Curia Meeting, |
| | | | Priests' Annual Retreat |
| 25 | Wed | Morning | **Office Work & Prayer Day** |
| | | | Priests' Annual Retreat |
| 26 | Thu | Morning | HOLYMASS and Interview with CSC Novices at Kurkenchery |
| | | | Priests' Annual Retreat |
| 27 | Fri | Morning | Curia Meeting, Priests' Annual Retreat |
| 28 | Sat | Afternoon | Clelia Sisters Vestition & Jubilee at Chittissery |
| 29 | Sun | | Engaged |
| 30 | Mon | | Catholic Congress Global Meeting, Dubai |

# മാർ ടോണി നീലങ്കാവിൽ പിതാവിന്റെ സെപ്റ്റംബർ മാസത്തെ പരിപാടികൾ

## SEPTEMBER 2019

| Date | Day | Time | Description |
|---|---|---|---|
| 1. | Sun | | Kodanchery - Mass |
| 2 - 4 | | | Hyderabad |
| 5. | Thu | Morning | Sanysta – Samarpitha - Vaitheeka Samithi Yogam, Kuruvilagad - Mass |
| | | | Amballur - Mass |
| 6. | Fri | Morning | Curia Meeting |
| | Eve | | Visitors' time |
| 7. | Sat | Morning | Ponnukkara - Mass |
| | | Evening | Karumathara - Kooduthurackal |
| 8. | Sun | Morning | Vallachira - Presbytery Blessing |
| | | Evening | Panamuck - Silver Jubilee of Parish |
| 9. | Mon | Morning | Marymatha Exam |
| | | Afternoon | Family Apsotolate Duff & Dumb Meeting |
| | | Evening | Catholicasabha - Editorial Meeting |
| 10. | Tue | Morning | Engaged |
| | | Evening | Arimbur - Youth Meet |
| 11. | Wed | Evening | Mass - Assissi prayer team |
| | | | JMMC Trust Meeting |
| 12. | Thu | Morning | Consulters Meeting |
| | | Evening | For Priests and Religious |

| | | | |
|---|---|---|---|
| 13. | Fri | Morning | Curia Meeting, Forane Vicars' Meeting<br>Visitors' Time |
| 14. | Sat | Morning | Mundoor Nirmal Jyothy - Mass<br>Pastoral Council |
| | | Evening | Avinissery - Golden Jubilee of Parish |
| 15. | Sun | Morning | Chirackekkode - Silver Jubilee of Parish<br>Pulakkattukara - Festal Mass |
| | | Evening | Engaged |
| 16 - 30 | | | Rome |





# നാളാഗമം

## ജൂലൈ 2019

1. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ ഫൊറോനപള്ളിയിൽ കാവുങ്ങൽ സിജ–സോളി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അഭിവന്ദ്യ ടോണി പിതാവ് ഇടയസന്ദർശനത്തിന്റെ ഭാഗമായി മരത്താക്കര ഇടവകയിലെ രോഗികളെ സന്ദർശിച്ചു. ഉച്ചക്കുശേഷം അഭിവന്ദ്യപിതാക്കന്മാർ വൈദികസമിതിയോഗത്തിൽ സംബന്ധിച്ചു.

2 അഭിവന്ദ്യ താഴത്ത് പിതാവ് ഒളരി പീറ്റർ ക്ലാവർ മഠത്തിൽ സി. എലിസബത്തിന്റെ മൃതസംസ്കാര ശുശ്രൂഷ യിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് തലോർ ജീസസ് അക്കാദമി സ്കൂളിൽ ബിരുദദാന ചടങ്ങിൽ സംബന്ധിച്ചു. സാന്ത്വനം എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കൊക്കാല കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം ചൂണ്ടലിൽ സി. ക്രിസ്പസ് സി.എം.സി.യുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. അഭിവന്ദ്യപിതാക്കന്മാർ കൊച്ചച്ചന്മാരുള്ള വികാരിമാരുടെ യോഗത്തിൽ സംബന്ധിച്ചു.

3. അഭിവന്ദ്യ താഴത്ത് പിതാവ് പാലയൂരിൽ ദുക്റാന തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകീട്ട് മൈനർ സെമിനാരിയിൽ എക്യുമെനിക്കൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അത്താണി ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ഏങ്ങണ്ടിയൂർ തിരുനാൾ തിരുകർമ്മങ്ങൾക്ക് കാർമ്മികനായി. വൈകുന്നേരം മഞ്ഞക്കുന്ന് ഊട്ടുതിരുനാൾ തിരുകർമ്മങ്ങളിലും കാർമ്മികത്വം വഹിച്ചു.

4. അഭിവന്ദ്യ താഴത്ത് പിതാവ് മരത്താക്കര ഇടവകയിലെ ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ലൂർദ്ദ് കത്തീഡ്രൽ ഇടവകയുടെ നേതൃത്വത്തിൽ നെടുപുഴ ഇടവകയിൽ പണിത കാരുണ്യഭവനത്തിന്റെ താക്കോൽദാനം നിർവഹിച്ചു. ഗുരുവായൂരിൽ സി. അഗാപീറ്റ എഫ്.സി.സി.യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

5. അഭിവന്ദ്യ താഴത്ത് പിതാവ് മൗണ്ട് സെന്റ് തോമസിൽ നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

6. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

7. അഭിവന്ദ്യ താഴത്ത് പിതാവ് നെടുപുഴയിൽ ഇടയസന്ദർശനം നടത്തി.

8. അഭിവന്ദ്യ പിതാക്കന്മാർ സാമൂഹ്യ സ്ഥാപനങ്ങളുടെ ഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് യുവജനദിനത്തോടനുബന്ധിച്ച് കെ.സി.വൈ. എം. ലോഗോ പ്രകാശനം ചെയ്തു. ചേറൂർ ക്രൈസ്റ്റ് വില്ലയിൽ നെൽകൃഷി വിത്ത് വിതച്ച് ഉദ്ഘാടനം ചെയ്തു. വൈകീട്ട് അതിരൂപതാദിന സമാപനസമ്മേളനത്തിലും ജൂബിലി മിഷൻ ട്രസ്റ്റ് മീറ്റിംഗിലും പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മരത്താക്കര പ്രേഷിതാരാം കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വിദ്യാഭ്യാസ ഡയറക്ടർമാരുടെ യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

11. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് വിവിധ സംഘടന നേതാക്കളുടെ മീറ്റിംഗിലും ബൊൻ നത്താലെ ഒരുക്ക മീറ്റിംഗിലും പങ്കെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ബസിലിക്ക ഇടവകാംഗമായ ജേക്കബ് കണ്ടനാടന്റെ മൃതസംസ്കാര

ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. വൈകീട്ട് തോളൂർ ഇടവകയിൽ നവീകരിച്ച മദ്ബഹ വെഞ്ചരിച്ചു. അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ സെന്റ് മേരീസ് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാത മേജർ സെമിനാരിയിൽ ക്ലാസ്സെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് മറ്റം ഇടവകയിൽ ഡീ. മെഫിൻ കണ്ണനായ്ക്കലിന് വൈദികപട്ടം നൽകി. പുത്തൂർ ഇടവകയിൽ എം.എം. ബി. ബ്രദേഴ്സ് പണിതു കൊടുത്ത ഭവനവും മുല്ലശ്ശേരി ഗുഡ് ഷെപ്പേർഡ് സ്കൂളിന്റെ നവീകരിച്ച കെട്ടിടവും ആശീർവദിച്ചു. വൈകീട്ട് കരിസ്മാറ്റിക് ലീഡേഴ്സിന്റെ യോഗത്തിൽ സന്ദേശം നൽകി. മൈനർ സെമിനാരിയിൽ നടന്ന LOAFന്റെ യോഗത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആബാ ധ്യാനകേന്ദ്രത്തിൽ ജീസസ് യൂത്ത് അംഗങ്ങൾക്കായി വി. ബലിയർപ്പിച്ചു. വൈകുന്നേരം ഇടയസന്ദർശനത്തിനായി വെളപ്പായ ഇടവകയിലേക്കു പോയി.

14. അഭിവന്ദ്യ താഴത്ത് പിതാവ് ബ്രഹ്മകുളം ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകീട്ട് മുണ്ടൂർ പള്ളി നിർമ്മാണത്തോടനുബന്ധിച്ച് പണി കഴിപ്പിച്ച 8 കാരുണ്യ ഭവനങ്ങളുടെ താക്കോൽദാന ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വെളപ്പായ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

15. അഭിവന്ദ്യ താഴത്ത് പിതാവ് ചാഴൂർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ച 2 കാരുണ്യഭവനങ്ങൾ വെഞ്ചരിക്കുകയും ചെയ്തു. ഒന്നാം വർഷ വൈദികരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചകഴിഞ്ഞ് സ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു. വൈകീട്ട് സ്ഥിരം സിനഡിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വെളപ്പായ ഇടവകയിൽ രോഗീസന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് സെമിനാരി ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം പാലയൂരിൽ ഇടവകദിനം ഉദ്ഘാടനം ചെയ്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് കോലഴി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. പറപ്പൂർ പള്ളി നിർമ്മാണത്തോടനുബന്ധിച്ച് പണി കഴിച്ച 8 കാരുണ്യഭവനങ്ങളുടെ വെഞ്ചരിപ്പ് നിർവഹിച്ചു. സാഹിത്യ അക്കാദമിയിൽ വച്ച് നടന്ന കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രതിഷേധ യോഗത്തിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ദീപിക എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുത്തു. വൈകീട്ട് ഡി.ബി.സി.എൽ.സി. യിൽ നടന്ന ഓറിയന്റൽ

കാനൻ ലോ സൊസൈറ്റിയുടെ ജനറൽ ബോഡി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ തുടർപരിശീലന പരിപാടിയുടെ ഒന്നാം ബാച്ചിൽ ആമുഖസന്ദേശം നൽകി. ചൂണ്ടൽ മരീന ഹോമിൽ നടന്ന സി. അൽബർത്തീനയുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

18. അഭിവന്ദ്യ താഴത്ത് പിതാവ് ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഷെവ. എൻ.എ. ഔസേപ്പ് മാസ്റ്ററുടെ മൃതസംസ്കാര ശുശ്രൂഷയിൽ ചരമപ്രസംഗം നടത്തി. തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ തുടർപരിശീലന പരിപാടിയുടെ രണ്ടാം ബാച്ചിൽ ആമുഖസന്ദേശം നൽകി. വൈകീട്ട് സെന്റ് ആൻസ് ഇടവകയിൽ നടന്ന ഗ്രെയ്സ് കൺവെൻഷനിൽ സമാപനസന്ദേശം നൽകി.

19. അഭിവന്ദ്യ താഴത്ത് പിതാവ് പെർമനെന്റ് സിനഡിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് വൈദികരുടെ തുടർപരിശീലന പരിപാടിയിൽ പങ്കെടുത്തു. വൈകുന്നേരം തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിൽ തിരുനാൾ കൊടിയേറ്റ നടത്തി.

20. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ ബെനഫാക്ടേഴ്സ് ഡേയിൽ വി. ബലിയർപ്പിച്ചു. തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ തുടർപരിശീലന പരിപാടിയുടെ മൂന്നാം ബാച്ചിൽ ആമുഖസന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്ക് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ മക്കളില്ലാത്ത ദമ്പതികളുടെ സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം ഇടയസന്ദർശനത്തിനായി മണ്ണംപേട്ട ഇടവകയിലേക്കു പോയി.

21. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ ഇടവകയിലെ അഞ്ചേരി മേഖലയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് മണ്ണംപേട്ട ഇടവകയിൽ ഇടയസന്ദർശനം നടത്തി.

22. അഭിവന്ദ്യ താഴത്ത് പിതാവ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ തുടർപരിശീലന പരിപാടിയുടെ നാലാം ബാച്ചിൽ ആമുഖസന്ദേശം നൽകി. വൈകീട്ട് പഴുവിൽ ധ്യാനകേന്ദ്രത്തിന്റെ സാമ്പത്തികസമിതി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഇടയസന്ദർശനത്തോടനുബന്ധിച്ച് മണ്ണംപേട്ട ഇടവകയിൽ

രോഗീസന്ദർശനം നടത്തി.

23. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ തുടർപരിശീലന പരിപാടിയുടെ അഞ്ചാം ബാച്ചിൽ ആമുഖസന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

24. അഭിവന്ദ്യ താഴത്ത് പിതാവ് പാവറട്ടിയിൽ സി. ഫ്ളോറിയൻ സി.എം.സി. യുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. വൈകീട്ട് ചിറ്റിശ്ശേരിയിൽ കത്തോലിക്കാ കോൺഗ്രസ്സ് യൂണിറ്റ് ആരംഭിക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് വൈകുന്നേരം എം.ഐ. കോൺവെന്റിൽ സി. സെലിൻ എഫ്.സി.സി.യുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ തുടർപരിശീലന പരിപാടിയുടെ ആറാം ബാച്ചിൽ സമാപനസന്ദേശം നൽകി. വൈകീട്ട് സേക്രഡ് ഹാർട്ട് കോൺവെന്റിൽ സി. അപ്ലോണിയ സി.എം.സി.യുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈദികരുടെ തുടർപരിശീലന പരിപാടിയിൽ പങ്കെടുത്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അളഗപ്പയിൽ വിവാഹ ഒരുക്ക കോഴ്സിൽ വി. ബലിയർപ്പിച്ചു. തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ തുടർപരിശീലന പരിപാടിയുടെ എഴാം ബാച്ചിൽ സമാപനസന്ദേശവും എട്ടാം ബാച്ചിൽ ആമുഖസന്ദേശവും നൽകി. വൈകീട്ട് ബൊൻ നത്താലെയുടെ ഒരുക്ക മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. വൈകീട്ട് പഴുവിലിൽ സി. ജെയിൽസ് എഫ്.സി.സി.യുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ശേഷം സോഫ്റ്റ്വെയർ ഡവലപ്മെന്റ് സെല്ലിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് മേജർ സെമിനാരിയിൽ ബെനഫാക്ടേഴ്സ് ഡേയിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് വടക്കാഞ്ചേരി ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച ഹെബ്രോൺ ഓഡിറ്റോറിയം വെഞ്ചരിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ ആറാമത്തെ കുഞ്ഞിന്റെ മാമ്മോദീസക്കു മുഖ്യകാർമ്മികത്വം

വഹിച്ചു. തുടർന്ന് മേരിമാത സെമിനാരിയിൽ ഉപകാരികളുടെ സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം നെടുപുഴയിൽ അന്നമരിയ വൃദ്ധസദനത്തിന്റെ ആഘോഷത്തിൽ പങ്കെടുത്തു.


28. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ ഇടവകയിൽ ഗലീലി മേഖലയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിൽ ഊട്ടുതിരുനാളിന്റെ നേർച്ചഭക്ഷണം ആശീർവദിച്ചു. തുടർന്ന് തോളൂരിൽ ഊട്ടുതിരുനാൾ കുർബാനക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പുതുക്കാട് സി.എൽ.സി.യുടെ ആഘോഷപരിപാടികളിൽ പങ്കെടുത്തു. വൈകുന്നേരം ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ക്രിസ്റ്റ്യൻ ലീഡർഷിപ്പ് ധ്യാനം ഉദ്ഘാടനം ചെയ്തു.


29. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ മർത്താ കോൺവെന്റിൽ രാവിലെ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ആലുവ സെമിനാരിയിൽ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

30. അഭിവന്ദ്യ താഴത്ത് പിതാവ് രണ്ടാം വർഷ വൈദികരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചകഴിഞ്ഞ് പാക്ട് എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ആലുവ സെമിനാരിയിൽ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

31. അഭിവന്ദ്യ താഴത്ത് പിതാവ് പഴുവിൽ ഫൊറോന പള്ളിയിൽ ഏഴാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. മൂന്നാം വർഷ വൈദികരുമായി കൂടിക്കാഴ്ച നടത്തി. മമ്മിയൂരിൽ സി. വിൽഫ്രഡ് എഫ്.സി.സി. യുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ എം.ഐ. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് പാക്ട് ഫൊറോന കൺവീനർമാരുടെ യോഗത്തിൽ പങ്കെടുത്തു.







## നാമകരണ നടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ദൈവസ്നേഹത്തിന്റെ വക്താവായി വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും എല്ലാവർക്കും സ്നേഹം പകർന്നു നൽകിയ ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ അനുസ്മരണം ആഗസ്റ്റ് 2ന് ഭക്തിപൂർവ്വം ആഘോഷിച്ചു. ജപമാല ചൊല്ലി പ്രാർത്ഥിച്ചതിനുശേഷം ബഹു. ടിജോ മുള്ളക്കരയച്ചൻ സന്ദേശം പങ്കുവച്ചു. ദൈവീകപുണ്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ക്രൈസ്തവമൂല്യങ്ങളെ കുറിച്ചാണ് അച്ചൻ പറഞ്ഞത്. കരുണ, സ്നേഹം, അനുകമ്പ, ദയ ഇവയൊക്കെ ഹൃദയത്തിൽ നിറയണമെങ്കിൽ നാം നമ്മെതന്നെ ഒരുക്കണം. സ്നേഹിക്കാൻ പഠിക്കണം. സ്വന്തം കണ്ണിലെ തടികഷ്ണം അപരന്റെ കണ്ണിലെ കരട് എടുത്തു കളയാൻ തടസ്സമാകരുത്. സ്വയം വിശുദ്ധീകരിക്കുക. നാം ഇടപെടുന്ന മേഖലകളിൽ പ്രകാശം പരത്തുന്നവരാകണം. തുടർന്ന് ദിവ്യബലിയും കുട്ടികൾക്കും രോഗികൾക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയും ഊട്ടുനേർച്ചയും ഉണ്ടായിരുന്നു. നിരവധി ആളുകൾ പങ്കെടുത്ത് ദൈവാനുഗ്രഹത്താൽ നിറഞ്ഞു.



## നാമകരണനടപടികൾ

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനിയാചരണം**

ജൂലൈ മാസത്തിലെ രണ്ടാം ശനി ഓർമയാചരണത്തിന് നേതൃത്വം നൽകിയത് ജെറുസലെം ധ്യാനകേന്ദ്രത്തിന്റെ അസി. ഡയറക്ടർ ഫാ. റിജോ പയ്യപ്പിള്ളി സി.എം.ഐ. ആണ്. യേശുവിന്റെ പഠനങ്ങളെല്ലാം പഠിക്കുവാനും ധ്യാനിക്കുവാനും എന്നതിലുമുപരി ജീവിക്കുവാനുള്ള നിയമമാണ്, പ്രമാണമാണ്. ഒരു ക്രിസ്ത്യാനിയുടെ അടിസ്ഥാനപരമായ ദൈവവിളി തന്നെ പരിപൂർണത പ്രാപിക്കുക എന്നതാണ്. തിരുസഭയിൽ വിശുദ്ധരെ ആദരിക്കുന്നതും അനുസ്മരിക്കുന്നതും വിശുദ്ധി പ്രാപിക്കുവാനുള്ള നമ്മുടെ തന്നെ വിളി ഓർമ്മിക്കുവാനാണ്. ഈ രണ്ടാം ശനി ഓർമയാചരണം ഒരു ഓർമ്മപ്പെടുത്തലാണ് – വിശുദ്ധനാകാനുള്ള എന്റെ വിളിയുടെ ഓർമ്മപ്പെടുത്തൽ.

സ്നേഹിച്ച് സ്നേഹിച്ച് അഴിഞ്ഞില്ലാതായ ഒരു വിശുദ്ധാത്മാവാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. ഒരു വിശുദ്ധനാകണമെന്ന അടങ്ങാത്ത ദാഹം അദ്ദേഹത്തിനുണ്ടായിരുന്നു. സാധാരണ പ്രവർത്തികളാണ് ഒരുവനെ വിശുദ്ധനാക്കുന്നത് എന്ന് അദ്ദേഹം പ്രബോധനം നൽകുന്നു.

കോലഴിയിൽ നിന്ന് സിസ്റ്റേഴ്സും തിരൂർ ഇടവകജനവും നാനാജാതി മതസ്ഥരായ അനേകം പേരും തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് ദൈവാനുഗ്രഹം നേടി.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ



# സാമ്പത്തിക കാര്യാലയം

1. **ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

   ഇടവകകളുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയത്ത് വരാതിരുന്ന ഇടവകകൾ എത്രയും വേഗം തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു

2. **സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ**

   സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് സമർപ്പിക്കൽ സെപ്തംബർ 17–ാം തിയതി മുതലാണ് തുട ങ്ങുന്നത്. വിശദവിവരങ്ങൾ ആഗസ്റ്റ് മാസത്തിലെ ബുള്ളറ്റിനിൽ page no.30 –32 ൽ കൊടുത്തിട്ടുണ്ട്.

3. കത്തോലിക്ക സഭയുടെ തെരട്ട് sept.24–ാം തിയതി ഉച്ചക്ക് 12.30pm ആണ് കൊണ്ടുവരേണ്ടത്.

4. **ആദായ നികുതി റിട്ടേണുകൾ**

   ഈ സാമ്പത്തിക വർഷത്തെ (2018–2019) ആദായ നികുതി റിട്ടേണുകൾ 2019 സെപ്റ്റംബർ 30ന് ഉള്ളിൽ ഫയൽ ചെയ്യേണ്ടതാണ്. ഈ കാര്യം എല്ലാ ഇടവകകളും സ്ഥാപനങ്ങളും ഓർത്ത് ചെയ്യുമല്ലോ.

5. **അതിരൂപത സഹായ ഫണ്ട്**

   1. ഭവന നിർമ്മാണം – 45000 3. വിവാഹം – 134000

   4. ചികിൽസ – 674271 4. മറ്റിനങ്ങൾ – 10600

6. **ഫാ.സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

   1. ഭവന നിർമ്മാണം – 25000 2. ചികിൽസ –10000

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ




# വൈദികർ

## ജന്മദിനങ്ങൾ

ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ 02
ഫാ. ആന്റോ എടക്കുളത്തൂർ 02
ഫാ. ആന്റോ രായപ്പൻ 02
ഫാ. ആന്റണി തോട്ടാൻ 05
ഫാ. ജെറിൻ അരിമ്പൂർ 06
ഫാ. ക്ലമന്റ് വാഴപറമ്പിൽ 06
ഫാ. ജിയോ തരകൻ 07
ഫാ. ആന്റണി കണ്ണമ്പുഴ 08
ഫാ. രാജു കൊക്കൻ 08
ഫാ. ഡെമിൻ തറയിൽ 08
ഫാ. പോളി നീലങ്കാവിൽ 08
ഫാ. ടെറിൻ മുള്ളക്കര 08
ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ 10
ഫാ. ഡേവിസ് ചിറമ്മൽ സീനയർ 10
ഫാ. ഫ്രാൻസിസ് എടക്കളത്തൂർ 10
ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ 13
ഫാ. ജോൺ പോൾ തൈക്കാടൻ 18
ഫാ. ജിയോ കടവി 20
ഫാ. ആന്റണി ആലുക്ക 21
ഫാ. ബെസ്റ്റിൻ കാക്കശ്ശേരി 22
ഫാ. ആന്റോസ് എലുവത്തിങ്കൽ 22
ഫാ. ഡിക്സൺ കൊളമ്പ്രത്ത് 26
ഫാ. വർഗ്ഗീസ് എടക്കളത്തൂർ 27
ഫാ. ഫ്രാങ്കോ പുത്തിരി 27
ഫാ. റാഫേൽ വടക്കൻ 29
ഫാ. സൈജൻ വാഴപ്പിള്ളി 30

## നാമഹേതുകതിരുനാൾ

ഫാ. നൈസൻ ഏലന്താനത്ത് 21
ഫാ. മാത്യു ചാക്കേരി 21
ഫാ. സുനിൽ ചിരിയങ്കണ്ടത്ത് 21
ഫാ. ലിജോ ചിറ്റിലപ്പിള്ളി 21
ഫാ. മാത്യു കുറ്റിക്കോട്ടയിൽ 21
ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ 21
ഫാ. മാത്യു പേരാമംഗലത്ത് 21
ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ 21

| | | | |
|---|---|---|---|
| ഫാ. മാത്യു വെട്ടത്ത് | 21 | ഫാ. സിജോ മുരിങ്ങാത്തേരി | 29 |
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 27 | ഫാ. റാഫേൽ മുത്തുപീടിക | 29 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 27 | ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 27 | ഫാ. റെനാൾഡ് പുലിക്കോടൻ | 29 |
| | | ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 27 | ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 27 | ഫാ. ലിന്റോ തട്ടിൽ | 29 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 29 | ഫാ. റാഫി തട്ടിൽ | 29 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 29 | ഫാ. സോളി തട്ടിൽ | 29 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 29 | ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. ജോയ് മൂക്കൻ | 29 | ഫാ. ഫ്രജോ വാഴപ്പിള്ളി | 29 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ | 18–09–1915 |
| ഫാ. ദേവസ്സി ചിറമ്മൽ | 00–09–1938 |
| ഫാ. ജേക്കബ് അറയ്ക്കൽ സീനിയർ | 14–09–1946 |
| ഫാ. പോൾ വാഴപ്പിള്ളി | 17–09–1952 |
| ഫാ. സെബാസ്റ്റ്യൻ ബ്രഹ്മകുളം | 03–09–1960 |
| ഫാ. ആന്റണി കൊടിയൻ | 04–09–1960 |
| ഫാ. തോമസ് അടമ്പുകുളം | 14–09–1962 |
| ഫാ. ആന്റണി മാളിയേക്കൽ | 28–09–1968 |
| ഫാ. ജോസഫ് മഞ്ഞളി | 01–09–1969 |
| ഫാ. ജോൺ ചിറയത്ത് | 19–09–1970 |
| ഫാ. അബ്രഹാം മാമ്പിള്ളി | 02–09–1972 |
| ഫാ. ജോൺ പ്ലാശ്ശേരി | 11–09–1973 |
| ഫാ. ജേക്കബ് ചെമ്മണ്ണൂർ | 20–09–1977 |
| ഫാ. ജോൺ മാളിയേക്കൽ | 30–09–1978 |
| ഫാ. ജോൺ ചിറമ്മൽ | 06–09–1990 |
| ഫാ. ജോർജ്ജ് കൂനൻ | 09–09–1996 |
| ഫാ. അഗസ്റ്റിൻ തട്ടിൽ | 25–09–1996 |
| മോൺ. ആന്റണി മാളിയേക്കൽ | 03–09–2001 |
| ഫാ. ആന്റണി തോട്ടാൻ സീനിയർ | 29–09–2001 |
| ഫാ. ജോസഫ് മാളിയേക്കൽ | 11–09–2009 |
| ഫാ. ജേക്കബ് ഐനിക്കൽ | 19–09–2010 |
| ഫാ. അഗസ്റ്റിൻ അക്കര | 15–09–2012 |
| ഫാ. പോൾ മാറോക്കി | 10–09–2017 |



## ■ സന്യസ്തർ

### സി.ആർ.ഐ. വാർത്തകൾ – ജൂലൈ 2019

1. **സി.എം.സി.**

   കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ച മൂന്ന് ദിവസത്തെ Pycho theraphy course ൽ 19 സിസ്റ്റേഴ്സ്പങ്കെടുത്തു. സി.എം.സി മാനേജ്മെന്റിന്റെ കീഴിൽ ജോലിചെയ്യുന്ന ടീച്ചേഴ്സിനുവേണ്ടിയുള്ള Seminar & Merit Day 13ന് കുരിയച്ചിറ സെന്റ് പോൾസ് ഓഡിറ്റോറിയത്തിൽ നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ മികച്ച വിദ്യാലയങ്ങളെയും അദ്ധ്യാപകരെയും ആദരിച്ച് സംസാരിച്ചു. പരി. കർമ്മല മാതാവിന്റെ തിരുന്നാളിൽ കോലഴി പ്രൊവിൻഷ്യൽഹൗസിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലി അർപ്പിച്ച് തിരുവചനസന്ദേശം നല്കി. ദിവ്യബലി മദ്ധ്യേ സിസ്റ്റേഴ്സ് വ്രതനവീകരണം നടത്തി. കോലഴി സെന്റ് ബെനഡിക്ടറ്റ് ഇടവകയിൽ 17മുതൽ കൗൺസിലർ സി. ക്രിസ്‌ലിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ഒരാഴ്ച ഹോംമിഷൻ നടത്തി. നേഴ്സറി ടീച്ചേഴ്സിനുവേണ്ടിയുള്ള ഒരു ദിവസത്തെ സെമിനാർ സെന്റ് പോൾസ് നേഴ്സറി ഓഡിറ്റോറിയത്തിൽ Fr. Raju Akkara യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. 27ന് ഫാ.രാജു ചാക്കനാട്ട് SDB യുടെ നേതൃത്വത്തിൽ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ലോക്കൽ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ ഒരു ദിവസത്തെ സെമിനാർ നടത്തി.

2. **എഫ്.സി.സി.**

   ജൂലായ് 4–ാം തീയതി മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വെച്ച് ബഹു. നോബർട്ടമ്മയുടെ 5–ാം ചരമവാർഷികത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 7 മണിക്ക് ദിവ്യബലി

നടന്നു. 'നോബർട്ടമ്മ ക്രൂശിതന്റെ കൂട്ടുകാരി'എന്ന ജീവചരിത്ര ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം നടത്തി. 13–ാം തീയതി ഗുരുവായൂർ എൽ.എഫ്. കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് (നേഴ്സറി മുതൽ കോളേജ് ഉൾപ്പെടെയുള്ള) നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക–അനദ്ധ്യാപകർക്കായി നടത്തിയ ഏകദിന സെമിനാറിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഹു. ഫാ. ജോയ് മേനാച്ചേരി OFM Cap, പ്രൊഫസർ കെ.എം. ഫ്രാൻസിസ് എന്നിവർ ക്ലാസ്സെടുത്തു. ജൂലായ് 21–ാം തീയതി അസ്സീസിയിൽ വെച്ച് നടന്ന FCC Health Care Fraternity മീറ്റിംഗിൽ ആതുരസേവന രംഗത്തെ സിസ്റ്റേഴ്സ് സംബന്ധിച്ചു. കപ്പൂച്ചിൻ സഹോദരങ്ങളുടെ ഗാഗുൽത്താ താവു വെബ് ചാനലിലൂടെ ഇസ്രായേലെ, കേൾക്കുക എന്ന പേരിലുള്ള വചനസന്ദേശ പരമ്പരയിൽ 22 സഹോദരി23–ാം തീയതി തൃശൂർ എം.ഐ. ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന അൽഫോൻസ ഗാർഡൻ പ്രോവിൻസ്തല ഉദ്ഘാടനത്തിൽ അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥി പ്രതിനിധികൾ സംബന്ധിച്ചു.

3. **സി.എസ്.സി.**

അഭിവന്ദ്യ മാർ ആന്റണി ചിറയത്ത് പിതാവിന്റെ ഗോൾഡൻ ജൂബിലി കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. 27ന് ചാരിറ്റി സന്യാസിനി സമൂഹത്തിലെ അധ്യാപകർക്കുള്ള ഏകദിന കോൺഫ്രൻസ് മുളങ്കുന്നത്തുകാവ് കില (Kerala Institute of Local Administration ) യിൽ വച്ച് നടത്തി.

4. **സി.എസ്.എം.**

ജർമ്മനി, ഇറ്റലി എന്നിവിടങ്ങളിലെ കാനോനിക സന്ദർശനവും 6 മുതൽ 10 വരെ റോമിൽ വച്ച് നടന്ന UISG മീററിംഗിൽ പങ്കെടുക്കുകയും ചെയ്തതിന് ശേഷം സുപ്പീരിയർ ജനറൽ മദർ സെബി റോസ് ജനറലേററിൽ തിരിച്ചെത്തി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീററിംഗിൽ വിവിധ ഭവനങ്ങളിൽ നിന്നും ഇൻ–ചാർജ്ജ് സിസ്ററേഴ്സ് പങ്കെടുത്തു. 12 – 14 വരെ ലൂർദ്ദ് നാഥ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന ലോക്കൽ സുപ്പീരിയേഴ്സ് കോൺഫ്രൻസിൽ എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു. 29 ന് വി. മർത്തായുടെ തിരുന്നാൾ എല്ലാ മഠങ്ങളിലും സമുചിതമായി ആഘോഷിച്ചു. പ്രൊവിൻഷ്യൽ ഹൗസിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആഘോഷമായ ദിവ്യബലി അർപ്പിച്ചു. വൈകീട്ട് സെന്റ് മർത്താ യൂണിററിലെ കുടുംബാംഗങ്ങൾക്കായി

നടത്തിയ പ്രാർത്ഥനാ ശുശ്രൂഷയിലും സ്നേഹവിരുന്നിലും എല്ലാ കുടുംബാംഗങ്ങളും പങ്കെടുത്തു.

5. **സി.എച്ച്.എഫ്.**

ഒളരിക്കര നവജ്യോതി B.Ed കോളേജിലെ അവാർഡ് ദാന ദിനത്തിൽ സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേഴ്സി പോൾ അദ്ധ്യക്ഷപദം അലങ്കരിച്ചു. നവജ്യോതി പ്രോവിൻസിന്റെ സോഷ്യോമെഡിക്കൽ സെന്ററായ വടൂക്കര IFDF ൽ ജനറൽ ബോഡി മീറ്റിങ്ങ് നടത്തപ്പെട്ടു. മണ്ണുത്തി ഹോളി ഫാമിലി ജനറലേറ്റിൽ വച്ച് നടത്തപ്പെട്ട ജനറൽ പ്ളീനറി കൗൺസിൽ മീറ്റിങ്ങിൽ സി. പ്രൊവിൻഷ്യലും നിയുക്ത അംഗങ്ങളും സംബന്ധിച്ചു. നവജ്യോതി പ്രോവിൻസിന്റെ കീഴിലുള്ള കോൺവെന്റുകളിലെ സുപ്പീരിയേഴ്സിന്റെ കോൺഫറൻസ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തപ്പെട്ടു. വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യായുടെ വിശുദ്ധ പ്രഖ്യാപനത്തോടനുബന്ധിച്ച് കുഴിക്കാട്ടുശ്ശേരി കബറിട ദേവാലയത്തിൽ നടത്തപ്പെട്ട കൃതജ്ഞതാബലിയിലും നൊവേനയിലും സി. പ്രൊവിൻഷ്യലും സിസ്റ്റേഴ്സും പങ്കെടുത്തു. നവജ്യോതി പ്രോവിൻസിന് കീഴിലുള്ള സ്ക്കൂളുകളിൽ അദ്ധ്യാപനം നടത്തി റിട്ടയേഡ് ചെയ്ത ടീച്ചേഴ്സിന്റെ ഒത്തുചേരൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി.

6. **എസ്.എ.ബി.എസ്.**

2019 ജൂലായ് 29 ന് അദിലാബാദ് രൂപതയിൽ ആരാധനാ പ്രേഷിതത്വം ആരംഭിച്ചു. അദിലാബാദ് അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ പ്രിൻസ് പാണേങ്ങാടന്റെ നേതൃത്വത്തിൽ മേരി റാണി ആരാധനാ ഭവൻ എന്നപേരിൽ ആരംഭിച്ച അദിലാബാദ് മിഷനിലെ ആദ്യ ഭവനം ആശീർവദിച്ചു. ജൂലായ് 21 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ ചേറ്റുപുഴ പ്രൊവിൻഷ്യൽഹൗസിൽ വച്ച് വാർഷിക ധ്യാനം നടത്തി. ദൈവദാസി ഷന്താളമ്മയുടെ 47–ാം ചരമദിനത്തിൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ ദൈവദാസി ഷന്താളമ്മയെക്കുറിച്ച് രചിച്ച 'തിരുസാന്നിധ്യത്തിലെ മൺചിരാത്' എന്ന ഗ്രന്ഥം പ്രകാശനം ചെയ്തു.

## ആദരാഞ്ജലികൾ



**11.06.2019 – എഫ്.സി.സി.** ബ്രഹ്മകുളം ഹോളിഫാമിലിഭവനാംഗമായ ബ. സി. റെയ്നോൾഡ് നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ബ്രഹ്മകുളം ഹോളിഫാമിലി മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**01.07.2019 – സി.എം.സി.** ചൂണ്ടൽ മരീന ഹോം ഭവനാംഗമായ സി. ക്രിസ്പസ് നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ചൂണ്ടൽ മരീന ഹോം മഠം കല്ലറയിൽ സംസ്കരിച്ചു.



**03.07.2019 – എഫ്. സി. സി.** ഗുരുവായൂർ ലിസ്യു ഭവനാംഗമായ ബ. സി. അഗാപിറ്റ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഗുരുവായൂർ ലിസ്യു മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**17.07.2019 – സി.എം.സി.** ചൂണ്ടൽ മരീന ഹോം ഭവനാംഗമായ സി. അൽബർത്തീന നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ചൂണ്ടൽ മരീന ഹോം മഠം കല്ലറയിൽ സംസ്കരിച്ചു.



**23.07.2019 – എഫ്.സി.സി.** തൃശ്ശൂർ എം.ഐ ഭവനാംഗമായ ബ. സി. സെലിൻ നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ തൃശ്ശൂർ എം.ഐ മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



23.07.2019 – **സി.എം.സി.** പാവറട്ടി ക്രൈസ്റ്റ് കിംഗ് ഭവനാംഗമായ സി. ഫ്ളോറിയൻ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ പാവറട്ടി ക്രൈസ്റ്റ് കിംഗ് മഠം കല്ലറയിൽ സംസ്ക്കരിച്ചു.



25.07.2019 – **സി.എം.സി.** തൃശ്ശൂർ സേക്രഡ് ഹാർട്ട് ഭവനാംഗമായ സി. അപ്പളോനിയ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സേക്രഡ് ഹാർട്ട് മഠം കല്ലറയിൽ സംസ്ക്കരിച്ചു.



26.07.2019 **– എഫ്.സി. സി.** പഴുവിൽ സെന്റ് ആന്റണീസ് ഭവനാംഗമായ ബ. സി. ജൈൽസ് നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ പഴുവിൽ സെന്റ് ആന്റണീസ് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



30.07.2019 **– എഫ്.സി.സി.** ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് ഭവനാംഗമായ സി. വിൽഫ്രഡ് നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മമ്മിയൂർ ലിറ്റിൽ ഫ്ളവർ മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.

**സി. നമിത റോസ് സി.എം.സി.**
സി. ആർ.ഐ. സെക്രട്ടറി

# പാസ്റ്ററൽ കൗൺസിൽ യോഗം

**2019 സെപ്തംബർ 14 ശനി, 10 am**

**ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ**

പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത സാധാരണയോഗം 2019 സെപ്തംബർ 14, ശനി, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് രാവിലെ 10 മുതൽ നടത്തുന്നു. എല്ലാ അംഗങ്ങളെയും സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

ചർച്ചാവിഷയം :

**അത്മായരുടെ അജപാലന പങ്കാളിത്തം**

വിഷയാവതരണം :

**ഫാ. അഗസ്റ്റിൻ കല്ലേലി**

*(എറണാകുളം അതിരൂപത)*

**ചർച്ചാ സഹായി**

അത്മായൻ അജപാലന ശുശ്രൂഷയിലെ സഹായിയോ സഹപ്രവർത്തകനോ?

മനുഷ്യരുടെ സമഗ്രമായ രക്ഷ ലക്ഷ്യം വച്ചുകൊണ്ടുള്ള അജപാലനം സഭയുടെ മുഖ്യധർമ്മമാണ്. പരമ്പരാഗതമായി തിരുപ്പട്ടമെന്ന് കൂദാശയിൽ പങ്കുചേരുന്നവരെയാണ് അജപാലനത്തിന്റെ മുഖ്യദാതാക്കളായി കണക്കാക്കിയിരുന്നത്. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം അത്മായരും അജപാലനത്തിന്റെ ദാതാക്കളാണെന്നുള്ള പഠനം സഭയിൽ ശക്തിപ്പെട്ടിട്ടുണ്ട്. ഈ

സാഹചര്യത്തിൽ, അത്മായരുടെ അജപാലന പങ്കാളിത്തം മെത്രാന്മാരെയും വൈദികരെയും (ഹയരാർക്കി) സഹായിക്കലാണോ അതോ അവർക്കൊപ്പം പ്രവർത്തിക്കലാണോയെന്നു പരിശോധിക്കുന്നത് ഉചിതമാണ്. സഹായിക്കുകയാണെങ്കിൽ അജപാലനത്തിന്റെ മുഖ്യ ഉത്തരവാദിത്വം ഹയരാർക്കിയിൽ നിക്ഷിപ്തമാണെന്ന് ധ്വനി. അത്മായർ ഹയരാർക്കിക്കുവേണ്ടി പ്രവർത്തിക്കുന്നു. എന്നാൽ ഹയരാർക്കിയിൽ സഹപ്രവർത്തകൻ എന്ന അർത്ഥത്തിൽ അജപാലനം അത്മായന്റെയും ഉത്തരവാദിത്വമാണ്. ഉദാഹരണമായി മക്കളെ ക്രൈസ്തവ വിശ്വാസത്തിൽ വളർത്തുന്നതിന്റെ പ്രഥമ ഉത്തരവാദിത്വം അത്മായ മാതാപിതാക്കളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ ദൗത്യനിർവ്വഹണത്തിലൂടെ അവർ ക്രിസ്തുവിന്റെ പൗരോഹിത്യ, പ്രവാചക, രാജകീയ ധർമ്മത്തിൽ പങ്കുചേരുന്നു. 'സഹപ്രവർത്തക' കാഴ്ചപ്പാടിൽ പരസ്പര പൂരകത്വവും ബഹുമാനവുമുണ്ട്. ഹയരാർക്കിക്കും അത്മായർക്കും സഭയിൽ അവരുടേതായ ഇടങ്ങളുണ്ട്. അത്മായരും സഭയുടെ മുഖ്യധാരയിൽ ഇടംപിടിക്കുന്നുണ്ട്. മാത്രമല്ല, പങ്കാളിത്തശൈലി അജപാലനത്തിന്റെ സവിശേഷതയായി പരിഗണിക്കപ്പെടുന്നുണ്ട്. സഭയുടെ നയ രൂപീകരണത്തിലും കൃത്യനിർവ്വഹണത്തിലും അത്മായർക്ക് ഒഴിച്ചുകൂടാനാകാത്ത തനതായ പങ്ക് നിർവഹിക്കാനുണ്ട്. "ക്രിസ്തുവിൽ എന്റെ സഹപ്രവർത്തകർ" എന്ന വി. പൗലോസ് അക്വില– പ്രിസ്കാ ദമ്പതികളെ വിശേഷിപ്പിച്ചത് (റോമ 16:3) ഈ അവസരത്തിൽ ശ്രദ്ധാർഹമാണ്.

### ചോദ്യങ്ങൾ

1. അജപാലനത്തിൽ 'സഹപ്രവർത്തക' ശൈലി വളർത്തുവാൻ സഭ ഇന്നു നേരിടുന്ന വെല്ലുവിളികൾ ഏവ?
2. അത്മായർ പങ്കെടുക്കുന്ന അജപാലന സമിതികൾ 'സഹപ്രവർത്തക' മനോഭാവം പ്രകടിപ്പിക്കുന്നവയാണോ?
3. തിരുവിവാഹമെന്ന കൂദാശ സ്വീകരിച്ചവർക്ക് മറ്റ് അത്മായരിൽ നിന്നു വ്യത്യസ്തമായ സ്ഥാനം അജപാലനത്തിൽ നൽകുന്നത് ഗുണകരമാണോ?

ഈ ചർച്ചവിഷയത്തിന്റെ റിപ്പോർട്ടും നിർദ്ദേശങ്ങളും സെപ്തംബർ 10 നു മുമ്പായി അതിരൂപത കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ജനറൽ സെക്രട്ടറി




# പാലയൂർ തീർഥകേന്ദ്രം

**1. പാലയൂരിന്റെ വികസനം, തറവാടിന്റെ മഹത്വം**

തൃശൂർ അതിരൂപത മാത്രമല്ല, ആഗോളസഭയും ഭാരതത്തിനു ലഭിച്ച അനുഗ്രഹമായിട്ടാണ് പാലയൂരിനെ കാണുന്നത്. അതിൽത്തന്നെ 'തളിയക്കുളം' അതിവിശിഷ്ടമാണ്. 2000 വർഷത്തോളമായിട്ടും ഈ പുണ്യതീർത്ഥം അതിന്റെ പ്രഥമരൂപത്തിലും അതേ സ്ഥാനത്തും നിലകൊള്ളുന്നത് മാർതോമാശ്ലീഹായുടെ പ്രത്യേക അനുഗ്രഹത്താലാണ്. തളിയക്കുളത്തിൽ ആരംഭിച്ച മാമ്മോദീസ പുണ്യതീർത്ഥത്തിന്റെ ഖ്യാതി അനേകരിലേക്കെത്തിക്കുന്നു. എന്റെയും പരിചയക്കാരുടെയും മക്കളെ ഈ വിശ്വാസതീർത്ഥത്തിൽ തന്നെ ജ്ഞാനസ്നാനം ചെയ്യിക്കുമെന്ന പ്രതിജ്ഞയോടെയാണ് ഓരോ വിശ്വാസിയും ഇവിടെനിന്ന് പോകുന്നത്.

എല്ലാവരുടേയും സഹകരണത്തോടെ മുൻകാലത്തെ അപേക്ഷിച്ച് 'തളിയക്കുളം' മനോഹരമാക്കിയിട്ടുണ്ട്. എന്നാൽ തീർത്ഥാടകർക്കു വേണ്ടതായ സ്ഥലസൗകര്യങ്ങൾ ഇനിയും ചെയ്യുവാൻ സാധിച്ചിട്ടില്ല. അതുപോലെ മാർത്തോമശ്ലീഹാ വന്നിറങ്ങിയ ബോട്ടുകുളവും, പള്ളിയും, ഭാരതക്രൈസ്തവ ചരിത്ര മ്യൂസിയവും നവീകരക്കേണ്ടതുണ്ട്. ഇതിനുള്ള ചെറിയ കാൽവെപ്പാണ് **'വെൽക്കം പാലയൂർ'(Welcome Palayur).** ഭാരത ക്രൈസ്തവ വിശ്വാസത്തിന്റെ തറവാടായ പാലയൂരിന്റെ സമഗ്രമായ വളർച്ച മുന്നിൽ കണ്ടുകൊണ്ട് സാമ്പത്തികമായ ഫണ്ട് രൂപപ്പെടുത്താൻ 'വെൽക്കം പാല



യൂർ' പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കുവേണ്ട അനുമതി അതിരൂപതാ കാര്യാലയത്തിൽനിന്ന് കിട്ടിയിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ഡയമന്റ് ബെനഫാക്ടർ 1 ലക്ഷം രൂപ, ഗോൾഡൻ ബെനഫാക്ടർ 50,000/– രൂപ, സിൽവർ ബെനഫാക്ടർ 25,000/– രൂപ, ബ്രോൺസ് ബനഫാക്ടർ 10,000/– രൂപ എന്ന രീതിയിൽ ഫണ്ട് സ്വരൂപിക്കുകയും പാലയൂരിന്റെ വികസനത്തിന് ഉപയോഗിക്കുകയും ചെയ്യുക. ഇവരുടെ പേരുകൾ തളിയക്കുളത്തിന്റെ വശങ്ങളിൽ ആലേഖനം ചെയ്യുന്നതുമാണ്. ഈ മഹത്സംരംഭത്തിൽ പങ്കാളികളാകുവാൻ വ്യക്തികളെയും ഇടവകകളെയും സ്ഥാപനങ്ങളെയും പ്രത്യേകം ക്ഷണിക്കുന്നു.

**2. തീർത്ഥാടകർക്ക് ഒരു വിശ്രമ സ്ഥലം**

പാലയൂർ മാർതോമ അതിരൂപത തീർത്ഥകേന്ദ്രത്തിൽ വരുന്ന തീർത്ഥാടകർക്ക് ഭക്ഷണം കഴിക്കുവാനും വിശ്രമിക്കുവാനും 'മാർ തോമ ഹാൾ' സജ്ജമായിരിക്കുന്നു. ഹാളിനടുത്ത് വരുന്ന വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനും കൊണ്ടുവരുന്ന ഭക്ഷണ പദാർത്ഥങ്ങൾ സൗകര്യപ്രദമായ രീതിയിൽ ഇരുന്ന് കഴിക്കുവാനും പാലയൂർ 'മാർതോമ ഹാൾ' ഉപകരിക്കുന്നതാണ്.

**3. തളിയക്കുളം നവീകരണം**

പാലയൂർ ഇടവക ജനങ്ങളുടെ സഹകരണത്തോടെ തളിയക്കുളം വളരെ മനോഹരമായി നവീകരിച്ചിരിക്കുന്നു. തളിയക്കുളത്തിനു ചുറ്റം മനോഹരമായി പൂന്തോട്ടവും ശാന്തമായിരുന്ന് പ്രാർത്ഥിക്കുവാനുള്ള കപ്പേളയും ചുറ്റും നടന്ന് പ്രാർത്ഥിക്കുവാനുള്ള സൗകര്യങ്ങളും ഒരു ആത്മീയ നവീകരണത്തിനുള്ള സംവിധാനങ്ങളും ഇവിടെ സജ്ജമാക്കിയിരിക്കുന്നു.

**4. മുപ്പിട്ടു ഞായർ മാമ്മോദീസ – തളിയക്കുളത്തിൽ**

ഓഗസ്റ്റ് 11–ാം തീയ്യതി മുപ്പിട്ടു ഞായർ ആഘോഷത്തോടനുബന്ധിച്ച് വിവിധ ഇടവകകളിൽ നിന്നും വന്ന 18 കുഞ്ഞുങ്ങൾക്ക് മാർ തോമാ ശ്ലീഹായുടെ പുണ്യ തീർത്ഥമായ തളിയക്കുളത്തിൽ വച്ച് മാമ്മോദീസ നൽകി. പലർക്കും അനേക വർഷങ്ങൾക്കുശേഷം മാർ തോമാ ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ ലഭിച്ച മക്കൾ ഈ മാമ്മോദീസ സ്വീകരണത്തിന്റെ ഭാഗമായിരുന്നു.

**5. ഓഗസ്റ്റ് മാസത്തിലെ സന്ദർശകർ**

കേരളത്തിലെ പല ഭാഗത്തുനിന്നുള്ളവരും തിരുപ്പൂർ, കോയമ്പത്തൂർ, നാഗ്പൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നും ജർമനിയിൽ നിന്നും സന്ദർശകരും തീർത്ഥാടകരുമായവർ എത്തിച്ചേർന്നു.

**6. മാർ തോമ ചൊവ്വാഴ്ച ആചരണം**

പാലയൂർ തീർത്ഥകേന്ദ്രത്തിൽ എല്ലാ ചൊവ്വാഴ്ചയും മാർ തോമ ചൊവ്വാഴ്ച ആചരണം' നടത്തപ്പെടുന്നു. ബഹു. വർഗ്ഗീസ് കരിപ്പേരിയച്ചന്റെ ആത്മീയ നേതൃത്വത്തിൽ ബഹു. സിന്റോ പൊന്തേക്കനച്ചൻ ചൊവ്വാഴ്ചയിലെ ശുശ്രൂഷകൾ നയിക്കുന്നു. കുമ്പസാരത്തിനും കൗൺസിലിംങിനുമുള്ള സൗകര്യം അന്നേദിവസം ഉണ്ടായിരിക്കും. കൗൺസിലിംങ് ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**7. മാർ തോമ ചൊവ്വാഴ്ച ആചരണം : സമയക്രമം**

| | |
|---|---|
| 9.00 ന് | മദ്ധ്യസ്ഥ പ്രാർത്ഥന |
| 9.30 ന് | ജെറീക്കാ പ്രാർത്ഥന |
| 10.00 ന് | ജപമാല |
| 10.30 ന് | വചനപ്രഘോഷണം |
| 12.00 ന് | ആഘോഷമായ ദിവ്യബലി |
| 01.00 ന് | നേർച്ച കഞ്ഞി |
| 01.30 ന് | കരുണയുടെ ജപമാല |
| 01.45 ന് | സാക്ഷ്യങ്ങൾ |
| 02.00 ന് | ദിവ്യകാരുണ്യ ആരാധന |
| 03.00 ന് | നൊവേന, തിരുശേഷിപ്പ് വന്ദനം |

**ഫാ. വർഗ്ഗീസ് കരിപ്പേരി**
റെക്ടർ

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ സ്നേഹം നിറഞ്ഞ മക്കളേ,

എല്ലാവർക്കും സുഖമല്ലേ? കഴിഞ്ഞ മാസത്തിൽ കാലാവസ്ഥ കെടുതികൾ മൂലം കുറച്ചൊക്കെ ബുദ്ധിമുട്ടുകൾ നാം അനുഭവിച്ചു എന്നത് സത്യമാണ്. എന്നാൽ ചിലപ്പോഴെങ്കിലും ഇങ്ങനെയുള്ള കഷ്ടപ്പാടുകളിലൂടെ കടന്ന് പോകുമ്പോഴാണ് നമ്മുടെ അനുദിന ജീവിതത്തിൽ അനുഭവിക്കുന്ന ദൈവത്തിന്റെ പരിപാലനയെ നാം ഓർക്കുന്നത്. പ്രളയത്തിന്റെ അവസരത്തിൽ ദുരിതാശ്വസ ക്യാമ്പ് സന്ദർശിക്കാൻ പോയപ്പോൾ ഒരു അപ്പച്ചൻ പറഞ്ഞ വാചകം എന്നെ ഒത്തിരിയേറെ ചിന്തിപ്പിച്ചു. 'ക്യാമ്പിൽ ഒരു ദിവസം പായയും തലയണയും ഇല്ലാതെ താമസിക്കാൻ ഇടവന്നപ്പോഴാണ് എല്ലാ ദിവസവും വീട്ടിൽ സുഖമായി മൂടിപുതച്ച് കിടക്കുന്നതിന് ദൈവം അനുഗ്രഹിച്ചിരുന്നല്ലോ എന്ന സത്യം ഓർക്കുന്നതിനും ദൈവത്തിന് നന്ദി പറയുന്നതിനും സാധിച്ചത്.' നമ്മുടെയും ദൈനംദിന ജീവിതത്തിൽ ദൈവം നൽകുന്ന അനുഗ്രഹങ്ങൾക്ക് നന്ദിപറയുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും നമുക്ക് പരിശ്രമിക്കാം.

നമ്മുടെ ദേശിയോത്സവമായ ഓണം അടുത്തുവരുകയാണല്ലോ... ലോകമെങ്ങുമുള്ള മലയാളികൾക്ക് ഒരുപാട് ഗൃഹാതുരത്വത്തിന്റെ നല്ല ഓർമ്മകൾ സമ്മാനിക്കുന്നതാണ് ഓണക്കാലം. സന്തോഷത്തിന്റേയും സമൃദ്ധിയുടേയും ദിനങ്ങൾ അനുസ്മരിക്കുന്നതാണ് ഓണം. തന്റെ ജനത്തെ സത്യത്തിലും നീതിയിലും ഭരിച്ച് ഐശ്വര്യത്തിന്റേയും സമൃദ്ധിയുടേയും ഒരു യുഗം സമ്മാനിച്ച് കടന്നുപോയ മഹാബലിയെ അനുസ്മരിക്കുന്ന പുണ്യദിനങ്ങൾ. അവന്റെ ഭരണകാലത്ത് കള്ളവും

ചതിയും ഇല്ലായിരുന്നെന്നും, എല്ലാവരും സമന്മാരായി പരിഗണിക്കപ്പെട്ടിരുന്നെന്നും പറയപ്പെടുന്നു. ജനക്ഷേമത്തിനുവേണ്ടി പാതാളത്തിലേക്ക് താഴ്ത്തപ്പെട്ട മഹാബലി ഓണം നാളിൽ നമ്മെ സന്ദർശിക്കുന്നു എന്നുള്ളതാണ് ഐതിഹ്യം.

എന്താണ് നമ്മുടെ ജീവിതത്തിൽ, ക്രൈസ്തവജീവിതത്തിൽ ഓണത്തിന്റെ പ്രസക്തി? ഒരു ക്രിസ്ത്യാനിക്കു അവന്റെ ജീവിതത്തിലെ ഓരോ ദിവസവും ഓണമാകേണ്ടതല്ലേ? കാരണം നമ്മെ എല്ലാവിധ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ച നമ്മുടെ രാജാവ്, മാനവ കുലത്തിന്റെ രക്ഷയ്ക്കുവേണ്ടി കുരിശിൽ മരിച്ച് പാതാളത്തിൽ ഇറങ്ങി മൂന്നാം ദിവസം ഉത്ഥിതനായ ക്രിസ്തു, ഓരോ ദിവസവും വിശുദ്ധ ബലിയിലൂടെ നമ്മുടെ ഇടയിലേക്കു കടന്ന് വരുന്നു. അവിടുന്ന് നമ്മോട് പറയുന്നു, "ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4, 18–19).

ഓണം നാളിൽ എന്തുമാത്രം ഒരുക്കങ്ങളാണ് നാം നടത്താറുള്ളത്. ഓണക്കളികളൊരുക്കി, പൂക്കളമിട്ട്, പുത്തൻ വസ്ത്രമണിഞ്ഞ്, സദ്യയൊരുക്കി മാവേലിമന്നനെ നാം വരവേൽക്കുന്നു. എന്നാൽ വി. കുർബാനയിലൂടെ നമ്മിലേക്ക് എഴുന്നുള്ളി വരുന്ന രാജാവിനെ എപ്രകാരമാണ് നാം സ്വീകരിക്കുന്നത്? ഹൃദയത്തിൽ സ്വീകരിക്കുന്ന ക്രിസ്തുവിനെ ജീവിതത്തിൽ നാം അനുകരിക്കുമ്പോൾ ഈ ലോകത്തിൽ സമാധാനവും സന്തോഷവും പകരുന്നവരാകുന്നു. അങ്ങനെ ഓണം നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാകുന്നു. ഓണമാഘോഷിക്കുന്ന ഈ അവസരത്തിൽ കള്ളവും ചതിയുമില്ലാത്ത സമത്വ സുന്ദരമായ കേരളത്തെ കെട്ടിപ്പടുക്കുന്നതിന് നമുക്കേവർക്കും സാധിക്കട്ടെയെന്നാശംസിക്കുന്നു, നിങ്ങൾക്കേവർക്കും നല്ല ഒരു ഓണക്കാലം ആശംസിച്ചുകൊണ്ടും മാതാവിന്റെ ജനനതിരുനാൾ ആഘോഷിക്കുന്ന ഈ സെപ്തംബർ മാസത്തിൽ പരി. അമ്മയുടെ മാധ്യസ്ഥ്യം വഴി നിങ്ങളെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രർത്ഥിച്ചുകൊണ്ടും,

നിങ്ങളുടെ വത്സല പിതാവ്,

നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**താഴെ പറയുന്ന ചോദ്യങ്ങൾ ക്ലാസിൽ ചർച്ച ചെയ്ത്, നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതിയറിയിക്കുവാൻ താത്പര്യപ്പെടുന്നു.**

1). ഓണാഘോഷങ്ങൾ നമ്മുടെ ഇടയിലെ കൂട്ടായ്മയ വർധിപ്പിക്കത്തക്കവിധത്തിൽ എങ്ങനെ ക്രമീകരിക്കാം?

2). ഓരോ ദിവസവും വി. ബലി മദ്ധ്യേ എഴുന്നള്ളി വരുന്ന നമ്മുടെ രാജാവായ യേശുവിനെ കൂടുതൽ ഒരുക്കത്തോടെ എങ്ങനെ സ്വീകരിക്കാം?

3). മാതാവിന്റെ ജനനതിരുനാളിൽ (സെപ്തംബർ 8) പരി. അമ്മയ്ക്കായി സമ്മാനങ്ങൾ ഒരുക്കുക. (ജപമാല, സുകൃതജപം മുതലായവ കൂടുതലായി ചൊല്ലുക, മാതാവുമായ ബന്ധപ്പെട്ട ദൈവവചനം പഠിക്കുക etc.)

4). നിങ്ങൾ ചെയ്യുന്ന ഒരുക്കങ്ങൾ അറിയിച്ചുകൊണ്ട് നമ്മുടെ സ്വർഗ്ഗീയ അമ്മയ്ക്ക് ഒരു കത്ത് എഴുതുക.

## വിശ്വാസപരിശീലന കേന്ദ്ര വാർത്തകൾ

കാലാവസ്ഥാകെടുതികൾ ജീവിതത്തിന്റെ പദ്ധതികളെല്ലാം തകിടം മറിക്കുന്ന ജീവിതാനുഭവങ്ങളുടെ മദ്ധ്യേ കടന്നുവരുന്നു; ദൈവേഷ്ടം മാത്രം നിറവേറ്റാൻ ജീവിച്ച പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ. കൃപനിറഞ്ഞവളും കർത്താവു കൂടെയുണ്ടായിരുന്നവളുമായ അവൾ കടുത്ത ജീവിതസഹനങ്ങളിലൂടെ കടന്നുപോയി. പക്ഷേ, ആ യാത്ര പരാജയങ്ങളുടെ പാതാളങ്ങളിലേക്കായിരുന്നില്ല. ഈശോയോടൊപ്പമുള്ള സ്വർഗ്ഗീയ മഹത്വത്തിലേക്കാണ്. “സകല തലമുറകളും അനുഗൃഹീത എന്നു വിളിക്കുന്ന” ജന്മം! സ്വർഗ്ഗീയ മഹത്വത്തെ ലക്ഷ്യം വച്ച് മുന്നേറി നമ്മുടെയും ജന്മത്തെ സഫലമാക്കാൻ പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ പ്രചോദനം നൽകട്ടെ. ഈശോയെ കൂടുതൽ അടുത്തറിയാനും അനുഭവിക്കാനും നമുക്കിടയാകട്ടെ. അർദ്ധവാർഷിക പരീക്ഷകൾ അടുത്തമാസം വരുന്നതുകൊണ്ട്, ഈശോയെ കൂടുതലായി അറിയാൻ കുട്ടികൾ പഠനത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ അധ്യാപകരും മാതാപിതാക്കളും അവരെ പ്രോത്സാഹിപ്പിക്കണം.

1. **പ്രിൻസിപ്പൽമാരുടെ കോൺഫ്രൻസ്**

| | | |
|---|---|---|
| തിയ്യതി | : | സെപ്റ്റംബർ 29 |
| ദിവസം | : | ഞായർ |
| സമയം | : | 02.30 PM |
| സ്ഥലം | : | ഡി.ബി.സി.എൽ.സി., തൃശ്ശൂർ |

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രാതിനിധ്യം ഇല്ലാതെ വരരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

2. **അർദ്ധവാർഷിക പരീക്ഷകൾ**

**A. ഞായർ വിശ്വാസപരിശീലനം**

സമയം : 02.00PM - 04.00 PM

| | | |
|---|---|---|
| 2019 ഒക്ടോബർ 6 | : | Stds. I, III, V, VII, IX, XI |
| 2019 ഒക്ടോബർ 13 | : | Stds. II, IV, VI, VIII, X, XII, ACC |

പരീക്ഷകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ വിശ്വാസപരിശീലന മാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിരിക്കുന്നത് കൃത്യമായും പാലിക്കേണ്ടതാണ്. വിശ്വാസപരിശീലകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. വിശ്വാസപരിശീലന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക-വാർഷിക പരീക്ഷകൾക്ക് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും നൽകുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. അർദ്ധവാർഷിക പരീക്ഷകളുടെ ഉത്തരകടലാസ് പരിശോധന വികാരിയച്ചന്റെയും പ്രിൻസിപ്പൽമാരുടേയും നേതൃത്വത്തിൽ ഒരു നിശ്ചിത ദിവസം എല്ലാ വിശ്വാസപരിശീലകരും ഒന്നുചേർന്ന് നടത്തുന്നത് മൂല്യനിർണ്ണയത്തിന് കാലതാമസം വരാതിരിക്കാൻ സഹായിക്കും. അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ ഉത്തരസൂചിക ഒക്ടോബർ 15-ന് ശേഷം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിശ്വാസപരിശീലനവിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്. അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ട അവസാന തിയ്യതി നവംബർ 6 ആണെന്ന് ഓർമ്മിപ്പിക്കുന്നു.

**B. സ്കൂൾ വേദോപദേശം & സന്മാർഗ്ഗശാസ്ത്രം അർദ്ധവാർഷിക പരീക്ഷകൾ**

| | | |
|---|---|---|
| തിയ്യതി | : | സെപ്റ്റംബർ 27 വെള്ളി |
| രാവിലെ | : | Stds. I, III, V, VII, IX, XI |
| ഉച്ചക്കുശേഷം | : | Stds. II, IV, VI, VIII, X, XII |

ചോദ്യപേപ്പർ പാക്കറ്റുകൾ സെപ്റ്റംബർ 23–ാം തിയ്യതി മുതൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും കൊണ്ടുപോകാവുന്നതാണ്.

**3. ഞായർ വിശ്വാസപരിശീലനം: Re-Examination & Examination for Absentees**

വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84–85 കാണുക.

**4. സോഫ്റ്റ് വെയറും പരീക്ഷകളും**

വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട വിവിധകാര്യങ്ങൾ ക്രമീകരിക്കുന്നത് യൂണിറ്റുകൾ സോഫ്റ്റ് വെയറിൽ കൊടുത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനാൽ യൂണിറ്റുകളിൽ നിന്നുള്ള ഡാറ്റ എപ്പോഴും കൃത്യമാക്കണം. അർദ്ധവാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പറുകൾ നൽകുന്നതിനുള്ള എണ്ണം കണക്കാക്കുന്നത് 'Student Summary' യിൽ നിന്നുമാണ്. അതനുസരിച്ചായിരിക്കും യൂണിറ്റുകളിലേക്ക് ചോദ്യപേപ്പർ നൽകുന്നത്. സെപ്റ്റംബർ 1 നു ശേഷം 'Student Summary' യിൽ വരുത്തുന്ന മാറ്റങ്ങൾ യൂണിറ്റിലേക്കു തരുന്ന ചോദ്യപേപ്പറിന്റെ എണ്ണത്തിൽ ഉണ്ടായിരിക്കുകയില്ല. ആയതിനാൽ വിദ്യാർത്ഥികളുടെ എണ്ണം കൃത്യമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക.

**5. സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള ഒരുക്കം**

4 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ നിന്നും സ്കോളർഷിപ്പ് പരീക്ഷയ്ക്ക് നിർദ്ദേശിക്കുന്ന വിദ്യാർത്ഥികളുടെ പ്രിലിമിനറി രജിസ്ട്രേഷൻ സോഫ്റ്റ് വെയറിൽ ചെയ്യുകയും അർദ്ധവാർഷിക പരീക്ഷയുടെ ഉത്തരകടലാസ്സുകൾ ലിസ്റ്റ് സഹിതം വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകുകയും ചെയ്യേണ്ട അവസാന തിയ്യതിയും നവംബർ 6 ആണ്.

**6. Std. XII വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം Std. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200

pix)ആണ്  അപ്‌ലോഡ് ചെയ്യേണ്ടത്).

7. **പ്രോഗ്രസ്സ് റിപ്പോർട്ട്**

കുട്ടികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ഫോമുകൾ ഡി. ബി. സി. എൽ. സി. യിലെ റിലീജ്യസ് സ്റ്റാളിൽ നിന്നും വാങ്ങാവുന്നതാണ്.

8. **ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2019**

അധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷ യൂണിറ്റ് തലം
2019 ഒക്ടോബർ 20 ഞായർ – 03.00 PM - 04.30PM

NB: പഠനത്തിനുള്ള പുസ്തകം *വിശ്വാസവഴിയിലെ സംശയങ്ങൾ* ചോദ്യോത്തരരൂപത്തിലുള്ളതാകയാൽ വേറെ മാതൃകാ ചോദ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതല്ല. താഴെപ്പറയുന്ന തരത്തിലുള്ള ചോദ്യങ്ങളുണ്ടായിരിക്കും.

1. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക
2. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക
3. അരപേജിൽ കവിയാതെ ഉത്തരമെഴുതുക
4. ഒരുപേജിൽ കവിയാതെ ഉത്തരമെഴുതുക

9. **വിദ്യാർത്ഥികൾക്കുള്ള സെമിനാർ**

"ദൈവാനുഭവവും വിശ്വാസവളർച്ചയും" എന്ന വിഷയത്തെപ്പറ്റി ക്ലാസ്സെടുക്കുന്നതിന് പരിശീലനം പൂർത്തിയാക്കിയ റിസോഴ്സ് ടീം അംഗങ്ങളുടെ ലിസ്റ്റ് ബ്ലോഗിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സസ്നേഹം,

**Fr. Tens Kunnappilly**
**Fr. Rijo Vithayathil**
**Fr. Justin Poozhikunnel**
**Fr. Royson Kollannur**
Asst. Directors

**Fr. Raphael Akkamattathil**
Director

# Institute of THEOLOGY

1. **B.A. in Theology and Religious Studies:**

   ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് DBCLCയിലെ Institute of Theology Officeമായി ബന്ധപ്പെടുക.

   ബി. എ. തിയോളജി വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകിയ ലുവെയിനിലെ പ്രൊഫസർ Msgr. Dr. Gabriel Quicke ന് പ്രത്യേകം നന്ദി.

   2019 ആഗസ്റ്റ് 10 ന് മേരിമാതാ മേജർ സെമിനാരിയിൽ നടത്തിയ ഇന്റർനാഷണൽ സിംപോസിയത്തിൽ ബി. എ. തിയോളജി വിദ്യാർത്ഥികളെല്ലാം പങ്കെടുത്തു.

   കോഴ്സ് പൂർത്തിയാക്കിയ ഫെലിക്സ് സി. കണ്ടത്തിൽ (ബ്രദർ. അഗസ്റ്റിൻ ഛഉടഛര), മേരിക്കുട്ടി A.K (സി. ബ്രൈറ്റി CSC) എന്നീ വിദ്യാർത്ഥികൾ ആഗസ്റ്റ് 18 ന് Dissertation Defense നടത്തി. ഉന്നതവിജയം കരസ്ഥമാക്കി ഇരുവർക്കും അഭിനന്ദനങ്ങൾ നേരുന്നു.

2. **Correspondence Theology Course:**

   കറസ്പോണ്ടൻസ് തിയോളജി കോഴ്സിന്റെ പുതിയ ബാച്ച് 2019 ജൂലൈ 28–ാം തിയ്യതി ആരംഭിച്ചു. പുതിയതായി ചേർന്ന എല്ലാവർക്കും തിയോളജി ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ പ്രത്യേക അഭിനന്ദനങ്ങൾ.

   കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ചെയർ ഫോർ ക്രിസ്റ്റ്യൻ സ്ററഡീസിന്റെ അംഗീകാരമുള്ള കോഴ്സാണിത്. മാസത്തിലെ രണ്ട്, നാല് ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ DBCLC-യിലെ Institute of Theology Office മായി ബന്ധപ്പെടുക.

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ സെപ്റ്റം ബർ 8, സെപ്റ്റംബർ 22 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.
കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ Comprehensive oral examination സെപ്റ്റംബർ 8നും, Comprehensive written examination സെപ്റ്റം ബർ 21നും 2 PM മുതൽ 5 PM വരെയായിരിക്കും.

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ




# മേരിമാത സെമിനാരി

**1. വിശുദ്ധ വിയാനിയുടെ തിരുനാൾ**

വൈദികരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 2, 3 തിയ്യതികളിലായി ആഘോഷിച്ചു. 2–ാം തിയ്യതി വൈകീട്ട് നടന്ന വേസ്പരക്ക് ബഹുമാനപ്പെട്ട ഫാ. സൈജോ തൈക്കാട്ടിൽ കാർമ്മികത്വം വഹിച്ചു. ഫാ. ഫ്രീജോ പാറയ്ക്കൽ വചന സന്ദേശം നൽകി. 3–ാം തിയ്യതി രാവിലെ തൃശൂർ അതിരൂപതാ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ തിരുനാൾ ദിവ്യബലിക്ക് കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. അന്നേ ദിവസം വൈകീട്ട് ഒന്നാം വർഷ തത്വശാസ്ത്ര–ദൈവശാസ്ത്ര വിദ്യാർത്ഥികൾ ആശയസമ്പുഷ്ടമായ കലാപരിപാടികൾ അവതരിപ്പിച്ചു.

**2. രക്തദാനം മഹാദാനം**

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ആഗസ്റ്റ് 3–ാം തിയ്യതി തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ബ്ലഡ് ബാങ്കിലേക്ക് സെമിനാരിയിലെ വൈദികരും ബ്രദേഴ്സും ഉൾപ്പെടെ 48 പേർ രക്തം ദാനം ചെയ്തു.

**3. തത്വശാസ്ത്ര വിഭാഗത്തിന് അഫിലിയേഷൻ**

മേരിമാതാ മേജർ സെമിനാരിയിലെ തത്വശാസ്ത്ര വിഭാഗം പൂനയിലെ ജ്ഞാനദീപ വിദ്യാപീഠവുമായി അഫിലിയേറ്റ് ചെയ്യുന്നതിന് റോമിലെ കത്തോലിക്ക വിദ്യാഭ്യാസത്തിനുള്ള കാര്യാലയം അനുമതി നല്കിതായി ആഗസ്റ്റ് 4–ാം തിയ്യതി അറിയിപ്പു ലഭിച്ചു. അഫിലിയേഷൻ നടപടികൾ വിജയകരമായി പൂർത്തിയാക്കാൻ ആത്മാർത്ഥമായി പ്രയത്നിച്ച സെമിനാരി തത്വശാസ്ത്ര വിഭാഗത്തിന്റെ തലവനായ റവ. ഫാ. ചാക്കോ നടക്കവേലിയ്ക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**4. സിമ്പോസിയം**

Marymatha Encounters of Pastoral Challenges (MEPC) -ന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 9, 10 തിയ്യതികളിലായി എക്യുമെനിസം എന്ന വിഷയത്തെ അധികരിച്ച് 12–ാമത് സിമ്പോസിയം സംഘടിപ്പിക്കപ്പെട്ടു. തിരുവല്ല ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് സിമ്പോസിയം ഉദ്ഘാടനം ചെയ്ത് പ്രബന്ധം അവതരിപ്പിച്ചു. രണ്ടുദിവസങ്ങളിലായി വിദഗ്ധരായ ദൈവശാസ്ത്രജ്ഞർ വിവിധവേദികളിലായി 20 പഠന പ്രബന്ധങ്ങളാണ് അവതരിപ്പിച്ചത്. ലുവെയ്ൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള മോൺ. ഗബ്രിയേൽ ക്വിക്കെ, കോട്ടയം SEERI യിൽ നിന്നുള്ള ഡോ. ജേക്കബ് തെക്കെപറമ്പിൽ, ജർമ്മനിയിലെ വലാൻഡർ ഫിലോസഫി–തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള പ്രൊഫ. ജോവാക്കിം ഷ്മീഡിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ച പ്രമുഖരിൽ ഉൾപ്പെടുന്നു.

**5. AIGA 2K19**

AIGA 2K19 എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ള ഈ വർഷത്തെ കുടുംബദിനത്തോടനുബന്ധിച്ചുള്ള മൽസരങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം ആഗസ്റ്റ് 12–ാം തിയ്യതി വൈകീട്ട് പുത്തൂർ ഫൊറോന പള്ളി അസി. വികാരിയുമായ ഫാ. പ്രതീഷ് കല്ലറയ്ക്കൽ നിർവഹിച്ചു. നാല് ഗ്രൂപ്പുകളായിട്ടാണ് മൽസരങ്ങൾ നടക്കുക. ഫാ. സിബി ചെറുതോട്ടിൽ, ഫാ. സാജൻ പിണ്ടിയാൻ എന്നിവരാണ് മൽസരങ്ങൾക്ക് നേതൃത്വം നൽകുന്നത്.

**6. സ്വർഗ്ഗാരോപണ തിരുനാൾ, സ്വാതന്ത്ര്യദിനാഘോഷം**

പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ ദിനത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. അതിനുശേഷം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ദേശീയ പതാക ഉയർത്തുകയും പ്രതിജ്ഞ ചൊല്ലുകയും ചെയ്തു.

മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ സ്വാതന്ത്ര്യദിന സന്ദേശം പകരുന്ന ഡിസ്പ്ലേ അവതരിപ്പിച്ചു. വൈകീട്ട് നടന്ന സമ്മേളനത്തിൽ ശ്രീ. ടി.എൻ. പ്രതാപൻ (തൃശൂർ ലോകസഭാ മണ്ഡലം എം.പി.) മുഖ്യാതിഥിയായിരുന്നു

**7. മാസധ്യാനം**

ആഗസ്റ്റ് മാസത്തെ ധ്യാനം 16,17 തിയ്യതികളിലായിരുന്നു. ബഹു. ഫാ. രാജു ചാക്കനാട്ട് SDB ആയിരുന്നു ധ്യാനം നയിച്ചത്. ക്രിസ്തു കേന്ദ്രീകൃതജീവിതത്തിൽ വളർച്ച പ്രാപിക്കാൻ ആവശ്യമായ ആത്മീയ പ്രചോദനങ്ങൾ സ്വാംശീകരിച്ചെടുക്കാൻ ധ്യാനം എല്ലാവരെയും സഹായിച്ചു.

**8. ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. ശ്രീമതി കവിത ജോൺസൺ, പെല്ലിശ്ശേരി ഹൗസ്, തൃശ്ശൂർ.
2. ശ്രീമതി സി. എൽ. മേരി ടീച്ചർ, ചിരിയങ്കണ്ടത്ത് ഹൗസ്, പൂവ്വത്തൂർ.

**Wellwisher Membership**

1. ശ്രീ. സി. എ. ജോസ്, ചിറ്റിലപ്പിള്ളി ഹൗസ്, തിരൂർ.
2. ശ്രീ. സി. എ. ജോർജ് & റോസ് മേരി, *നിരഞ്ജന*, ചാലിശ്ശേരി ഹൗസ്, ചേറൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# സെ. മേരീസ് മൈനർ സെമിനാരി

**1. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂലൈ 25ന് വി. യാക്കോബ് ശ്ലീഹയുടെ നാമധാരിയായ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് സെമിനാരി കുടുംബം തിരുനാൾ ആശംസകൾ നേർന്നു. അഭിവന്ദ്യ തൂങ്കുഴി പിതാവ് അന്നേദിവസം വി. ബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

2. **വിനോദയാത്ര**

സെമിനാരിയിലെ വിദ്യാർത്ഥികൾ ജൂലൈ 27ന് വിവിധ ഗ്രൂപ്പുകളിലായി തൃശ്ശൂർ ജില്ലയിലെ വിവിധ സ്ഥലങ്ങളിലേക്ക് ഉല്ലാസയാത്ര നടത്തി.

3. **അതിരൂപത വൈദികകൂട്ടായ്മ**

തൃശ്ശൂർ അതിരൂപതയിലെ വൈദിക കൂട്ടായ്മ 2019 ആഗസ്റ്റ് 5ന് മൈനർ സെമിനാരിയിൽ കൂടുകയുണ്ടായി. അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ, വൈദികരുടെ സുവർണ്ണ–രജത ജൂബിലി, വൈദികരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ എന്നിവ സമുചിതമായി ആചരിച്ചു. അഭിവന്ദ്യപിതാക്കന്മാരും ജൂബിലേറിയൻസും അന്നത്തെ ദിവ്യബലിയിൽ കാർമ്മികരായിരുന്നു. ബഹു. ലോറൻസ് ഒലക്കേങ്കിലച്ചനായിരുന്നു ദിവ്യബലി മധ്യേ വചനസന്ദേശം നൽകിയത്. വി. ബലിക്കുശേഷമുള്ള സ്നേഹവിരുന്നിനെ തുടർന്ന് നടത്തപ്പെട്ട പൊതുമീറ്റിംഗിൽ അഭിവന്ദ്യ മാർ തൂങ്കുഴി പിതാവിനും ജൂബിലേറിയൻസിനും മംഗളങ്ങളും ആശംസകളും നേരുകയുണ്ടായി.

4. **വി. വിയാനിയുടെ തിരുനാൾ**

വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4ന് സമുചിതമായി ആഘോഷിച്ചു. ബഹു. സജീവ് ഇമ്മട്ടിയച്ചൻ ആഘോഷമായ റാസ കുർബാനക്ക് കാർമ്മികനാവുകയും സന്ദേശം നൽകുകയും ചെയ്തു. വിയാനി ഡേയോടനുബന്ധിച്ച് വി. വിയാനിയുടെ ജീവിതത്തെ ആസ്പദമാക്കി വിവിധ ഗ്രൂപ്പുകൾ സെമിനാരിയിൽ കലാപരിപാടികൾ അവതരിപ്പിക്കുകയും വിദ്യാർത്ഥികൾക്കു വേണ്ടി ക്വിസ് മത്സരം നടത്തുകയും ചെയ്തു.

5. **മാസധ്യാനം**

ആഗസ്റ്റ് 9, 10 തീയതികളിലായി മാസധ്യാനം നടന്നു. ബഹു. ജിജോ മുരിങ്ങാത്തേരിയച്ചൻ ഡിഗ്രി വിദ്യാർത്ഥികൾക്കും ബഹു. ജിമ്മി എടക്കുളത്തൂരച്ചൻ മൈനർ സെമിനാരിക്കാർക്കും റീജൻസി ചെയ്യുന്നവർക്കും ധ്യാനചിന്തകൾ നൽകി.

6. **സ്വർഗ്ഗാരോപണ തിരുനാൾ – ഇന്ത്യൻ സ്വാതന്ത്ര്യദിനം**

ആഘോഷമായ തിരുനാൾ വിശുദ്ധ കുർബാനക്ക് ബഹു. ഫ്രാൻസിസ് കൂത്തൂരച്ചൻ കാർമ്മികത്വം വഹിച്ചു. സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി ദേശീയ പതാക ഉയർത്തി.

**7. പരീക്ഷകൾ, അവധിക്കാലം**

സെമിനാരിയിലെ ഈ അധ്യയന വർഷത്തിലെ ആദ്യടേം പരീക്ഷകൾ 2019 ആഗസ്റ്റ് 22 മുതൽ സെപ്തംബർ 7 വരെയുള്ള ദിവസങ്ങളിൽ നടക്കുന്നു. സെപ്തംബർ 8 മുതൽ ഓണാവധി ആരംഭിക്കും.

**8. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി സിജി ഷൈൻ, കിടങ്ങൻ ഹൗസ്, ഒല്ലൂക്കര
2. ശ്രീ. സുമിറ്റ് കുന്നുങ്കൽ, ഹൈദ്രാബാദ്
3. സെ. ജോൺ മരിയ വിയാനി യൂണിറ്റ്, നോർത്ത് കാരമുക്ക്
4. ശ്രീമതി ലില്ലി റപ്പായി, അറക്കൽ ഹൗസ്, വടൂക്കര

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. മെഡിക്കൽ വിദ്യാർത്ഥികൾക്ക് പുതിയ അദ്ധ്യയനവർഷം**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പതിനേഴാമത്തെ എം. ബി. ബി. എസ് വിദ്യാർത്ഥികളുടെ വിദ്യാരംഭചടങ്ങ് അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. നൂറ് വിദ്യാർത്ഥികളും, മാതാപിതാക്കളും ചടങ്ങിൽ സംബന്ധിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ്, പി.ടി.എ. പ്രസിഡണ്ട് ശ്രീനാരായണ പിള്ള എന്നിവർ ആശംസകൾ നേർന്നു. പി. ടി.എ. കോർഡിനേറ്റർ ഡോ. പി. ടി. അണ്ണാമലൈ നന്ദി പറഞ്ഞു.

2. **അലൈഡ് ഹെൽത്ത് സയൻസ് ഗ്രാജുവേഷൻ**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗ്രാജുവേഷൻ സെറിമണിയും, പുതിയ ബാച്ച് പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്വീകരണവും നടന്നു. ലാബ്, എക്സ്റേ, അനസ്തേഷ്യ, ഒഫ്താൽമോളജി, മെഡിക്കൽ റെക്കോർഡ്സ് എന്നീ വിഭാഗങ്ങളിലാണ് ഡിപ്ലോമ പഠനത്തിനായി വിദ്യാർത്ഥികൾ വന്നിട്ടുള്ളത്. തൃശ്ശൂർ ക്രൈംബ്രാഞ്ച് എസ്. പി. ശ്രീ. സുദർശൻ ഉദ്ഘാടനം നിർവ്വഹിച്ചു.

3. **അഭിനന്ദനങ്ങൾ .. ആശംസകൾ ..**

കൊച്ചിയിൽ നടന്ന കാൻ ഇന്റർനാഷണൽ ന്യൂറോളജി അപ്ഡേറ്റിൽ പി. ജി. ന്യൂറോ ക്വിസിൽ ന്യൂറോളജി വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥികളായ ഡോ. മേരി ആൻ, ഡോ. നീന ബേബി എന്നിവർ ഒന്നാം സമ്മാനവും 50,000 രൂപ ക്യാഷ് അവാർഡും നേടി.

4. **ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീമതി ജൂലി ജോസ്, ആളൂർ ഹൗസ്, ആർത്താറ്റ് (28 ഡയാലിസിസ്)
- ശ്രീ. സി. വി. പോൾസൺ & ലോനപ്പൻ വർക്കി, ചിറയത്ത് ഹൗസ്, അഞ്ചേരി, തൃശ്ശൂർ (214 ഡയാലിസിസ്)
- ശ്രീ. തോമസ് സിറിയക്, മാമ്പ്രയിൽ ഹൗസ് (14 ഡയാലിസിസ്)
- കൈതാങ്ങ് ചാരിറ്റി, എടമുട്ടം (C/O അൻവർ) (42 ഡയാലിസിസ്)

5. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ശ്രീ. ദീപക് ആന്റണി, ആളൂക്കാരൻ ഹൗസ്, തൃശ്ശൂർ
- ശ്രീ. ജോസഫ്, മണിക്കുറ്റിയിൽ ഹൗസ്, മൈലിപ്പാടം, തൃശ്ശൂർ
- ശ്രീ. തോമസ് വർഗ്ഗീസ്, തറയിൽ ഹൗസ്, ഒല്ലൂക്കര, തൃശ്ശൂർ

**ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**1. അക്കാദമിക് റിട്രീററ്**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർക്കായി എട്ട് ദിവസത്തെ അക്കാദമിക് റിട്രീററ് നടത്തി. പ്രസ്തുത പരിശീലന പരിപാടി മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. പ്ലേസ്മെന്റ് & ട്രൈനിംഗ് ഓഫീസർ ബിബിൻ ജോയ്, അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, പ്രിൻസിപ്പൽ ഫാ. ജെയ്സൺ പോൾ മുളേരിക്കൽ, അഡ്മിനിസ്ട്രേററർമാരായ തോമസ് മാത്യു, ബോബി പീററർ, ജേക്കബ് എടക്കളത്തൂർ, ഡിപ്പാർട്ട്മെന്റ് മേധാവികൾ തുടങ്ങിയവർ നേതൃത്വം നല്കി.

**2. ഫാക്കൽററി ഡെവലപ്മെന്റ് പ്രോഗ്രാം**

എമർജിംഗ് ട്രെന്റ്സ് ഇൻ വിഎൽഎസ്ഐ, എംബഡഡ് സിസ്റ്റംസ് ആന്റ് ഇന്റ്സ് അപ്ലിക്കേഷൻ ഇൻ ബയോമെഡിക്കൽ സെക്ടർ എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ പ്രോഗ്രാം നടത്തി. തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഓർത്തോപീഡിക്ക് പ്രൊഫ. ഡോ. കുരിയൻ ആലപ്പാട്ട് മുഖ്യ പ്രഭാഷകനായിരുന്നു. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റാണ് ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടത്തിയത്. ഡോ. ജോസ് പി തേറാട്ടിൽ, നിനി കെ.എ. എന്നിവർ നേതൃത്വം നൽകി..

**3. ഇന്റക്ഷൻ സെറിമണി**

ഈ വർഷത്തെ പുതിയ ബി.ടെക് ബാച്ചിലെ വിദ്യാർത്ഥികളുടെ ഇന്റക്ഷൻ സെറിമണി തൃശൂർ അതിരൂപതാ മെത്രോപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, പ്രിൻസിപ്പൽ ഫാ. ജെയസ്ൺ പോൾ മുളേരിക്കൽ സി.എം.ഐ., അഡ്മിനിസ്ട്രേററർമാരായ തോമസ്

മാത്യു, ബോബി പീററർ, വൈസ് പ്രിൻസിപ്പൽ രത്നൻ പി., കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി ജിഷ്ണു വി നായർ തുടങ്ങിയവർ പ്രസംഗിച്ചു.

**4. എം.ടെക് ഇന്റക്ഷൻ സെറിമണി**

എം.ടെക് ഒന്നാം വർഷ വിദ്യാർത്ഥികളുടെ ഇന്റക്ഷൻ സെറിമണി അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ ഉദ്ഘാടനം ചെയ്തു. പി.ജി. വിദ്യാർത്ഥികളുടെ ഡീൻ ഡോ. ഷിജോഹ് വി. പങ്കെടുത്ത് സംസാരിച്ചു.

**5. ഓറിയന്റേഷൻ പ്രോഗ്രാം**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ പുതിയ സ്റ്റാഫംഗങ്ങളുടെ ഓറിയന്റേഷൻ പ്രോഗ്രാം പ്രിൻസിപ്പൽ ഫാ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ. ഉദ്ഘാടനം ചെയ്തു. അഡ്മിനിട്രേററർ തോമസ് മാത്യു, റിസർച്ച് ഡയറക്ടർ സിസ്റ്റർ റോസ് അനിത, സിവിൽ എഞ്ചിനീയറിംഗ് വകുപ്പ് മേധാവി എസ്. രതീഷ് എന്നിവർ ക്ലാസ്സുകൾ നടത്തി.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി & അസി. മാനേജർ

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ



# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. പ്രവേശനോത്സവം സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ 2019–2021 അദ്ധ്യയന വർഷത്തിലെ ബി.എഡ് വിദ്യാർത്ഥികളുടെ പ്രവേശനോത്സവം ജൂലൈ 1ന് സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഫാ. ചാക്കോ ചിറമ്മൽ സ്വാഗതം നിർവ്വഹിച്ചു. മുള്ളൂർക്കര എൻ.എസ്.എസ് ഹയർ സെക്കന്ററി സ്കൂളിലെ പ്രധാന അദ്ധ്യാപിക ശ്രീമതി. വി.കെ.ഷൈലജ ടീച്ചർ ഉദ്ഘാടനം നിർവ്വഹിച്ചു.

2. **ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു**
മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ ജൂലൈ 5–ാം തിയ്യതി അസിസ്റ്റന്റ് മാനേജർ ഫാ. ബാബു അപ്പാടന്റെ നേതൃത്വത്തിൽ നവീകരണ ക്ലാസ് സംഘടിപ്പിച്ചു. പ്രസ്തുത ക്ലാസിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെ കുറിച്ചും വിദ്യാർത്ഥികൾ ആർജിച്ചെടുക്കേണ്ട പോസറ്റീവ് സ്വഭാവങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

3. **ടാലന്റ് ഡേ പ്രോഗ്രാം സംഘടിപ്പിച്ചു**
മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ ജൂലൈ 10, 11 തിയ്യതികളിൽ ടാലന്റ് ഡേ പ്രോഗ്രാം സംഘടിപ്പിച്ചു. വിവിധ ഓപ്ഷനുകളിലെ വിദ്യാർത്ഥികൾ അവരുടെ കഴിവുകൾ മികച്ച രീതിയിൽ അവതരിപ്പിച്ചു.

4. **ആയുർബഥാനിയ സന്ദർശിച്ചു**
മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ നിന്നും ജൂലൈ 15–ാം തിയ്യതി അത്താണി ആയുർബഥാനിയാ ആയുർവേദ ചികിത്സാ കേന്ദ്രത്തിലേക്ക് പഠനയാത്ര സംഘടിപ്പിച്ചു. ആയുർവേദ ചികിത്സയുടെയും ജൈവകൃഷിയുടെയും മഹത്വം വിദ്യാർത്ഥികളിൽ എത്തിക്കാൻ ഈ പഠനയാത്ര സഹായിച്ചു.

5. **ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു**
മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ ജൂലൈ 16–ാം തിയ്യതി രാവിലെ 10 മണിക്ക് സെന്റ് തോമസ് കോളേജ് മുൻ പ്രിൻസിപ്പാളും, എഴുത്തുകാരനുമായ ഫാ.ദേവസി പന്തല്ലൂക്കാരന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ ലഹരിക്കെതിരായുള്ള അദ്ദേഹത്തിന്റെ 'സ്ത്രീശക്തി' എന്ന പുസ്തകത്തിന്റെ പ്രകാശനവും നിർവ്വഹിച്ചു.

6. **യോഗ ക്ലാസ് സംഘടിപ്പിച്ചു**
മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ ജൂലൈ 17–ാം തിയ്യതി മുതൽ യോഗ ക്ലാസ് ആരംഭിച്ചു. കായിക അദ്ധ്യാപകനായ ഷിജോ ജോർജിന്റെ നേതൃത്വത്തിൽ രാവിലെ 10 മണി മുതൽ ക്ലാസ് തുടങ്ങി. തുടർന്ന് യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് ഒരു അവബോധ ക്ലാസും ഉണ്ടായിരുന്നു.

7. **മെറിറ്റ് ഡേ സംഘടിപ്പിച്ചു**
മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ ജൂലൈ 25–ാം തിയ്യതി 2017–2019 ബാച്ചിന്റെ മെറിറ്റ് ഡേ സംഘടിപ്പിച്ചു.

സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഡോ. ജോയ് കെ.എൽ. ആണ് മെറിറ്റ് ഡേ പ്രോഗ്രാമിന്റെ ഉദ്ഘാടനം നിർവഹിച്ചത്. പഠനത്തിൽ ഉന്നത വിജയം നേടിയ ഹരിത രാജനെയും മറ്റു വിദ്യാർത്ഥികളെയും അനുമോദിക്കുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ പി.എച്ച്.ഡി കരസ്ഥമാക്കിയ കോളേജിലെ മനഃശാസ്ത്ര അദ്ധ്യാപിക ശ്രീമതി ജിനു എം.ആർ ന് പുരസ്കാരം നൽകി അനുമോദിച്ചു.

**8. നാമഹേതുക തിരുനാൾ ആഘോഷിച്ചു**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ പ്രിൻസിപ്പാൾ ഫാ. ചാക്കോ ചിറമ്മലിന്റെ നാമഹേതുകതിരുനാൾ ജൂലൈ 25–ാം തിയ്യതി ആഘോഷിച്ചു.

**9. നെറ്റ് ബാങ്കിംഗ് ക്ലാസ് സംഘടിപ്പിച്ചു**

മുള്ളൂർക്കര കാത്തലിക്ക് സിറിയൻ ബാങ്കിന്റെ നേതൃത്വത്തിൽ ജൂലൈ 26–ാം തിയ്യതി ഉച്ചയ്ക്ക് 2 മണിക്ക് ഇന്റർനെറ്റ് ബാങ്കിന്റെയും മറ്റ് ഓൺലൈൻ ബാങ്കിംഗ് സൗകര്യങ്ങളെയും കുറിച്ച് ക്ലാസ് നടന്നു.

**10. സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ ആഗസ്റ്റ് 14–ാം തിയ്യതി ഇന്ത്യയുടെ 73–ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............ ആചരിക്കാൻ**

**2019 സെപ്തംബർ**

5 (വ്യാഴം) – അദ്ധ്യാപകദിനം
6 (വെള്ളി) – വി. മദർതെരേസ തിരുനാൾ
8 (ഞായർ) – പരിശുദ്ധ മറിയത്തിന്റെ ജനനതിരുനാൾ

| | | |
|---|---|---|
| 16 (തിങ്കൾ) | – | ഓസോൺ ദിനം |
| 21 (ശനി) | – | വി. മത്തായിശ്ലീഹാ |
| 27 (വെള്ളി) | – | വി. വിൻസെന്റ് ഡി പോൾ |

2. **അതിരൂപത അവാർഡ്ദിനം**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡ്ദിനപരിപാടികൾ 2019 നവംബർ 9 ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00 ന് സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. വിശദവിവരങ്ങൾ 2019 ജൂലൈ മാസത്തിലെ അതിരൂപത ബുള്ളററിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അർഹരായവരെ അതിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

3. **അദ്ധ്യാപക ദിനാശംസകൾ**

നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപകദിനം സെപ്തംബർ 5 ന് വ്യാഴാഴ്ച സമുചിതമായി കൊണ്ടാടുമല്ലോ. എല്ലാ അദ്ധ്യാപകർക്കും അദ്ധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

4. **മെയിന്റനൻസ് ഗ്രാന്റ് അപേക്ഷ**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഉപജില്ലാ, ജില്ലാ വിദ്യാ ്യാസ ഓഫീസുകളിൽ ഈ മാസം സമർപ്പിക്കേണ്ടതാണ്. മുൻ വർഷത്തിലെ ഗ്രാന്റ് ഇതുവരെയും ലഭിച്ചിട്ടില്ലായെങ്കിലും നടപ്പ് വർഷത്തെ അപേക്ഷ സമയത്ത് തന്നെ നൽകിയിരിക്കണം. പൂരിപ്പിച്ച അപേക്ഷ (4 കോപ്പികൾ വീതം) സെപ്തംബർ 18 ന് ബുധനാഴ്ചയ്ക്ക് മുൻപ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 20,000/ രൂപയ്ക്ക് മുകളിലുള്ള സംഖ്യയ്ക്ക് ഓഡിറ്റ് റിപ്പോർട്ടും ഹാജരാക്കണം. അപേക്ഷയിൽ കോർപറേറ്റ് മാനേജരാണ് ഒപ്പുവെയ്ക്കേണ്ടത്.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ




**1. Excel IAS Academy Civil Service & KAS Class**

എക്സൽ സിവിൽ സർവീസ് അക്കാദമിയുടെ നേതൃത്വത്തിൽ 2019 ജൂലായ് 21ന് നടന്ന സിവിൽ സർവീസ് എൻട്രൻസ് പരീക്ഷയിൽ മൂന്നൂറോളം പേർ പങ്കെടുത്തു. ഉന്നതവിജയം കരസ്ഥമാക്കി, 25% മുതൽ 100% വരെ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്കുള്ള Civil Service & KAS ഫുൾടൈം ബാച്ചിന്റെ ക്ലാസുകൾ ആഗസ്റ്റ് 5–ാം തിയതി ആരംഭിച്ചു.

ബിരുദമാണ് KAS (Kerala Administrative Service) നുള്ള അടിസ്ഥാന യോഗ്യത. ഐ.എ.എസിലേക്കുള്ള സംസ്ഥാനത്തിന്റെ ഒരു ഫീഡർ കാറ്റഗറിയായിട്ടാണ് KAS വിഭാവനം ചെയ്തിരിക്കുന്നത്. നവംബർ – ഡിസംബർ മാസങ്ങളിൽ നടക്കുന്ന KASന്റെ പ്രഥമ പരീക്ഷയ്ക്കുള്ള, ക്രാഷ് കോഴ്സ് സെപ്തംബർ മാസത്തിൽ Excel IAS Academy യിൽ ആരംഭിക്കുന്നു.

Contact:- 9744941585, 9188592400, 9847276657,

**2. എക്സൽ സൗജന്യ പി.എസ്.സി. കോച്ചിങ്ങ്**

എക്സൽ പി.എസ്.സി. അക്കാദമിയുടെ നേതൃത്വത്തിൽ 2019 ആഗസ്റ്റ് 18–ാം തിയതി ഞായറാഴ്ച 11 മണിക്ക്, തൃശൂർ ബിഷപ്പ് ഹൗസ്, DBCLC, എക്സൽ അക്കാദമി കാമ്പസിൽ വെച്ച് ഒരു എൻട്രൻസ് പരീക്ഷ നടത്തി. 350 പേർ പരീക്ഷയിൽ പങ്കെടുത്തു. അതിൽ ഉന്നതവിജയം കരസ്ഥമാക്കുന്നവർക്ക് റാങ്ക് അടിസ്ഥാനത്തിൽ 25% മുതൽ 100% വരെ എക്സൽ പി.എസ്.സി. അക്കാദമിയിൽ പി.എസ്.സി പഠനത്തിന് സ്കോളർഷിപ്പുകൾ നൽകുന്നു. തെരഞ്ഞെടുക്കുന്ന പത്ത് വിദ്യാർത്ഥികൾക്ക് ഒരു വർഷം സൗജന്യ സിവിൽ സർവീസ് കോച്ചിങ്ങും അനുവദിക്കുന്നു.

Contact : 9744941585, 9495278764

**3. Excel K - TET Class**

എക്സൽ K-TET അക്കാദമിയുടെ നേതൃത്വത്തിൽ K-TET ആറാമത്തെ ബാച്ചിന്റെക്ലാസുകൾ ബിഷപ്പ് ഹൗസ്, DBCLC, എക്സൽ അക്കാദമി കാമ്പസിൽ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു. കഴിഞ്ഞ ബാച്ചിൽ പ്രശസ്ത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങളും ആശംസകളും.

Contact: 9744941585, 9847276657

**4. Excel Med. / Eng. Entrance - Repeater Batch**

Excel Med. / Eng. Entrance - Repeater ബാച്ചിന്റെ ക്ലാസുകൾ, ബിഷപ്പ് ഹൗസ്, DBCLC, എക്സൽ അക്കാദമി കാമ്പസിൽ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

**5. Excel Med. / Eng. Entrance - Plus I / Plus II Tuition & Entrance Class**

Excel Med. / Eng. Entrance, Plus I, Plus II, Tuition plus entrance ക്ലാസുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

Contact: 8907504280, 9744941585

**6. എക്സൽ സ്പോൺസർഷിപ്പ് പ്രോഗ്രാം**

സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന, പഠിക്കുവാൻ മിടുക്കരായ കുട്ടികളുടെ പഠനസഹായത്തിനായി, തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ, എക്സൽ അക്കാദമി ഈ വർഷം ഒരു പുതിയ സ്പോൺസർഷിപ്പ് പ്രോഗ്രാം നടപ്പിലാക്കുന്നു. തൃശൂർ അതിരൂപതയിലെ ഇടവകകൾ, ഇടവക വികാരിമാർ, സാമ്പത്തിക സഹായം ചെയ്യുവാൻ ആഗ്രഹിക്കുന്ന മഹദ് വ്യക്തികൾ, സംഘടനകൾ എന്നിവർ ഈ സ്പോൺസർഷിപ്പ് പ്രോഗ്രാമുമായി ബന്ധപ്പെട്ട്, ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 50,000/–, 25000/– എന്നീ സംഖ്യകൾ സംഭാവനയായി തരുന്ന സ്പോൺസർമാർക്ക്, ഒരു വർഷം മൂന്ന് കുട്ടികളെവരെ, എക്സൽ അക്കാദമിയുടെ, മെഡിക്കൽ, എഞ്ചിനീയറിങ്ങ് എൻട്രൻസ്, സിവിൽ സർവീസ് കോച്ചിങ്ങ്, ഓറിയന്റേഷൻ, ഫൗണ്ടേഷൻ, എന്നീ കോഴ്സുകളിൽ സൗജന്യമായി പഠിപ്പിക്കുന്നതിന് അവസരം ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക്

PH:- 9846905210, 9744941585, 9847276657

**ഫാ. ഡേവീസ് തെക്കേകര**

ഡയറക്ടർ

# സാന്ത്വനം

1. **നാമഹേതുക തിരുനാൾ ആഘോഷിച്ചു**

വി. യാക്കോബ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് സാന്ത്വനം, അസി. ഡയറക്ടർ ഫാ. സിന്റോ തൊറയന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. വൈസ് ചെയർമാൻ ശ്രീ. പോൾ സി.കെ, ശ്രീമതി ജോയ്സി സ്റ്റീഫൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിക്കുകയും സിന്റോ അച്ചൻ കേക്ക് മുറിച്ച് വിതരണം ചെയ്തുകൊണ്ട് സന്തോഷം അറിയിച്ചു.

2. **ഭവനങ്ങൾ ആശീർവദിച്ചു**

തൃശ്ശൂർ അതിരൂപതയുടെ പ്രളയാനന്തര പുനരുദ്ധാരണ പദ്ധതിയായ "സേവ് തൃശ്ശൂർ" പദ്ധതിയിലൂടെ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ഇറ്റാലിയൻ ബിഷപ്പ് കോൺഫ്രൻസിന്റെ സഹകരണത്തോടെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 13 ഭവനങ്ങളിൽ പണിപൂർത്തീകരിച്ച മൂന്നാമത്തേയും നാലമത്തേയും ഭവനങ്ങളുടെ ആശീർവാദവും താക്കോൽദാനവും തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. ചടങ്ങിൽ സേവ് തൃശ്ശൂർ കമ്മിറ്റിയംഗങ്ങൾ, സാന്ത്വനം ടീമംഗങ്ങൾ, ഇടവക വികാരിമാർ,ഇടവക പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

3. **ഇറ്റലിയിൽ നിന്നുള്ള പ്രതിനിധി സന്ദർശിച്ചു**

കാരിത്താസ് ഇറ്റാലിയാനയുടെയും ഇറ്റാലിൻ ബിഷപ്സ് കോൺഫ്രൻസിന്റെയും ആഭിമുഖ്യത്തിൽ, തൃശ്ശൂർ രൂപതയിൽ ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസിന്റെ നേതൃത്വത്തിൽ നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സാന്ത്വനത്തിന്റെ പ്രവർത്തനങ്ങളെ പഠിക്കുന്നതിനുമായി ഒരു മാസത്തെ സന്ദർശനത്തിനുവേണ്ടി ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസിന്റെ പ്രതിനിധി മിസ്. വെറോനിക്ക ബെർത്തോള എത്തിചേർന്നു. പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ,വീട് നിർമ്മാണം,കമ്മ്യൂണിറ്റി വികസന പ്രവർത്തനങ്ങൾ,കുടുംബോദ്ധാരണ പദ്ധതികൾ,വനിതാശാക്തീകരണ പദ്ധതികൾ,ജെ.എൽ.ജി–എസ്.എച്ച്.ജി

കൾ, എന്നീ മേഖലകളിൽ ചെയുന്ന പ്രവർത്തനങ്ങൾ നിരീക്ഷി കുകയും, വിലയിരുത്തുകയും, ഫീൽഡ് സന്ദർശനം നടത്തുകയും ചെയ്തു.

4. **"നവജീവൻ" പ്രോജക്ടിന് തുടക്കമായി**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പി ലാക്കുന്ന പ്രകൃതി ദുരന്ത നിവാരണ പദ്ധതിയായ നവജീവൻ പ്രോജക്ട് ആരംഭിച്ചു.പദ്ധിയുടെ വിശദീകരണത്തിനായി കേരള ത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള ഡയറക്ടർമാരുടെ യോഗം കോട്ടയത്ത് ചേരുകയും പദ്ധതിയുടെ രൂപ രേഖ തയ്യാറാക്കുകയും ചെയ്തു. തുടർന്ന് കോർഡിനേറ്റർമാരുടെ 3 ദിവസം നീണ്ട നിന്ന പരിശീലന പരിപാടി സംഘടിപ്പികുകയും സാന്ത്വനം കോർഡിനേ റ്റർ ശ്രീ. നെൽസൺ തോമസ് പരിശീലന പരിപാടിയിൽ പങ്കു ചേരുകയും സാന്ത്വനത്തിൽ ഈ പദ്ധതിയിലൂടെ ചെയ്യുന്ന പ്രവർത്ത നങ്ങളുടെ കരടുരൂപം അവതരിപ്പിക്കുകയും ചെയ്തു.

5. **സാമൂഹ്യ ക്ഷേമസമിതിയുടെ അതിരൂപതാ മിറ്റിംഗ് നടത്തപ്പെ ട്ടു**

സാന്ത്വനത്തിന്റെ ഇടവകതല യൂണിറ്റായ, സാമൂഹ്യ ക്ഷേമ സമിതി ഭാരവാഹികളുടെ യോഗം ഫാമിലി അപ്പോസ്റ്റലേറ്റ് സെന്റ റിൽ വച്ച് നടത്തപ്പെട്ടു.സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്ത യോഗത്തിൽ, സാന്ത്വനം ഡയ റക്ടർ ഫാ. തോമസ് പൂപ്പാടി സാമൂഹ്യക്ഷേമസമിതിയുടെ പ്രവർത്ത നങ്ങളെക്കുറിച്ച് വിശദീകരിക്കുകയും വാർഷിക പദ്ധതി അവത രിപ്പിക്കുകയും ചെയ്തു. സാമൂഹ്യ ക്ഷേമ സമിതിയുടെ അതിരൂ പതാ കൺവീനറായി, ചെവ്വൂർ ഇടവകാംഗമായ ശ്രീ. പ്രീറ്റിനെ തെരെഞ്ഞെടുക്കപ്പെട്ടു.

6. **പുതിയ ഭരണ സമിതികൾ നിലവിൽ വന്നു**

സാന്ത്വനം സോഷ്യൽ അപ്പോസ്റ്റലേറ്റിന്റെ നിയന്ത്രണത്തിലുള്ള സാന്ത്വനം ട്രസ്റ്റ് സോഷ്യൽ ആക്ഷൻ, സോഷ്യൽ വെൽഫെയർ സെന്റർ എന്നിവയുടെ 2019–2022 വർഷങ്ങളിലേക്കുള്ള പുതിയ ജനറൽബോഡി–ഭരണസമിതി നോമിനേഷനുകൾ പൂർത്തിയാക്കു കയും പ്രഥമയോഗങ്ങൾ അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അധ്യക്ഷതയിൽ ചേരുകയും താഴെ പറയുന്ന വിധം പുതിയ ഗവേണിംഗ് ബോർഡുകൾ നില വിൽ വരുകയും ചെയ്തു.

**സാന്ത്വനം അപ്പസ്തോലേറ്റ് – സാന്ത്വനം ട്രസ്റ്റ്**

1. മോൺ.തോമസ് കാക്കശ്ശേരി – ചെയർമാൻ
2. ഫാ.തോമസ് പൂപ്പാടി – ഡയറക്ടർ
3. ശ്രീ. C. K.പോൾ – വൈസ് ചെയർമാൻ
4. ഫാ.ജോയ് മൂക്കൻ
5. ഫാ. സിന്റോ തൊറയൻ
6. ഫാ.ജോസ് വട്ടക്കുഴി
7. ശ്രീ. ബെന്നി ജോസഫ്
8. ശ്രീ. P. J. ജോണി
9. ശ്രീ. P. M. ഫ്രാൻസീസ്
10. ശ്രീ. C. J. ജെയിംസ്.
11. ശ്രീ. പോൾ പാലോക്കാരൻ.

**സോഷ്യൽ ആക്ഷൻ –സോഷ്യൽ വെൽഫയർ സെന്റർ**

1. മോൺ.തോമസ് കാക്കശ്ശേരി – പ്രസിഡന്റ്
2. റഫാ.തോമസ് പൂപ്പാടി – സെക്രട്ടറി
3. ഫാ.സിന്റൊ തൊറയൻ – അസി.സെക്രട്ടറി
4 ഫാ.ജോൺസൺ അന്തിക്കാട്
5. ശ്രീ. എ.എ.ആന്റണി – വൈസ്പ്രസിഡന്റ്
6. സി. ലിറ്റിൽ മേരി എഫ്.സി.സി
7. ശ്രീ. സി.കെ.പോൾ
8. ശ്രീ. സെബാസ്റ്റ്യൻ മഞ്ഞിയിൽ
9. ശ്രീ. മാന്റോ ആന്റണി
10. ശ്രീ. ജോജു മഞ്ഞില
11. ശ്രീ. ടോജോ മാത്യു
12. ശ്രീ. അനൂപ് മാത്യു
13. ശ്രീ. പി. സി. ഫ്രാൻസീസ്
14. ശ്രീ. സോണി അക്കര
15. പ്രൊ. എലിസബത്ത് മാത്യു

**7. ലാവൻഡർ ആർമി**

ആശാകിരണം സാന്ത്വനം എന്നിവയുടെ നേതൃത്വത്തിൽ ലാവൻഡർ ആർമിയുടെ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കാൻസർ സുരക്ഷയുടെ ഭാഗമായി, സെന്റ് സെബാസ്റ്റ്യൻസ് ചിറ്റാട്ടുക്കര, സെന്റ് മേരീസ് ചോവ്വന്നൂർ, ലിറ്റിൽ ഫ്ളവർ എച്ച്.എസ്. മമ്മിയൂർ, സെന്റ് ജോസഫ് കുരിയച്ചിറ, സെന്റ് ആന്റണീസ് അമ്മാടം, സെന്റ് സേവീയേഴ്സ് ചെവ്വൂർ, ക്രൈസ്റ്റ് കിംഗ് പാവർട്ടി

എന്നിവിടങ്ങളിൽ സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി "നോ പ്ലാസ്റ്റിക് നോ കാൻസർ " എന്ന വിഷയത്തെ ആസ്പദ മാക്കിയാണ് ബോധവത്കരണ ക്ലാസ്സുകൾ നൽകിയത്. കാൻസർ എങ്ങനെ പ്രതിരോധിക്കാം, പ്ലാസ്റ്റിക് നിർമാജനം എന്നിവയെ ക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയുകയും അതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷകരിക്കുകയും ചെയ്തു.

8. **ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിക്ക് വേണ്ടി പണം സ്വരൂപിക്ക ലിന്റെ ഭാഗമായി ഫണ്ട് മൊബിലൈസേഷൻ ഒളരി, നടത്തറ, പൂങ്കുന്നം, പടവരാട് എന്നീ ഇടവകളിൽ നടത്തി.

**ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവ കകളും സംഖ്യയും താഴെ ചേർക്കുന്നു.**

ചേരുംക്കുഴി–Rs.9,000/–,മണലൂർ–Rs.15,000/–, കോനിക്കര–Rs.3,400/–,പടവരാട്–Rs.18,000/–, കാഞ്ഞാണി–Rs.7,500/–.

9. **കപ്പാസിറ്റി ബിൽഡിങ്ങ് പരിശീലനം**

സാന്ത്വനം സോഷ്യൽ അപ്പസ്തോലേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റാഫു കൾക്കുവേണ്ടി കപ്പാസിറ്റി ബിൽഡിങ്ങ് പരിശീലനം ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. അതിനോടനുബന്ധിച്ച് വിവരവകാശനിയമം എന്ന വിഷയത്തെക്കുറിച്ച് കോർഡിനേറ്റർ ശ്രീ. നെൽസൺ സി.ടി. ബോധവത്കരണ ക്ലാസ്സ് നടത്തി. വിവരവകാശനിയമം ബന്ധപ്പെട്ട് നിയമങ്ങളും ശിക്ഷാനടപടികളും ഇന്ന് രാജ്യത്തിന്റെ വിവിധ ഭാഗ ങ്ങളിൽ ഈ നിയമത്തെക്കുറിച്ച് വന്നിട്ടുള്ള ഭേദഗതികളെപ്പറ്റി ചർച്ചകൾ നടന്നു.

10. **സേവ് എ ഫാമിലി**

സേവ് എ ഫാമിലിയുടെ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമി ലേക്ക് സേവ് എ ഫാമിലി പ്ലാനിന്റെ മാനദണ്ഢപ്രകാരം ഗുണ ഭോക്തൃ കുടുംബങ്ങൾ തങ്ങളെ സഹായിക്കുന്ന ഉപകാരികൾക്കുള്ള കത്തുകൾ അയച്ചു. പദ്ധതി മുഖേന ലഭിച്ച തുക കൊണ്ട് അവർ നടത്തിയ പ്രവർത്തനങ്ങളും കുടുംബത്തിലെ എല്ലാ അംഗങ്ങളുടെ വിവരങ്ങളും അടങ്ങുന്നതാണ് കത്ത്. 36 ഗുണഭോക്തൃ കുടും ബങ്ങളുടെ കത്തുകൾ അയച്ചു. SAFP കഴിഞ്ഞ മാസം FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

**ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും.**

പേരാമംഗലം–Rs.11,000/-, തല്ലോർ–Rs.23,500/- പലായൂർ–Rs.10,000,വില്ലടം –Rs.32,000/-,ചിറ്റിശ്ശേരി,–Rs.15,000/-,പുതുക്കാട്–Rs.12,000/-,വേല്ലുപാടം–Rs.10,000/-,പുറനാട്ടുക്കര–Rs.8,000/-, കണ്ണാറ–Rs.16,000/-,മണ്ണംപ്പേട്ട–Rs.8,000/-, ചേരുംക്കുഴി–Rs.7,000/-ചിറ്റില്ലപ്പിള്ളി–Rs.8,500/-,ഇരവിമംഗലം–Rs.13,000/,വെങ്ങിണിശ്ശേരി–Rs.10,000/-,നെല്ലിക്കുന്ന്–Rs.8,000/-,പള്ളിക്കുന്ന് –Rs.19,000, പെരിഞ്ചേരി–Rs.15,000/-,പെരുവള്ളൂർ–Rs.20,000/-,ചിറ്റാട്ടുക്കര–Rs.15,000/-,പറപ്പൂർ–Rs.7,500/-.

11. **പുതിയ അക്കൗണ്ടുകൾ ഓപ്പൺ ചെയ്തു**

സേവ് എ ഫാമിലിയുടെ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് സേവ് എ ഫാമിലിയുടെ മാനദണ്ഡങ്ങളനുസരിച്ച് വിവിധ പ്രദേശങ്ങളിൽ നിന്ന് പുതിയ 7 കുടുംബങ്ങൾ തെരെഞ്ഞടുക്കപ്പെട്ടു.തെരെഞ്ഞടുക്കപ്പെട്ട കുടുംബങ്ങൾക്ക് സഹായം എല്ലാ മാസവും അക്കൗണ്ടുകൾ വഴി നൽകുന്നതിനുവേണ്ടി അവരുടെ പേരിൽ അക്കൗണ്ടുകൾ ആരംഭിക്കുകയും ആദ്യമാസത്തെ സംഖ്യ വിതരണം ചെയുകയും ചെയ്തു.

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ




# സ്ലം സർവ്വീസ് സെന്റർ, കുരിയച്ചിറ

**1. സഹായധനം നൽകി**

കുരിയച്ചിറ നിത്യചൈതന്യ അയൽക്കൂട്ടത്തിലെ അംഗം തങ്കയുടെ മരണാനന്തര ചടങ്ങുകൾക്കായി പരേതയുടെ കുടുംബത്തിന് 5000 രൂപ സഹായധനം നൽകി.

**2. വിനോദയാത്ര നടത്തി**

08–06 2019ൽ തിരുവനന്തപുരത്തേക്ക് വിമാനയാത്ര നടത്തി. വിനോദ യാത്രയിൽ ഡയറക്ടർ ഫാ. സിന്റോ തൊറയനും മറ്റു 40 അയൽക്കൂട്ട അംഗങ്ങൾ കൂടി പങ്കെടുത്തു. ആദ്യ വിമാനയാത്ര എല്ലാവർക്കും മറ ക്കാനാവാത്ത അനു വമായി.

**3. എക്സിക്യൂട്ടീവ് കമ്മറ്റി യോഗം**

20–06–19ൽ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ചേർന്നു. ഡയറക്ടർ ഫാ. സിന്റോ തൊറയൻ, അസോ. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**4. ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകി**

19–07–2019ൽ 2 മണിക്ക് സി.ഡി.എസ്. യോഗം നടത്തി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ നേതൃത്വം നൽകി. സി.ഡി.എസ്. – ഏ.ഡി.എസ് ഭാരവാഹികൾ പങ്കെടുക്കുകയും പ്രവർത്തന റിപ്പോർട്ടുകൾ അവത രിപ്പിക്കുകയും ചെയ്തു. യോഗത്തിൽ വെച്ച് ഇന്നത്തെ ആരോഗ്യ പ്രശ്നങ്ങളും ജീവിതശൈലികളും കൊണ്ട് നേരിടുന്ന രോഗങ്ങളും, അതിനെ നേരിടുവാനുള്ളപോഷകാഹാര രീതികളും എന്ന വിഷയത്തെക്കുറിച്ച് സുസ്മിയ സുരേഷ് ബോധവൽക്കരണം നടത്തി. അന്നേ ദിവസം തന്നെ കവിത രചന മത്സരം, ലേഖന മത്സരം, ഡ്രോയിങ് മത്സരം എന്നീ ഇനങ്ങളിൽ 24 അയൽക്കൂട്ട അംഗങ്ങൾ പങ്കെടുത്തു.

**ഫാ. സിന്റോ തൊറയൻ**
ഡയറക്ടർ

FAMILY APOSTOLATE CENTRE, THRISSUR




# ഫാമിലി അപ്പോസ്റ്റലേറ്റ്

**ബധിരരും മൂകരുമായ വിവാഹിതർക്കുള്ള പോസ്റ്റ് കാന കോഴ്സ്**
**സെപ്റ്റംബർ 9 തിങ്കൾ 10.00 മുതൽ 3.30 വരെ**

തൃശ്ശൂർ ഫാമിലി അപ്പൊ സ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂക

രുമായ വിവാഹിതർക്കുള്ള ഏകദിന പോസ്റ്റ് കാന കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 9–ാം തിയ്യതി തിങ്കളാഴ്ച്ച നടക്കുന്നു. വിവാഹിതരായ എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായ വിവാഹിതരായ എല്ലാവരേയും പറഞ്ഞുവിടുമല്ലോ.

| | |
|---|---|
| **ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
| അസി. ഡയറക്ടർ | ഡയറക്ടർ |



# കുടുംബകൂട്ടായ്മ

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

**സെപ്റ്റംബർ 28 ശനി, 2.30 pm**

ആഗസ്റ്റ് മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഒക്ടോബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാപഠനക്ലാസ്സ് സെപ്റ്റംബർ 28–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**കുടുംബകൂട്ടായ്മ ഫൊറോന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ ഫൊറോന തല തിരഞ്ഞെടുപ്പ് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി നടത്തേണ്ടതാണ്. ഫൊറോന ഇലക്ഷൻ പൂർത്തിയാക്കിയ ഫൊറോനകൾ ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ നിങ്ങൾക്ക് ലഭിച്ചിട്ടുള്ള നിയതമായ ഫോമിൽ പൂരിപ്പിച്ച് ഏൽപിക്കേണ്ടതാണ്.

| | | |
|---|---|---|
| **എ.എ. ആന്റണി** | **ഫാ. സീജൻ ചക്കാലക്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
| ജനറൽ കൺവീനർ | അസി. ഡയറക്ടർ | ഡയറക്ടർ |



# മാതൃവേദി

**സങ്കീർത്തന ഗാനാലാപന മത്സരം**

**സെപ്റ്റംബർ 3 ചൊവ്വ (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായി ഫൊറോന തലത്തിൽ നടത്തിയ സങ്കീർത്തന ഗാനാലാപന മത്സരത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കിയ യൂണിറ്റുക്കാർക്ക് അതിരൂപത തലത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 3–ാം തിയ്യതി ചൊവ്വാഴ്ച്ച രാവിലെ 9.30 മുതൽ മത്സരം ആരംഭിക്കുന്നതാണ്. കൃത്യസമയത്തു തന്നെ മത്സാർത്ഥികൾ പേര് രജിസ്റ്റർ ചെയ്ത് ചെസ്റ്റ് നമ്പർ എടുക്കേണ്ടതാണ്. ഈ സങ്കീർത്തന ഗാനാലാപന മത്സരത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

**സെപ്റ്റംബർ 3, ചൊവ്വ (9.30 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും സെപ്റ്റംബർ മാസത്തിൽ നടത്തേണ്ടത് പുതുക്കാട്, മറ്റം എന്നീ ഫൊറോനകളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ കഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

**ഓണാഘോഷം സെപ്റ്റംബർ 3, ചൊവ്വ 1.00 pm**

സെപ്റ്റംബർ 3–ാം തിയ്യതി സങ്കീർത്തന ഗാനാലാപന മത്സരത്തിനുശേഷം മാതൃവേദിയുടെ നേതൃത്വത്തിലുള്ള ഓണാഘോഷം ഉണ്ടായിരിക്കുന്നതാണ്. ഓണാഘോഷ പരിപാടിയിലേക്ക് ഏറ്റവും സ്നേഹത്തോടെ എല്ലാവരേയും ക്ഷണിക്കുന്നു.

| | | |
|---|---|---|
| **മേരി വിൻസെന്റ്** | **ഫാ. അനീഷ് കൂത്തൂർ** | **ഫാ. ഡെന്നി താണിക്കൽ** |
| പ്രസിഡണ്ട് | അസി. ഡയറക്ടർ | ഡയറക്ടർ |




# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന**

**സെപ്റ്റംബർ 2 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശാ സംഗമം**

**ഗർഭിണികൾക്കും ജീവിത പങ്കാളികൾക്കും വേണ്ടിയുള്ള പഠന പ്രാർത്ഥനാ ശുശ്രൂഷ – സെപ്റ്റംബർ 8 ഞായർ (10.30 AM - 3.30 PM)**

ശിശുവിന്റെ സ്വഭാവരൂപീകരണം ഗർഭാവസ്ഥയിൽ ആരംഭിക്കുന്നുവെന്ന് തെളിയക്കപ്പെട്ടിരിക്കുന്ന കാലമാണിന്ന്. ഗർഭാവസ്ഥയിൽ നന്നായി ഒരുങ്ങിയും പ്രാർത്ഥിച്ചും സ്വീകരിക്കുന്ന കുഞ്ഞുങ്ങൾ വൈകാരിക പക്വതയുള്ളവരായിത്തീരും. ഇങ്ങനെയുള്ള മക്കൾക്ക് ജന്മം നൽകുന്നതിന് സഹായിക്കുവാനായി തൃശ്ശൂർ അതിരൂപത പ്രോലൈഫിന്റെ നേതൃത്വത്തിൽ ഗർഭിണികൾക്കായുള്ള പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുന്നു. പരസ്പര പങ്കുവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഗർഭകാല സഹനങ്ങൾ രക്ഷാകരമാക്കുവാനുതകുന്ന സാക്ഷ്യങ്ങളും വൈദ്യശാസ്ത്ര മനശാസ്ത്ര വിദ്ഗ്ധരുടെ ഉപദേശങ്ങളും അടങ്ങിയതാണ് ഈ പ്രാർത്ഥനാ കൂട്ടായ്മ. ദൈവമക്കൾക്ക് ജന്മം നൽകുവാൻ സഹായിക്കുന്ന ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് എല്ലാ ഗർഭിണികളേയും സ്വാഗതം ചെയ്യുന്നു. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 8–ാം തിയ്യതി രാവിലെ 10.30 മുതൽ 3.30 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**പ്രോലൈഫ് അദ്ധ്യാപക സെമിനാർ**


**സെപ്റ്റംബർ 21 ശനി (രാവിലെ 9.30 മുതൽ 1.00 വരെ)**

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ സ്കൂളിലെയും കത്തോലിക്കാ അദ്ധ്യാപിക–അദ്ധ്യാപകർക്കായി പ്രോലൈഫ് സെമിനാർ തൃശ്ശൂർ

ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സെപ്തംബർ 21 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 1.00 മണി വരെ നടക്കുന്ന സെമിനാറിൽ ആധുനിക കാലഘട്ടത്തിലെ ജീവന്റെ വെല്ലുവിളികളും മറ്റ് ആനുകാലിക വിഷയങ്ങളും സംബന്ധിച്ച് പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബന്ധപ്പെടേണ്ട നമ്പർ 9846142576.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# ബൈബിൾ പ്രേഷിതത്വം

1. **സ്വാഗതം..!**
   ബൈബിൾ പ്രേഷിതത്വത്തിന്റെ അസി. ഡയറക്ടറായി ആഗസ്റ്റ് 1ന് ചുമതലയേറ്റ ബഹു. ജിന്റോ ചൂണ്ടലച്ചന് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും...
2. **ലോഗോസ് ക്വിസ് 2019**
   2019 ലോഗോസ് ക്വിസ് മത്സരത്തിന്റെ രജിസ്ട്രേഷൻ ആഗസ്റ്റ് 12ന് അവസാനിച്ചു. 46000ത്തോളം പേരാണ് മത്സരത്തിനായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. സെപ്റ്റംബർ 29 ഞായാറാഴ്ച 240ഓളം സെന്ററുകളിലായി ലോഗോസ് ക്വിസ് മത്സരം നടക്കും.
3. **ടീച്ചേഴ്സ് വെരിത്താസ് ക്വിസ് 2019**
   ആഗസ്റ്റ് 11ന് നടക്കേണ്ടിയിരുന്ന മതബോധന അദ്ധ്യാപകർക്കായുള്ള ടീച്ചേഴ്സ് വെരിത്താസ് ക്വിസ് സെപ്റ്റംബർ 1ന് സെന്റ് തോമസ് കോളേജ് ഹയർ സെക്കന്ററി സ്കൂളിൽ നടക്കും.
4. **തീർത്ഥാടനങ്ങൾ**
   യൂറോപ്പ് തീർത്ഥാടനം 2020 മെയ് 1നും, വിശുദ്ധനാട് തീർത്ഥാ

ടനം 2020 ഏപ്രിൽ 20, മെയ് 04, 15 മാസങ്ങളിലും പുറപ്പെടുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ. ഇടവകകളിൽ നിന്നോ, മറ്റു സംഘടനകളുടെ നേതൃത്വത്തിലോ ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ....

ഫോൺ: 0487–2320780, 7558937090, 9447721976

**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ലിജോ ചിറിയങ്കണ്ടത്ത്**
ഡയറക്ടർ



# സി.എൽ.സി.

1. **വി. ഇഗ്നേഷ്യസ് ലയോള അനുസ്മരണ ദിനവും മെറിറ്റ് ഡേയും**
അതിരൂപത സി.എൽ.സി.യുടെ അഭിമുഖ്യത്തിൽ പുതുക്കാട് ഫൊറോന സി.എൽ.സി.യുടെ ആതിഥേയത്വത്തിൽ പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ വെച്ച് സി.എൽ.സി.യുടെ ആധ്യാത്മിക ആചാര്യനായ വി. ഇഗ്നേഷ്യസ് ലയോളയുടെ അനുസ്മരണവും മതബോധനത്തിൽ റാങ്കും, എസ്. എസ്. എൽ. സി പ്ലസ് 2 ഫുൾ എ പ്ലസ് നേടിയവരെയും ആദരിച്ചു.
ഉച്ചക്ക് 12.45 നു വേലുപാടം ഇടവകയിൽ നിന്നും ഇഗ്നേഷ്യസ് ലയോളയുടെ ഛായചിത്ര പ്രയാണവും, 1 മണിക്ക് ചിറ്റിശ്ശേരി ഇടവകയിൽ നിന്നും പതാക പ്രയാണവും ആരംഭിച്ചു. ഫൊറോന പ്രൊമോട്ടർ ഫാ. ക്ലനേഡിയനും, പുതുക്കാട് ഇടവക അസി. വികാരി ഫാ . പ്രദീപും ഇവ ഏറ്റുവാങ്ങി. 1.30നു ഫൊറോന പ്രൊമോട്ടർ ഫാ. കനേഡിയൻ സി.എൽ.സി. പതാക ഉയർത്തിയതോടെ അനുസ്മരണാഘോഷങ്ങൾക്ക് ആരംഭമായി. തുടർന്ന് നടന്ന പൊതുസമ്മേളനം തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉൽഘാടനം ചെയ്തു. പുതുക്കാട് ഫൊറോന വികാരി ഫാ. പോൾസൻ പാലത്തിങ്കൽ അനുഗ്രഹപ്രഭാഷണവും അതിരൂപത സി.എ

ൽ.സി. ഡയറക്ടർ ഫാ. ജിയോ തെക്കിനിയത്ത് ആമുഖ പ്രഭാഷണ വും നടത്തി. അസി. പ്രൊമോട്ടർ ഫാ. ഫ്രേജോ വാഴപ്പിള്ളി അവാർ ഡ് ജേതാക്കളെ അനുമോദിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് അവാർ ഡുകൾ വിതരണം ചെയ്തു. അടുത്ത വർഷത്തെ ഇഗ്നേഷ്യസ് ല യോള അനുസ്മരണത്തിനു ആതിഥേയത്വം വഹിക്കുന്ന കണ്ടശാം കടവ് ഫൊറോന ഭാരവാഹികൾ അഭിവന്ദ്യ പിതാവിൽ നിന്നും പ താക ഏറ്റുവാങ്ങി.

2. **ഫാ. സിജോ ചീരൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ്**
അഞ്ചാമത് ഫാ. സിജോ ചീരൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണ മെന്റ് സെപ്റ്റംബർ 13, 14, 15 തീയതികളിൽ നടത്തപ്പെടുന്നു. കൂ ടുതൽ വിവരങ്ങൾക്കായി കൺവീനർ ശ്രീ. ഐജോ പൊറുത്തൂരു മായി ബന്ധപ്പെടുക : 9995255281

3. **ഫൊറോന കലാമേള**
മരിയോത്സവം 2019 ഫൊറോന തല മത്സരങ്ങൾ സെപ്റ്റംബർ 22നുള്ളിൽ നടത്തേണ്ടതാണ്. മത്സരങ്ങൾ നടക്കുന്ന സ്ഥലങ്ങൾ മു ൻകൂട്ടി അതിരൂപത സി.എൽ.സി. യെ അറിയിക്കേണ്ടതാണ്. കൂടു തൽ വിവരങ്ങൾക്കായി കൺവീനർ ശ്രീ. ജീസ്സോ ലോനപ്പനുമാ യി ബന്ധപ്പെടുക: 7403030301

4. **അതിരൂപത കലാമേള മരിയോത്സവം 2019**
അതിരൂപത കലാമേള ഒക്ടോബർ 2 നു നടത്തപ്പെടുന്നു. സ്ഥലം പി ന്നീട് അറിയിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി കൺ വീനർ ശ്രീ. ജെസ്വിൻ സാജുവുമായി ബന്ധപ്പെടുക : 9747729143

5. **തിരുശേഷിപ്പു പ്രയാണം**
തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ ഒക്ടോബർ 13നു വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന മറിയം ത്രേസ്യയുടെ തിരുശേഷിപ്പു പ്രയാണം ഒക്ടോബർ 19, 20 തിയതികളിലായി ആ ഘോഷപൂർവ്വം സംഘടിപ്പിക്കുന്നു. പ്രാർത്ഥന സഹായസഹകരണ ങ്ങൾ പ്രതീക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: ജോമി ജോൺ സൻ : 9447769815, സെബിൻ സി കെ : 9744833866

6. **ഓഗസ്റ്റ് 4 നു ഫൊറോനതലത്തിൽ നടന്ന വി. ഇഗ്നേഷ്യസ് ല യോള അനുസ്മരണാഘോഷങ്ങൾ**:
പുത്തൂർ ഫൊറോന പുത്തൂർ ഇടവക
കൊട്ടേക്കാട് ഫൊറോന പേരാമംഗലം ഇടവക
എരുമപ്പെട്ടി ഫൊറോന എരുമപ്പെട്ടി ഇടവക
ഒല്ലൂർ ഫൊറോന അമ്മാടം ഇടവക
ലൂർദ് ഫൊറോന പൊങ്ങണംകാട് ഇടവക

വേലൂർ ഫൊറോന  ആറമ്പിള്ളി ഇടവക
വടക്കാഞ്ചേരി ഫൊറോന  കുണ്ടന്നൂർ ഇടവക

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

**ഫാ. ഫ്രജോ വാഴപ്പിള്ളി**
അസി. ഡയറക്ടർ

**ജോമി ജോൺസൻ**
പ്രസിഡണ്ട്




1. **സംസ്ഥാന സമിതിയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം**
കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ജൂലൈ 26, 27, 28 ദിവസങ്ങളിൽ തിരുവനന്തപുരത്തുവെച്ചു നടന്ന സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ തൃശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് തൃശൂർ അതിരൂപത കെ.സി.വൈ.എം. പ്രസിഡന്റ് സാജൻ ജോസ്, ജനറൽ സെക്രട്ടറി സാജൻ ജോയ്, അസി. ഡയറക്ടർ ഫെബിൻ കുത്തൂർ, ആനിമേറ്റർ സി. ടീന മരിയ, സിൻഡിക്കേറ്റ് മെമ്പർമാരായ അനൂപ് പുന്നപ്പുഴ, ജിമ മരിയ, സെനറ്റ് മെമ്പർമാരായ ശരത്ത് ജോസഫ്, മരിയ ആന്റണി എന്നിവർ പങ്കെടുത്തു.

2. **അതിരൂപത ജനറൽ ബോഡി യോഗം നടത്തി**
തൃശൂർ അതിരൂപതയിലെ രൂപത–ഫൊറോന–ഇടവക ഭാരവാഹികളുടെ ജനറൽ ബോഡി യോഗം ആഗസ്റ്റ് 4, ഞായറാഴ്ച 2 മണിക്ക് ബിഷപ് ഹൗസിൽ ചേർന്നു. അതിരൂപത സെക്രട്ടറി ജിയോ മാഞ്ഞൂരാൻ സ്വാഗതം പറഞ്ഞു. ജനറൽ സെക്രട്ടറി സാജൻ ജോയ് റിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. യുവജനദിനാഘോഷത്തിന്റെ കാര്യപരിപാടികളെക്കുറിച്ച്  കൺവീനർ ജിഷാദ് ജോസ് വിശദീകരിച്ചു. അസി. ഡയറക്ടർമാരായ ഫാ. റിനാൾഡ്

പുലിക്കോടൻ, ഫാ. ഫെബിൻ കൂത്തൂർ, ആനിമേറ്ററായ സി. ടീന മരിയ, വൈസ് പ്രസിഡൻ്റ് ജെയ്മി കെ.ജെ., സിൻഡിക്കേറ്റ് മെമ്പറായ അനൂപ് പുന്നപ്പുഴ, സെനറ്റ് മെമ്പറായ ജിയോ ജോൺ എന്നിവർ സംസാരിച്ചു.

**3. സ്വാതന്ത്ര്യ ദിനാഘോഷവും ധീരജവാന്മാരെ ആദരിക്കലും**

കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെയും ഒല്ലൂർ ഫൊറോനയുടെയും നേതൃത്വത്തിൽ സ്വാതന്ത്ര്യദിനാഘോഷവും ധീരജവാന്മാരെ ആദരിക്കലും പല്ലിശ്ശേരി സെൻ്റ് മേരീസ് ദൈവാലയത്തിൽ നടത്തി. ആഗസ്റ്റ് 15, ഞായറാഴ്ച രാവിലെ 6.30 ന് അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂളയുടെ കാർമ്മികത്വത്തിൽ ദിവ്യബലിയോടുകൂടി ആരംഭിച്ചു. തുടർന്ന് ദേശീയ പതാക ഉയർത്തലും പൊതുസമ്മേളനവും നടന്നു. പൊതുസമ്മേളനത്തിന് ഫൊറോന പ്രസിഡൻ്റ് ലിയോ പനയ്ക്കൽ സ്വാഗതം പറഞ്ഞു. ഇടവക ഡയറക്ടർ ഫാ. ജോൺസൺ കുണ്ടുകുളം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഭാരതത്തിനുവേണ്ടി പോരാടിയ ഫൊറോനയിലെ ധീരജവാന്മാരെ ആദരിച്ചു. പ്രളയത്തിലും ഉരുൾപ്പൊട്ടലിലും ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥനയും നടത്തി.

**4. ഫൊറോന ജനറൽ ബോഡി യോഗം**

കെ.സി.വൈ.എം. കൊട്ടേക്കാട് ഫൊറോനയുടെ ജനറൽ ബോഡി യോഗം ജൂലൈ 28, ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് വെളപ്പായ ദൈവാലയത്തിൽവെച്ച് നടന്നു. ഫൊറോന പ്രസിഡൻ്റ് ജിതിൻ അരിമ്പൂർ സ്വാഗതം പറഞ്ഞു. ഫൊറോന ജനറൽ സെക്രട്ടറി സാൻ്റോ റിപ്പോർട്ട് അവതരിപ്പിച്ചു. വെളപ്പായ ഇടവക വികാരി ഫാ. ജോസഫ് വൈക്കാടൻ ആമുഖപ്രഭാഷണം നടത്തി. അതിരൂപത പ്രസിഡൻ്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. ഫൊറോനയുടെ വരുംകാല പ്രവർത്തനങ്ങളെ ക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

**5. പ്രളയദുരിതാശ്വാസം**

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും ദുരിതമനുഭവിക്കുന്നവർക്ക് അതിരൂപത സാന്ത്വനം ട്രസ്റ്റുമായി സഹകരിച്ച് അതിരൂപത കെ.സി.വൈ.എം. സംഘടന അവശ്യസാധനങ്ങൾ ശേഖരിക്കുന്നതിനും ക്യാമ്പിലെത്തിക്കുന്ന തിനും നേതൃത്വം നൽകി.

| | | |
|---|---|---|
| **സാജൻ ജോസ്** | **ഫാ. ഫെബിൻ കൂത്തൂർ** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | അസി. ഡയറക്ടർ | ഡയറക്ടർ |




# ചിൽഡ്രൻസ് മിനിസ്ട്രി

**1. കലാമത്സരങ്ങൾ 2019**

അതിരൂപതാ മത്സരങ്ങൾ: തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി. സംഘടനകളിലെ കുട്ടികൾക്കായി കലാമത്സരങ്ങൾ നടത്തുന്നു. സ്കൂൾ തല മത്സരങ്ങൾ സെപ്റ്റംബർ 21 ശനിയാഴ്ച  സെന്റ് ക്ലയേഴ്സ് സ്കൂളിൽ വച്ച് നടത്തുന്നു. ഇടവകക്കാർ ഫൊറോന തലത്തിൽ മത്സരിച്ച് ഫസ്റ്റ് കിട്ടിയവർ മാത്രം അതിരൂപതാ തല മത്സരം നവംബർ 9 ശനിയാഴ്ച നടത്തുന്നതായിരിക്കും.

സ്കൂൾ, ഇടവക എന്നിങ്ങനെ വ്യത്യാസപ്പെടുത്തിയാണ് തിരുബാലസംഖ്യം മത്സരങ്ങൾ നടക്കുക. തിരുബാലസംഖ്യം സ്കൂളുകളിലും ഉള്ളതുകൊണ്ടാണ് ഇങ്ങനെ വ്യത്യാസം വന്നിരിക്കുന്നത്. അതിരൂപതാ കലാമത്സരങ്ങൾ ഇടവകതലം, ഫൊറോന തലം, രൂപതാ തലം എന്നിങ്ങനെയായി തിരിച്ചിരിക്കുന്നു.

ഫൊറോന പ്രൊമോട്ടർമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ആവശ്യപ്പെടുന്നു. ഇനിയും യൂണിറ്റ് രജിസ്ട്രേഷൻ ചെയ്യാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്.

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഫൊറോന തല മത്സരം ആഗസ്റ്റ്  മുതൽ ഒക്ടോബർ മാസം രണ്ടാമത്തെ ആഴ്ച വരെയുള്ള ദിവസങ്ങളിൽ നടത്തുവാൻ ഫൊറോന പ്രൊമോട്ടർമാരും ആനിമേറേറഴ്സും ശ്രദ്ധിക്കുമല്ലോ. മത്സരങ്ങളുടെ പൊതുനിർദ്ദേശങ്ങളും  എൻട്രി ഫോമും ലഭിക്കാത്തവർ  ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് വാങ്ങേണ്ടതാണ്.

**2. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** കർത്താവിനെ ഞാൻ എന്നും പുകഴ്ത്തും, അവിടുത്തെ സ്തുതികൾ എപ്പോഴും എന്റെ അധരങ്ങളിലുണ്ടായിരിക്കും (സങ്കീ. 34:1)

**സുകൃതജപം:** എന്റെ ഈശോയെ എന്നെ കാത്തുകൊള്ളണമേ

പ്രാർത്ഥനാ നിയോഗം: വെള്ളപൊക്കത്താൽ വലയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക

**പരിചയപ്പെടുന്ന വിശുദ്ധൻ :** വി. ജോസഫ് കുപ്പർത്തീനോ (സെപ്ററംബർ 18)

**പ്രവർത്തനം:** വെള്ളപൊക്കത്തിൽ പെട്ടവർക്കായി സഹായം ചെയ്യുക.

**സി. റെജി എസ്.എസ്.പി.സി**
കോഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ




1. **ഐക്യദാർഢ്യ ഗ്ലോബൽ സമ്മേളനം**
   കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള എറണാകുളത്ത് നടന്ന സമ്മേളനത്തിൽ രൂപത നേതൃത്വവും അംഗങ്ങളും പങ്കെടുത്തു.
2. **പേര് മാറ്റത്തിൽ ഉത്കണ്ഠ രേഖപ്പെടുത്തി**
   കാത്തലിക് സിറിയൻ ബാങ്ക് എന്നുള്ളത് CSB ആക്കി മാറ്റിയതിലുള്ള ഉത്കണ്ഠ രൂപത നേതൃത്വം രേഖപ്പെടുത്തി.
3. **അത്മായ നേതൃസംഗമം**
   യൂണിറ്റ്, ഫൊറോന, രൂപത നേതൃത്വനിരക്കുള്ള നേതൃസംഗമം മഴക്കെടുതി മൂലം മാറ്റിവെച്ചു. പുതുക്കിയ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.
4. **ദുരിതാശ്വാസ പ്രവർത്തനങ്ങൾ**
   യൂണിറ്റുകളിൽ മഴക്കെടുതി മൂലം ദുരിതം അനുഭവിക്കുന്നവർക്കുള്ള സഹായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രൂപതയിൽ സോഷ്യൽ

ആക്ഷനുമായി സഹകരിച്ചുകൊണ്ടുള്ള ദുരിതാശ്വാസ കോർഡിനേഷൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

| | |
|---|---|
| **എൻ. പി. ജാക്സൺ** | **ഫാ. വർഗ്ഗീസ് കൂത്തൂർ** |
| ജനറൽ സെക്രട്ടറി | ഡയറക്ടർ |




# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

സെൻട്രൽ കൗൺസിൽ വാർത്തകൾ

തൃശൂർ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ പിതാവ് ഷെവലിയാർ പ്രൊഫ. എൻ.എ. ഔസേപ്പ്, മുൻ സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ. മാത്യു ചാക്കേരിയുടെ മാതാവ് എന്നിവരുടെ നിര്യാണത്തിൽ യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. സൊസൈറ്റിയുടെ കേരള റീജിയണൽ കോ–ഓർഡിനേഷൻ കമ്മിറ്റി ജോയിന്റ് സെക്രട്ടറിയായി നാമനിർദ്ദേശം ചെയ്യപ്പെട്ട ബ്രെ. ജിനോ ജോസിനെ യോഗം അനുമോദിച്ചു.

**ഫാ. റോയ് മൂക്കൻ**
ആദ്ധ്യാത്മികോപദേഷ്ടാവ്

| | |
|---|---|
| **കെ. എ. ഷിബു** | **കെ. കെ. പോൾസൺ** |
| പ്രസിഡണ്ട് | സെക്രട്ടറി |




1. **പ്രാർത്ഥനാദിനം സെപ്തംബർ 19ന്**

KCSL അതിരൂപതാ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തുന്ന പ്രാർത്ഥനാദിനം സെപ്തംബർ 19 നാണ്. തലോർ ജറുസലേം ധ്യാനകേന്ദ്രത്തിൽ വെച്ചാണ് പ്രാർത്ഥനാ ശുശ്രൂഷകൾ സംഘടിപ്പിക്കുന്നത്. പരമാവധി KCSL അംഗങ്ങളെ പരിപാടിയിൽ പങ്കെടുപ്പിക്കാൻ ആനിമേറ്റർമാർ ശ്രദ്ധിക്കുമല്ലോ. വിശദവിവരങ്ങൾ ബ്ലോഗിൽ കൊടുത്തിട്ടുണ്ട്.

2. **സാഹിത്യോത്സവം സ്കോളർഷിപ്പ് വിതരണം സെപ്തംബർ 21ന്**

അതിരൂപതാ സാഹിത്യോത്സവം സെപ്തംബർ 21ന് തൃശൂർ സെന്റ് തോമസ് കോളേജ് ഹയർസെക്കന്ററി സ്കൂളിൽവെച്ച് നടത്തുന്നു. തദവസരത്തിൽ വിവിധ സ്കോളർഷിപ്പുകളും യൂണിറ്റുകൾക്കുള്ള ചാരിറ്റിഫണ്ടും വിതരണം ചെയ്യുന്നു. വിവിധ സ്കോളർഷിപ്പുകൾക്ക് അർഹരായ വിദ്യാർത്ഥികളുടെ പേരുവിവരം ബ്ലോഗിൽ കൊടുത്തിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുക. കൂപ്പൺ നറുക്കെടുപ്പും അന്നുതന്നെയാണ്.

3. **കലോത്സവം ഒക്ടോബർ 2ന് ഹെറിറ്റേജ് കലോത്സവം ഒക്ടോബർ 12ന്**

അതിരൂപതാ കലോത്സവം ഒക്ടോബർ 2 ന് തൃശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടക്കുന്നു. ശതാബ്ദിയോടനുബന്ധിച്ച് നടത്തുന്ന ക്രിസ്റ്റ്യൻ ഹെറിറ്റേജ് കലോത്സവം ഒക്ടോബർ 12 നാണ്. ചവിട്ടുനാടകം, മാർഗ്ഗംകളി, പുത്തൻപാന സംഘഗാനാലാപനം എന്നീ മത്സര ഇനങ്ങളാണ് ഹെറിറ്റേജ് കലോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ ബ്ലോഗിലുണ്ട്.

4. **ശതാബ്ദി ഇവന്റ്**

KCSL അതിരൂപതാ ശതാബ്ദിയോടനുബന്ധിച്ച് യൂണിറ്റുകളിൽ സംഘടിപ്പിക്കുന്ന ശതാബ്ദി ഇവന്റുകൾ വിവിധ സ്കൂളുകളിൽ

സംഘടിപ്പിച്ചുവരുന്നു. എല്ലാ ആനിമേറ്റർമാരും അതാത് യൂണിറ്റുകളിൽ ശതാബ്ദി ഇവന്റ് സംഘടിപ്പിക്കേണ്ടതാണ്. വിശദാംശങ്ങൾ ബ്ലോഗിൽ കൊടുത്തിട്ടുണ്ട്.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



## കാത്തലിക് നേഴ്സസ് ഗിൽഡ്

2019 ജൂലായ് 12-ന് അതിരൂപത ഏകോപന സമിതിയിൽ CNGAT പ്രസിഡണ്ട് സി. ദെപ്പാസി CSC പങ്കെടുത്തു. 2019 ജൂലായ് 18 തിങ്കളാഴ്ച്ച വൈകീട്ട് 3 മണിക്ക് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ CNGAT യുടെ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിങ്ങ് നടന്നു. ട്രസ്റ്റായി രൂപീകരിക്കപ്പെട്ട CNGATയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും, 2019 ആഗസ്റ്റ് 10-ന് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ CNGATയുടെ ജനറൽ ബോഡി മീറ്റിങ്ങ് കൂടാൻ നിശ്ചയിക്കുകയും ചെയ്തു. വൈകീട്ട് 4-ന് പ്രർത്ഥനയോടെ യോഗം സമാപിച്ചു.
കാലാവസ്ഥാവ്യതിയാനങ്ങളാൽ ആഗസ്റ്റ് 10-ന് നടത്താൻ തീരുമാനിച്ച ജനറൽ ബോഡി മീറ്റിങ്ങ് മറ്റൊരു ദിവസത്തേക്ക് മാറ്റിവെയ്ക്കാൻ തീരുമാനിച്ചു.

**ഫാ. ജിമ്മി എടക്കളത്തൂർ**
ഡയറക്ടർ



# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

2019 ജൂൺ 15 ന് വടക്കാഞ്ചേരി ARC യിൽ വെച്ച് നടന്ന ഇലക്ഷൻ ചാപ്റ്ററിന്റെ റിപ്പോർട്ട്

പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രസിഡണ്ട് സണ്ണി വടക്കൻ യോഗത്തിന് സ്വാഗതം പറഞ്ഞു. സെക്രട്ടറി പി.ഐ. സൈമൺ കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് വായിച്ച് അംഗീകരിച്ചു. ട്രഷറർ ടി.കെ. ഡേവിസ് വരവ് ചിലവ് കണക്കുകൾ വായിച്ചു യോഗം പാസാക്കി. ഡയറക്ടർ ഫാ. ഷിന്റോ ഞർളേലി തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഇന്നത്തെ മീറ്റിംഗിന്റെ അജണ്ടയെപ്പറ്റി വിശദീകരിച്ചു. തുടർന്ന് സംസാരിച്ച ഫാ. ജോസ് പുല്ലോക്കാരനച്ചൻ സഭാംഗങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമ കളും അതുപോലെ ഇടവകയിൽ എങ്ങിനെ വികാരിയച്ചന്മാരുമായി ഇടപഴകണമെന്നും വിശദീകരിച്ചു. അംഗങ്ങളുടെ സംശയങ്ങൾക്ക് അദ്ദേഹം മറുപടി പറഞ്ഞു. തുടർന്ന് അടുത്ത മൂന്ന് വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡണ്ട് | : ബ്രദർ ജോസ് പീറ്റർ (പേരാമംഗലം) |
| സെക്രട്ടറി | : ബ്രദർ സണ്ണി വടക്കൻ (കുറുമാൽ) |
| ട്രഷറർ | : ബ്രദർ ടി.കെ. ഡേവീസ് (വരന്തരപ്പിള്ളി) |

കഴിഞ്ഞ മൂന്നുവർഷം അതിരൂപത SFO യെ നയിച്ച ഭാരവാഹികൾക്ക് നന്ദി പറയുകയും പുതിയ ഭാരവാഹികൾക്ക് ഭാവുകങ്ങൾ നേരുകയും ചെയ്തു. റിപ്പോർട്ട് പുസ്തകവും കണക്കുപുസ്തകവും പരസ്പരം കൈമാറി.

1. തുടർന്ന് നടന്ന ചർച്ചകളിൽ എല്ലാവർഷവും ഒരിക്കലെങ്കിലും ജന റൽ ബോഡി മീറ്റിംഗ് കൂടുവാൻ തീരുമാനിച്ചു.
2. വരിസംഖ്യ മറ്റൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ അടയ്ക്കണമെന്ന് തീരുമാനിച്ചു.
3. അതിരൂപത SFO യുടെ പേരിൽ ജോയിന്റ് അക്കൗണ്ട് പ്രസിഡണ്ടി ന്റെയും ട്രഷററുടേയും പേരിൽ തുടങ്ങുവാൻ തീരുമാനിച്ചു.

യോഗത്തിന് മൂന്ന് സ്പിരിച്ചൽ വൈദികരും 5 ആനിമേറ്റഴ്സും സിസ്റ്റേഴ്സും പങ്കെടുത്തു. പുതിയ പ്രസിഡണ്ട് ജോസ്പീറ്റർ യോഗ

ത്തിന് നന്ദി രേഖപ്പെടുത്തി. സമാധാന പ്രാർത്ഥനയ്ക്കു ശേഷം യോഗം അവസാനിച്ചു.

| | |
|---|---|
| **ജോസ് പീറ്റർ വി.** | **ഫാ. ഷിന്റോ ഞർള്ളേലി OFM. Cap.** |
| പ്രസിഡന്റ് | ഡയറക്ടർ |

## മദ്യ വിരുദ്ധ സമിതി KCBC

**1. ലഹരിവിരുദ്ധ മാസാചരണം**

അടുത്ത തലമുറയെ ലഹരിയുടെ കെടുതിയിൽ നിന്ന് രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ മദ്യവിരുദ്ധ സമിതി 2019 ജൂൺ ലഹരി വിരുദ്ധമാസമായി ആചരിച്ചു. ഇതിന്റെ ഭാഗമായി നിരവധി വേദികളിൽ ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ ഉദ്ഘാടനം ഒല്ലൂർ സെന്റ് മേരീസ് ഹൈസ്ക്കൂളിലായിരുന്നു, ജൂൺ 10 ന്. ഡയറക്ടർ ഫാ. ദേവസ്സി പന്തലൂക്കാരൻ ഉദ്ഘാടനം ചെയ്തു. ശ്രീ. ഇ.എ. ജോസഫാണ് ബോധവത്ക്കരണ ക്ലാസ് നയിച്ചത്. അതിരൂപത പ്രസിഡണ്ട് എം. കെ. ബാബു ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അന്നു തന്നെ ഉച്ചതിരിഞ്ഞ് പാലയ്ക്കൽ പള്ളിയിൽ വികാരി ഫാ. ജോജു പൊറുത്തൂരിന്റെ അദ്ധ്യക്ഷതയിൽ ശ്രീ സണ്ണി പാലയൂർ ക്ലാസ് നയിച്ചു. എം.കെ. ബാബു, ജോസ് വേലൂക്കാരൻ തുടങ്ങിയവരാണ് നേതൃത്വം വഹിച്ചത്. 16–ാം തിയ്യതി പൊറുത്തൂർ പള്ളിയിൽ ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ചു ലഹരി വിരുദ്ധ സന്ദേശം നൽകി. തുടർന്ന് സി.പി ഡേവീസ് മതബോധന വിദ്യാർത്ഥികൾക്ക് ക്ലാസ് എടുത്തു. വികാരി. ഫാ. ഫ്രാങ്കോ പുത്തിരിയായിരുന്നു യോഗാദ്ധ്യക്ഷൻ. അതിരൂപത പ്രസിഡണ്ടാണ് പ്രതിജ്ഞ ചൊല്ലി കൊടുത്തത്. തുടർന്ന് അന്നു തന്നെ കോടന്നൂർ പള്ളിയിലായിരുന്നു അടുത്ത പരിപാടി. ശ്രീ. ഇ.എ. ജോസഫ് ക്ലാസ് എടുത്തു. അതിരൂപത പ്രസിഡണ്ട് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വികാരി ബഹു. ജേക്കബ് തച്ചറാട്ടിൽ അദ്ധ്യക്ഷനായി. 23–ാം തിയ്യതി കുരിയച്ചിറ പള്ളിയിൽ ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് സന്ദേശം പകർന്നു. കുർബ്ബാന കഴിഞ്ഞു സി. പി. ഡേവീസ് മതബോധന വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു. വികാരി ഫാ. തോമാസ് ചൂണ്ടലാണ് അദ്ധ്യക്ഷപദമലങ്കരിച്ചത്. അന്നു തന്നെ ശ്രീ ഇ. എ.

ജോസഫ് അടാട്ട് പള്ളിയിൽ ബോധവത്ക്കരണ പ്രഭാഷണം നടത്തി. വികാരി ഫാ. ജോബി പുത്തൂരാണ് നേതൃത്വം നൽകയിത്. 26–ാം തിയ്യതി രാവിലെ എറവ് പള്ളി വക സ്ക്കൂളുകളിൽ ഡയറക്ടറച്ചനും ഇ. എ. ജോസഫും ചേർന്ന് മൂന്ന് സെഷനുകളിലായി ബോധവത്ക്കരണ ക്ലാസുകൾ എടുത്തു. വികാരി ഫാ. ജോസ് പുന്നോലിപറമ്പിലച്ചന്റെ വലിയ സഹകരണമാണ് പരിപാടികൾ വിജയിപ്പിച്ചത്. അന്നേ ദിവസം രാവിലെ തൃശൂർ നിർമ്മല മാതാ സ്ക്കൂളിൽ ലഹരിവിരുദ്ധ പ്രദർശനവും ബോധവത്ക്കരണവും സംഘടിപ്പിച്ചു. ശ്രീ. വി. എം. സുധീരൻ ഉദ്ഘാടനം ചെയ്തു. യൂത്ത് കോ ഓഡിനേറ്റർ ശ്രീ അഖിൽ പോൾ നേതൃത്വം നൽകി. ഹെഡ്മിസ്ട്രസ് ബഹു. സി. മരിയ സ്റ്റെല്ല C.M.C അദ്ധ്യക്ഷത വഹിച്ചു. 27–ാം തിയ്യതി രാവിലെ കട്ടിലപൂവം സ്ക്കൂളിൽ ഡയറക്ടറച്ചൻ ക്ലാസെടുത്തു. അന്ന് ഉച്ചതിരിഞ്ഞ് കുരിയച്ചിറ മാർ തിമാത്തിയോസ് സ്ക്കൂളിലെ ബോധവത്ക്കരണം ഡയറക്ടറച്ചൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ശ്രീ. ഇ. എ ജോസഫ് ക്ലാസ് നയിച്ചതിനു ശേഷം എം. കെ ബാബു ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഹെഡ്മിസ്ട്രസിന്റെ സജീവസാന്നിദ്ധ്യം പരിപാടി വിജയകരവും മാതൃകാപരവുമാക്കി. 28–ാം തിയ്യതി രാവിലെ ഡയറക്ടറച്ചൻ അവിണിശ്ശേരി സെന്റ് ജോസഫ് ദൈവാലയത്തിൽ ദിവ്യബലി ചൊല്ലി സന്ദേശം നൽകി. 30–ാം തിയ്യതി മണ്ണുത്തി ഡോൺ ബോസ്കോ സ്കൂളിൽ ഡയറക്ടറച്ചനും ഇ. എ. ജോസഫും ക്ലാസെടുത്തു. പ്രിൻസിപ്പൽ ബഹു. ടോണി അച്ചൻ ലഹരി വിരുദ്ധ സമ്മളനത്തിൽ അദ്ധ്യക്ഷനായി.

**2. വാ. മാറ്റ് ടാൽബോത്ത് അനുസ്മരണം**

പൂങ്കുന്നം സെന്റ് ജോസഫ് ദൈവാലയത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ നേതൃത്ത്വത്തിൽ പ്രസ്ഥാനത്തിന്റെ സ്വർഗീയ മദ്ധ്യസ്ഥനായ വാ. മാറ്റ് ടാൽബോത്ത് അനുസ്മരണം അരങ്ങേറി. വികാരി. ഫാ. ലിജോ ചിരിയങ്കണ്ടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം വികാരി ജനറാൾ മോൺ. ജോസ് വള്ളൂരാനാണ് ഉദ്ഘാടനം ചെയ്തത്. ഫാ. പോൾ കാട്ടൂക്കാരൻ, ഫാ. സെബി കവലക്കാട്ട്, ഫാ. ഡിറ്റോ കൂള, ബ്രദർ ജെയിംസ് കാരിക്കാട്ടിൽ M.M.B. തുടങ്ങിയവരുൾപ്പെടെ അമ്പതോളം പേരാണ് പങ്കെടുത്തത്. എം. കെ. ബാബു, ജോൺസൺ കുന്നംപിള്ളി, ജോസ് ചെമ്പിശ്ശേരി തുടങ്ങിയവർ സംബന്ധിച്ചിരുന്നു. പൂങ്കുന്നം യൂണിറ്റിനും ഇടവകക്കാർക്കും പ്രത്യേകം നന്ദി.

3. സംയുക്ത ആചരണം വലപ്പാട് ജൂൺ 26

അന്തർദ്ദേശീയ ലഹരി വിരുദ്ധ ദിനാചരണം സംസ്ഥാന സമിതിയുടെയും അതിരൂപത മദ്യവിരുദ്ധ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ വലപ്പാട് കാർമ്മൽ സ്ക്കൂളിൽ ജൂൺ 26 ഉച്ചതിരിഞ്ഞ് ആചരിച്ചു. ശ്രീ. വി. എം. സുധീരനാണ് ഉദ്ഘാടനം ചെയ്തത്. സംസ്ഥാന സെക്രട്ടറി അഡ്വ. ചാർളി പോൾ ബോധവൽക്കരണ പ്രഭാക്ഷണം നടത്തി. മത്സരത്തിലെ വിജയികൾക്ക് ശ്രീ. പ്രസാദ് കുരുവിള സമ്മാനങ്ങൾ വിതരണം ചെയ്തു. ശ്രീ. ജോസ് ആലപ്പാട്ട് പ്രതിജ്ഞ ചൊല്ലി കൊടുത്തത് എല്ലാവരും ഏറ്റു ചൊല്ലി. ഡയറകടറച്ചൻ ആമുഖ പ്രഭാക്ഷണം നടത്തി. പ്രിൻസിപ്പൽ റവ. സി. മരിയറ്റ് C.M.C. സ്വാഗതവും കൺവീനർ ശ്രീ. ജോസ് ചെമ്പിശ്ശേരി നന്ദിയും പറഞ്ഞു. ശ്രീ ജോൺസൺ കുന്നംപിള്ളി, റവ. സി. റോസ്‌ലിൻ F.C.C. ആനിമേറ്റർ സി.ഡി. ഫ്രാൻസിസ് തുടങ്ങിയവർ പങ്കെടുത്തിരുന്നു.

4. നേതൃത്വ പരിശീലനവും അർദ്ധ വാർഷിക അവലോകനവും

28.07.2019 ഞായർ 9.30 am - 3 pm തൃശ്ശൂർ പാസ്റ്ററൽ സെന്റർ ഹാളിൽ

കാലത്ത് 9.45 ന് ബഹു. ഡയറക്ടറച്ചൻ ബലിയർപ്പിച്ചു കൊണ്ട് പരിപാടി തുടങ്ങി. നേതൃത്വ പരിശീലനം ബഹു. ബ്രദർ ജെയിംസ് കാരിക്കാട്ടിൽ എം.എം.ബി. ആണ് ഉദ്ഘാടനം ചെയ്തത്. പ്രസിഡണ്ട് ശ്രീ എം.കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ ശ്രീ. ജോസഫ് വിയ്യൂർ, ഡോ. ജോർജ്ജ് അലക്സ് തുടങ്ങിയവർ ക്ലാസ് നയിച്ചു. ഉച്ചഭക്ഷണത്തെ തുടർന്ന്, നമ്മുടെ സംഘടനയും മദ്യവിരുദ്ധ പ്രസ്ഥാനവുമായി ഏറെ ബന്ധമുള്ള പരേതരായ ശ്രീ. റപ്പായി മേച്ചേരി (അതിരൂപത സെക്രട്ടറി), ഷെവ. പ്രൊഫ. എൻ.എ. ഔസേപ്പ്, ഡോ. ഫിലിപ്പ് പൗലോസ് എന്നിവരെ പ്രത്യേകം അനുസ്മരിച്ചനുശോചിച്ച് ആത്മശാന്തിയ്ക്കായി പ്രാർത്ഥിച്ചു. അതിനുശേഷം അർദ്ധ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു അവലോകനം നടത്തി.

ഫാ. ദേവസ്സി പന്തല്ലൂക്കാരൻ എഡിറ്റ് ചെയ്ത് കെ.സി.ബി.സി. തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധസമിതി പ്രസിദ്ധീകരിക്കുന്നതും അതിരൂപത മാതൃവേദി വിതരണം ചെയ്യുന്ന തുമായ **'സ്ത്രീ ശബ്ദം/ശക്തി ലഹരിക്കെതിരെ'** എന്ന പ്രബോധന പ്രധാനമായ പുസ്തകത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.പരിപാടിയിൽ നൂറോളം പേർ സംബന്ധിക്കുകയുണ്ടായി.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി.ആർ.ഒ

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ




1. 2019 ലെ മെയ്ദിനത്തിന്റെ/തൊഴിലാളി ദിനത്തിന്റെ അതിരൂപതതല ആഘോഷം മുക്കാട്ടുകരയിൽ വിൻസ് പ്ലാസ്റ്റ് എന്ന കമ്പനിയിൽ സംഘടിപ്പിച്ചു. അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് വി.കുർബാനക്ക് കാർമ്മികത്വം വഹിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഒല്ലൂർ എം.എൽ.എ. അഡ്വ. കെ. രാജൻ മെയ്ദിന സന്ദേശം നല്കി. കെ.എൽ.എം. അതിരൂപത പ്രസിഡന്റ് ശ്രീ. ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ചു. മണ്ണുത്തി മഹാത്മ സ്ക്വയറിൽ നിന്നും ആരംഭിച്ച മെയ്ദിന റാലി കെ എൽ എം മേഖല (ഫൊറോന) ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ അതിരൂപത പ്രസിഡന്റിനു കെ എൽ എം പതാക കൈമാറി ഉദ്ഘാടനം ചെയ്തു. ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് കെ.എൽ.എം. പതാക ഉയർത്തുകയും കമ്പനി ആശീർവദിക്കുകയും ചെയ്തു. കെ.എൽ.എം. പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയിൽ കൂടുതൽ അംഗങ്ങളെ ചേർത്തതിന് യൂണിറ്റുകൾക്ക് നല്കുന്ന സമ്മാനങ്ങളും മെയ്ദിനാഘോഷം സംഘടിപ്പിച്ച കമ്പനിയുടെ ഉടമ ശ്രീ വിൽസൺ കളപ്പുരക്കും മുഖ്യാതിഥികൾക്കും ആദരസൂചകമായി മെമന്റോയും ആർച്ച്ബിഷപ് വിതരണം ചെയ്തു. കെ.എൽ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാജു ആന്റണി, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ, തൃശ്ശൂർ പ്രാവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി, ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ, ഫാ. ജോളി ചിറമ്മൽ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം സ്നേഹവിരുന്നും ഉണ്ടായിരുന്നു. വിവിധ ഇടവക യൂണിറ്റുകളിൽ നിന്നായി ആയിരത്തിലധികം പ്രതിനിധികൾ പങ്കെടുത്തു.

2. സി.ബി.സി.ഐ. ഓഫീസ് ഫോർ ലേബറിന്റെ ഔദ്യോഗിക തൊഴിലാളി സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ കാരിത്താസ് ഇറ്റാലിയുടെ സഹായത്തോടെയും കേരള ലേബർ മൂവ്മെന്റിന്റെ സഹകരണത്തോടെ പ്രളയദുരിതരായ 110 വനിത തൊഴിലാളികൾക്ക് നല്കിവരുന്ന സഹായത്തിന്റെ രണ്ടാം ഘട്ടമായി അവരുടെ കുട്ടികൾക്ക് വിദ്യഭ്യാസ സഹായമായ കിറ്റുകൾ വിതരണം ചെയ്തു. 2019 മെയ് 25ന് തൃശൂർ പാസ്റ്ററൽ സെന്ററിൽ കൂടിയ യോഗം കെ.എൽ.എം. മേഖല ഡയറക്ടർ കൂടിയായ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ജോസ് മാടാനി

അദ്ധ്യക്ഷത വഹിച്ചു. കെ.എൽ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാജു ആന്റണി മുഖ്യ സന്ദേശം നല്കി.

3. കേരള ലേബർ മൂവ്മെന്റ് തൃശൂർ മേഖല സമ്മേളനം ജൂൺ 8 ന് തൃശൂർ അതിരൂപതയുടെ സ്ഥാപനമായ നെസ്റ്റ് ഡിഅഡിക്ഷൻ സെന്ററിൽ സംഘടിപ്പിച്ചു. തൃശൂർ, പാലക്കാട്, ഇരിഞ്ഞാലക്കുട രൂപതകളിൽ നിന്നും 24 പ്രതിനിധികൾ പങ്കെടുത്തു. സംസ്ഥാന ഡയറക്ടർ ഫാ. പ്രസാദ് കണ്ടത്തിപ്പറമ്പിൽ, പ്രസിഡന്റ് ശ്രീ. ഷാജു ആന്റണി, വനിത ഫോറം സംസ്ഥാന പ്രസിഡന്റ് ശ്രീമതി മോളി ജോബി എന്നിവർ പങ്കെടുത്തു.

4. ഫാ. ജെനേസിയൂസ് അനുസ്മരണവും സെമിനാറും: അവിഭക്ത തൃശൂർ രൂപതയിലെ തൊഴിലാളി സംഘടനയായി രൂപപ്പെടുകയും പിന്നീട് കേരളം മുഴുവൻ ജാതി, മത, വർണ, വർഗ വ്യത്യാസമില്ലാതെ എല്ലാവർക്കും ഉപകാരപ്രദമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ട് കേരള സമൂഹത്തിൽ സ്ഥാനം പിടിച്ചിരിക്കുന്ന പ്രസ്ഥാനമായ കേരള ലേബർ മൂവ്മെന്റിന്റെ സ്ഥാപകനും ആദ്യ ഡയറക്ടറുമായ ജെനേസിയൂസ് അച്ചന്റെ അനുസ്മരണവും സെമിനാറും നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ പള്ളിഹാളിൽ സംഘടിപ്പിച്ചു. തൃശൂർ അതിരൂപത വികാരി ജനറൽ മോൺ. ജോസ് വല്ലൂരാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. തൊഴിലാളിക്ക് ന്യായമായ വേതനം നല്കാതിരിക്കുന്നത് ദൈവസന്നിധിയിൽ നീതീകരണം ലഭിക്കാത്ത തിൻമയാണ് എന്ന തിരുസഭയുടെ പഠനം ഓർമപ്പെടുത്തിക്കൊണ്ട് തൊഴിലാളിക്കും തൊഴിലുടമക്കും തൊഴിലിനും തുല്യ പ്രാധാന്യം നല്കി തൊഴിൽ സംസ്കാരത്തെ നവീകരിക്കണമെന്ന് അദ്ദേഹം ഉദ്ഘാടന സന്ദേശത്തിൽ വ്യക്തമാക്കി. തലോരിൽ നിന്നും ഈ ചരിത്രത്തിന്റെ ഓർമകളുമായി ഇന്നും ജീവിക്കുന്ന ശ്രീ. ദേവസ്സി മാസ്റ്റർ ഫാദർ ജെനേസിയൂസ് അനുസ്മരണ പ്രഭാഷണം നിർവഹിച്ചു. കെ.എൽ.എം. അതിരൂപത പ്രസിഡന്റ് ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ചു. ഫാ. റാഫേൽ വടക്കൻ, ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ, ശ്രീമതി മോളി ജോബി, ആന്റോ പോൾ, ശ്രീ ജോയ് മാളിയേക്കൽ, ഡേവിസ് തെക്കേകര, സെബാസ്റ്റ്യൻ കെ.വി, വിൽസൺ മുത്തുപീടിക, ഷാജു എം.ജെ. ജോസഫ് വെള്ളിയാംകുളം എന്നിവർ സംസാരിച്ചു. ''മണ്ണിന് കൂടുതൽ വായുസഞ്ചാരം ഉറപ്പുനല്കുന്നതിൽ മണ്ണിര സംരക്ഷണത്തിന്റെ പ്രസക്തിയും മണ്ണിര കമ്പോസ്റ്റിന്റെ നിർമാണവും" എന്ന വിഷയത്തിലും "വിഷലിപ്തമായ ഇന്നത്തെ പ്രകൃതിയിൽ മഴവെള്ളം സംഭരിച്ച് ഭൂമിയിൽ നിക്ഷേപിക്കേണ്ടതിന്റെ പ്രസക്തി'' എന്ന വിഷയത്തിലും സെമിനാറുകൾ നടത്തി. തൃശൂരിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 175 പേർ പരിശീലനത്തിൽ പങ്കെടുത്തു.

5. അന്തർ ദേശീയ ഗാർഹിക തൊഴിലാളി ദിനാചരണം: കേരള ലേബർ മൂവ്മെന്റിന്റെ തൊഴിലാളി സംഘടനയായ കേരള ഗാർഹിക തൊഴിലാളി ഫോറത്തിന്റെ (KDWF) തൃശൂർ പ്രാദേശിക സമിതിയുടെ ആഭിമുഖ്യത്തിൽ തൃശൂർ പാസ്റ്ററൽ സെന്ററിൽ മാർ ജോസഫ് കുണ്ടുകുളം ഹാളിൽ 2019 ജൂൺ 16, ഞായറാഴ്ച അന്തർ ദേശീയ ഗാർഹിക തൊഴിലാളി ദിനാചരണം ആഘോഷമായി നടത്തപ്പെട്ടു. തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായ ഡോ. മേരി റെജീന ഉദ്ഘാടനം ചെയ്തു. മാന്യമായ തൊഴിലിനായി ഗാർഹിക തൊഴിലാളികളുടെ സഹകരണം ഉറപ്പുവരുത്തി ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുകയാണെങ്കിൽ തൊഴിലാളികൾ അവരുടെ സാമൂഹ്യനീതിയിൽ മുന്നേറുമെന്ന് അദ്ദേഹം ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. തൃശ്ശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റ് തൃശൂർ ജില്ലയിലുള്ള ഗാർഹിക തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനങ്ങൾ നടത്തുകയും അവരുടെ ശക്തീകരണത്തിനായി സംഘടിപ്പിക്കുകയും ചെയ്യുന്നതാണെന്ന് സമ്മേളനത്തിൽ സംബന്ധിച്ച് കെ.എൽ.എം. തൃശൂർ പ്രസിഡന്റ് ശ്രീ. ജോസ് മാടാനി പ്രഖ്യാപിച്ചു. കേരള ഗാർഹിക തൊഴിലാളി ഫോറം തൃശൂർ ജില്ല പ്രസിഡന്റ് മോളി വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ഡെയ്സി പ്രൻസ്, കെ.എൽ.എം. തൃശ്ശൂർ അതിരൂപത ഡയറക്ടർ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ, കെ.എൽ.എം. വനിതഫോറം സംസ്ഥാന പ്രസിഡന്റ് മോളി ജോബി, എം.എൽ. ഗ്രെയ്സി, ആന്റോ പോൾ, മേരി പൊറിഞ്ചു എന്നിവർ സംസാരിച്ചു. സമ്മേളനത്തിൽ തൃശൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും ഗാർഹിക തൊഴിലാളികളായ അംഗങ്ങൾ പങ്കെടുത്തു.

6. കെ.എൽ.എം. പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കുവാൻ കെ.എൽ.എം. യൂണിറ്റുകൾക്കു പുറമെ വ്യക്തികൾക്കും സാധിക്കുന്നതാണ്. അങ്ങിനെ കെ.എൽ.എം അംഗങ്ങൾ ആരെങ്കിലും മുന്നോട്ടു വരികയാണെങ്കിൽ അവർക്ക് ന്യായമായ വേതനം നല്കുന്നതാണ്. അങ്ങിനെ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ കെ.എൽ.എം. അതിരൂപത ഓഫീസുമായി ബന്ധപ്പെടുകയും ഐഡന്റിറ്റി കാർഡ് വാങ്ങേണ്ടതുമാണ്. ഇങ്ങനെ പദ്ധതിയുടെ നടത്തിപ്പുമായി സഹകരിക്കുവാൻ മുന്നോട്ടു വരുന്നവർക്കും കെ.എൽ.എം. യൂണിറ്റു പ്രസിഡന്റുമാർക്കുമായി ആസ്റ്റ് 11 ന് ഒരു പരിശീലന സെമിനാർ സംഘടിപ്പിക്കുന്നതാണ്. പദ്ധതിയിൽ ചേരുവാൻ ആഗസ്റ്റ് ഒന്നുമുതൽ പുതുക്കിയ ഫോമാണ് ഉപയോഗിക്കേണ്ടത്. പുതുക്കിയ ഫോമനുസരിച്ച് അപകട മരണാനന്തര സഹായം ലഭിക്കുവാൻ ഒറിജിനൽ രേഖകൾ സമർപ്പിക്കേണ്ടതാണ്. കെ.എൽ.എം. ജനറൽ ബോഡിയുടെ അംഗീകാരത്തോടു കൂടി നടപ്പാക്കുവാൻ കെ.എൽ.എം. അതിരൂപത

എക്സിക്യൂട്ടീവ് തീരുമാനിച്ചിരിക്കുന്ന മരണാനന്തര സഹായ ഫണ്ട് കെ.എൽ.എം. പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയുടെ ആഭിമുഖ്യത്തിൽ നടത്തുവാനും തീരുമാനിച്ചു.

7. പുതിയ യൂണിറ്റുകൾ: മുക്കാട്ടുകര, പതിയാരം, വെളുത്തൂർ എന്നീ ഇടവകകളിൽ കെ.എൽ.എം.ന് പുതിയ യൂണിറ്റുകൾ രൂപീകരിച്ചു. കെ.എൽ.എം. അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ യൂണിറ്റു സന്ദർശനം നടന്നുകൊണ്ടിരിക്കുന്നു. യൂണിറ്റുകളുടെ അതിരൂപത അഫിലിയേഷൻ പുതുക്കാത്തവ ഉണ്ടെങ്കിൽ ഉടൻ അതു ചെയ്യേണ്ടതാണ്. തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന യൂണിറ്റുകൾ അതിരൂപത നേതൃത്വത്തെ അറിയിക്കേണ്ടതാണ്. കെ.എൽ.എം.ന്റെ നേതൃത്വത്തിൽ ഒരു ഇടവകയിൽ മൂന്ന് തൊഴിലാളി ഫോറങ്ങളെങ്കിലും ആരംഭിച്ച് പ്രവർത്തനങ്ങൾ തുടങ്ങിവയ്ക്കേണ്ടതാണ് എന്ന് ഒരിക്കൽ കൂടി ഓർമപ്പെടുത്തുന്നു.

8. തൃശ്ശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റ് അർദ്ധവാർഷിക ജനറൽ ബോഡി യോഗം 28/07/2019 ഞായറാഴ്ച വടൂക്കര ലിറ്റിൽ ഫ്ളവർ ചർച്ച് ഹാളിൽ സംഘടിപ്പിച്ചു. ഗവൺമെന്റ് ചീഫ് വിപ് അഡ്വ. കെ രാജൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സാമൂഹികവും സാമ്പത്തികവുമായി അവശത അനുഭവിക്കുന്ന അസംഘടിതരായ തൊഴിലാളികൾക്ക് വേണ്ടി സർക്കാർ നടത്തി വരുന്ന സാമൂഹ്യ സുരക്ഷ ഫണ്ടുകൾ ഏറ്റവും താഴേതട്ടുകളിലുള്ള തൊഴിലാളികൾക്കിടയിൽ പ്രചരിക്കപ്പെടാതെ പോകരുത് എന്ന് അദ്ദേഹം പറഞ്ഞു. കെ.എൽ.എം. അതിരൂപത പ്രസ്ഡന്റ് ശ്രീ.ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ചു. ഫാ.മാത്യു വെട്ടത്ത്, അതിരൂപത കെ.എൽ.എം.ഡയറക്ടർ ഫാ.ജോർജ് തോമസ് നിരപ്പുകാലയിൽ തുടങ്ങിയവർ സംസാരിച്ചു.

9 കെ.എൽ.എം. അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ ഉന്നത വിജയം നേടിയവർക്ക് അവാർഡുകൾ നല്കി. കെ.എൽ.എം. പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളിലെ ഉന്നത വിജയം നേടിയ വിദ്ധ്യാർത്ഥികൾക്ക് തുടർപഠനത്തിന് സ്കോളർഷിപ്പും വിതരണം ചെയ്തു.

**ഫാ. നവീൻ മുരിങ്ങാത്തേരി**
അസി. ഡയറക്ടർ

**ഫാ. ജോർജ് നിരപ്പുകാലായിൽ**
ഡയറക്ടർ

**ജോസ് മാടാനി**
പ്രസിഡന്റ്



# PACT
## (PASTORAL ANIMATION & CO-ORDINATION TEAM)

**1. 2020 ലെ അജപാലന പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു.**

നമ്മുടെ അതിരൂപതയുടെ 2020 വർഷത്തേക്കുള്ള അജപാലന പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കുടുംബവും പ്രാർത്ഥനാജീവിതവും എന്നതാണ് 2020 ലെ അജപാലനശ്രദ്ധ പതിയേണ്ട പ്രത്യേക വിഷയം. ആന്തരികമായ നവീകരണം ഉണ്ടായാലെ വിശ്വാസ ജീവിതത്തിലും വളർച്ചയുണ്ടാകൂ. അതിനാൽ ഈ വിഷയത്തിൽ അതിരൂപതയുടെ സത്വര ശ്രദ്ധ പതിയേണ്ടതുണ്ട് എന്ന മൂന്നാം അസംബ്ലിയുടെ നിർദ്ദേശമനുസരിച്ചാണ് 2020 നമ്മുടെ പ്രാർത്ഥനാജീവിതത്തെ നവീകരിക്കാനുള്ള വർഷമായി സ്വീകരിക്കുന്നത്. ഈ ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുന്ന അജപാലന പദ്ധതി തയ്യാറാക്കി വരുന്നു.

കുടുംബവും പ്രാർത്ഥനാജീവിതവും എന്ന വിഷയം അതിരൂപതയുടെ അടിസ്ഥാന തലങ്ങൾ മുതൽ ചർച്ച ചെയ്യുമ്പോൾ ഈ വിഷയത്തിൽ നമ്മുടെ ദൈവജനത്തെ ബോധവൽക്കരിക്കാനും ഇടവകളിൽ ഈ വിഷയത്തിൽ ചെയ്യേണ്ട ചില പ്രവർത്തനങ്ങളെങ്കിലും അവരിൽ നിന്ന് ഉയർന്നുവരാനും ഇടയാകും. അത് അജപാലന പദ്ധതി ദൈവജനത്തിന്റെ പങ്കാളിത്തത്തോടെ തയ്യാറാക്കാൻ ബ. വികാരിയച്ചൻമാരേയും പാക്ട് അംഗങ്ങളേയും സഹായിക്കും. അതിനായി എല്ലാ ഇടവകളിലും സംഘടനകളിലും പ്രസ്ഥാനങ്ങളിലും കുടുംകൂട്ടിയ്മകളിലും 2020 ലെ അജപാലന പദ്ധതിയുടെ പ്രധാനവിഷയമായ കുടുംബവും പ്രാർത്ഥനാജീവിതവും എന്ന വിഷയത്തെക്കുറിച്ച് സപ്തംബർ മാസത്തിൽ ചർച്ച ചെയ്യേണ്ടതാണ് എന്ന് അഭിവന്ദ്യ മെത്രാപ്പോലീത്ത ആഹ്വാനം ചെയ്തു.

അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത, അതിരൂപത പാക്ട് എക്സിക്യൂട്ടിവിന്റെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട്, 2020 ലെ അജപാലന പദ്ധതിയുടെ കരടുരൂപം തയ്യാറാക്കാൻ, അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ നേതൃത്വത്തിൽ പ്രൊഫ. മേരി റജീന, പ്രൊഫ. ഇഗ്നേഷ്യസ് ആന്റണി, സി. ക്രിസ്‌ലിൻ സി. എം. സി., സി. വന്ദന സി. എച്ച്. എഫ്., ഫാ. വർഗ്ഗീസ് കൂത്തൂർ, ഫാ. സൈജോ തൈക്കാ

ട്ടിൽ, ഫാ. സാജൻ പിണ്ടിയാൻ (കോർഡിനേറ്റർ) എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു. വ്യക്തിപരമായ പഠനത്തിനും വിചിന്തനത്തിനും പുറമേ, മേൽ പറഞ്ഞ കമ്മിറ്റി ഇതുവരെ 5 തവണ സമ്മേളിച്ച് "കുടുംബവും പ്രാർത്ഥനാജീവിതവുമായി" ബന്ധപ്പെട്ട് എന്ന മൂന്നാം അതിരൂപതാ അസംബ്ലി നല്കിയ നിർദ്ദേശങ്ങൾപഠിക്കുകയും ചർച്ചചെയ്യുകയും ചെയ്തു. പ്രസ്തുത നിർദ്ദേശങ്ങളെ പരസ്പരബന്ധിതമായ 4 പ്രത്യേക ശ്രദ്ധാമേഖലകളായി (Focus Areas) തിരിച്ചു - 1. കുടുംബപ്രാർത്ഥന, 2. വിശുദ്ധ കുർബാനയും കുമ്പസാരവും, 3. ദൈവവചനവായനയും ധ്യാനവും, 4. പ്രവർത്തനാധിഷ്ഠിത ആത്മീയത. ഈ നാല് പ്രത്യേക ശ്രദ്ധാമേഖലകളെ കേന്ദ്രീകരിച്ചാണ് 2020 ലെ അജപാലനപദ്ധതി തയ്യാറാക്കുന്നത്. മുൻവർഷത്തെപ്പോലെ നാല് തലങ്ങളിലായി (കുടുംബം, ഇടവക, ഫൊറോന, അതിരൂപത) അടിസ്ഥാനപ്രവർത്തനങ്ങളും ഉപപ്രവർത്തനങ്ങളും നിർദ്ദേശിക്കുന്നു.

**2. വൈദിക-സമർപ്പിത-അല്മായ പ്രതിനിധി സമ്മേളനം**

അതിരൂപതയുടെ 2020ലെ അജപാലന പദ്ധതി ചർച്ച ചെയ്യാൻ 2019 ആഗസ്റ്റ് 17 ശനിയാഴ്ച്ച, രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 1, 15 വരെ വൈദിക-സമർപ്പിത-അല്മായ പ്രതിനിധികളുടെ സമ്മേളനം ചേർന്നു. ഫൊറോനകളിൽ നിന്നുള്ള വൈദിക പ്രതിനിധികൾ, പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുത്ത അല്മായ പ്രതിനിധികൾ, സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ്, പാക്ട് ഫൊറോന കൺവീനർമാർ, പാക്ട് എക്സിക്യൂട്ടിവ് അംഗങ്ങൾ, അതിരൂപത ക്യൂരിയ അംഗങ്ങൾ എന്നിവർ അഭിവന്ദ്യ പിതാക്കൻമാരുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി. അജപാലനആസൂത്രണത്തിന് വരും വർഷങ്ങളിൽ കൂടുതൽ പ്രാധാന്യം നല്കണമെന്ന് ആഹ്വാനം ചെയ്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത, അതിരൂപതയുടെ അജപാലനആസൂത്രണ പ്രക്രിയയിൽ പങ്കുകായിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും നന്ദിയറിയിച്ചു. 2020 ലെ അജപാലന പദ്ധതിയുടെ കരടുരൂപം, ബ. ഫാ. സാജൻ പിണ്ടിയാൻ അവതരിപ്പിച്ചു. തുടർന്ന്, ഗ്രൂപ്പ് ചർച്ചകളായിരുന്നു. അജപാലന പദ്ധതിയിലെ ഓരോ പ്രവർത്തനവും വിലയിരുത്തി അംഗങ്ങൾ സംസാരിച്ചു. ഗ്രൂപ്പു ചർച്ചകളിലെ അഭിപ്രായങ്ങൾ, പൊതുസമ്മേളനത്തിൽ അവതരിപ്പിച്ചു. പൊതു ചർച്ചകൾക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ നേതൃത്വം നല്കി. അതിരൂപത അസംബ്ലിയുടെ ചെറുരൂപമാണ് ഇവിടെ സമ്മേളിച്ചിരിക്കുന്നതെന്നും അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. സമ്മേളനത്തിൽ വന്ന നിർദ്ദേശങ്ങൾ അജപാലന പദ്ധതിയുടെ രൂപീകരണത്തിൽ ഉൾപ്പെടുത്തുന്നതാണ്.

**ഫാ. സൈജോ തൈക്കാട്ടിൽ**
സെക്രട്ടറി



# പൊതു അറിയിപ്പുകൾ

**1. സെന്റ് മേരീസ് ധ്യാനകേന്ദ്രം, പഴുവിൽ**

തൃശ്ശൂർ ആബാ ധ്യാനകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പഴുവിൽ സെന്റ് മേരീസ് ധ്യാനകേന്ദ്രത്തിൽ 2019 ആഗസ്റ്റ് 11 ഞായർ വൈകിട്ട് 5ന് ആരംഭിച്ച് 14 ബുധൻ 1 മണി താമസിച്ചു പങ്കെടുക്കുന്ന "ദൈവരാജ്യാനുഭവധ്യാനം" ഉണ്ടായിരിക്കും. ധ്യാനത്തിന് ഫീസില്ല. പരമാവധി 60 പേർക്കുമാത്രം പങ്കെടുക്കാൻ കഴിയുന്ന ധ്യാനത്തിനായി സാധിക്കുമെങ്കിൽ മുൻകൂട്ടി ബുക്ക് ചെയ്ത് പങ്കെടുക്കുക. എസ്.എം. ആർ. സി. ടീം ധ്യാനം നയിക്കുന്നു. ബുക്കിംഗിനായി വിളിക്കേണ്ട നമ്പർ: 0487 2272580; 8289808506

**2. ബധിര–മൂക പ്രേഷിതത്വം**

ബധിര–മൂകർക്ക് എല്ലാ രണ്ടാം ശനിയാഴ്ചകളിലും ദൈവശാസ്ത്ര പഠനം (ആരാധനക്രമം, ബൈബിൾ, തിരുസ്സഭാചരിത്രം) തൃശ്ശൂർ ബസിലിക്ക മാതാനികേതൻ ഹാളിൽ വച്ച് രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ നടത്തുന്നു. അതിരൂപതയിലെ ടീച്ചിംഗ് ടീം രൂപീകരിക്കാനാണിത്. എല്ലാ രണ്ടാം ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ ബധിര–മൂക കൂട്ടായ്മയുണ്ട്. ക്ലാസ്സുകൾക്കും ചർച്ചകൾക്കും ശേഷം കുമ്പസാരവും കുർബാനയും ഉണ്ടായിരിക്കും. അതിരൂപതയിൽ ബധിര–മൂകരായവരെ പ്രസ്തുത പരിപാടികളിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ. ബധിര–മൂകരുടെ വിവരശേഖരണത്തിലും ബഹു. വൈദികർ പ്രത്യേക താത്പര്യം എടുക്കുമല്ലോ. പേര്, അഡ്രസ്സ്, ഫോൺ, പ്രായം, വിദ്യാഭ്യാസം എന്നിവ താഴെ പറയുന്ന അഡ്രസ്സിൽ നൽകേണ്ടതാണ്.

**ഫാ. ജോർജ്ജ് തേർമഠം**

ക്രൈസ്റ്റ് വില്ല, രാമവർമ്മപുരം – 680 631, ഫോൺ: 9947722922




തോളൂർ
സെന്റ് അൽഫോൻസ
ദൈവാലയത്തിലെ
നവീകരിച്ച അൾത്താര
വെഞ്ചിരിപ്പ്
(മാർ ആൻഡ്രൂസ് താഴത്ത്
-12.07.2019)





പുള്ള്
സെന്റ് ആന്റണീസ്
ദൈവാലയത്തിലെ
നവീകരിച്ച അൾത്താര
വെഞ്ചിരിപ്പ്
(മാർ പോൾ ആലപ്പാട്ട്
-24.07.2019)



Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.08.2019
**August- 2019**



സെന്റ് മേരീസ് മൈനര്‍ സെമിനാരിയില്‍ നടന്ന വൈദിക ജൂബിലി ആഘോഷം (2019 ആഗസ്റ്റ് 5)

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor